
# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2021 നവംബർ 25 | ദീപം 54 | നാളം 34 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# ഇന്ധനവില

## പിന്നാമ്പുറത്തെ കള്ളക്കളികൾ !




പി.സി. സിറിയക്




പെട്രോൾ/ഡീസൽ വില എങ്ങനെ കുറച്ചുകൊണ്ടുവരാൻ കഴിയും? കേരളമെങ്ങും ചൂടുപിടിച്ച ചർച്ചകളുടെ വിഷയമാണിത്. കേന്ദ്ര, സംസ്ഥാന നികുതിനിരക്കുകളെപ്പറ്റിയാണ് എല്ലാവരും പറയുന്നത്. ക്രൂഡോയിലിന് 140 ഡോളർ വിലയുണ്ടായിരുന്നപ്പോൾ 70 രൂപയ്ക്ക് പെട്രോൾ വാങ്ങിയ നമ്മൾ,ഇന്ന് ക്രൂഡോയിലിന്റെവില പകുതിയായി നിൽക്കുമ്പോൾ പെട്രോൾ വാങ്ങുന്നത് 103 രൂപയ്ക്ക്! നികുതിനിരക്കുകൾ കുറയണം; ഒരു സംശയവുമില്ല.

പക്ഷേ, കേന്ദ്ര-സംസ്ഥാന നികുതികൾ കുറയ്ക്കാതെതന്നെ നയപരമായ ചില തീരുമാനങ്ങളെടുക്കാൻ കേന്ദ്രസർക്കാർ തയ്യാറായാൽ പെട്രോൾ വില ലിറ്ററിന് 30 രൂപയെങ്കിലും കുറയ്ക്കാൻ കഴിയും. അതിനുപുറമേ നികുതിയുടെ കാര്യത്തിൽ ചെറിയ കുറവു വരുത്താൻ കേന്ദ്രം മനസ്സുവച്ചാൽ ലിറ്ററിന് 50 രൂപയെങ്കിലും വില കുറയ്ക്കാൻ സാധിക്കും. അതു ജനങ്ങൾക്കു വലിയ ആശ്വാസം പകരും. കൊവിഡിന്റെ പീഡനം കഴിഞ്ഞ് മെല്ലെ ഉയർത്തെണീൽക്കുന്ന സമ്പദ്‌വ്യവസ്ഥയ്ക്ക് അതു വലിയ ഉത്തേജനമരുന്നായി ഭവിക്കുകയും ചെയ്യും. ഈ വിലക്കുറവ് എങ്ങനെ നേടിയെടുക്കാൻ കഴിയും?

ഓരോ ദിവസവും പെട്രോൾ വില നിർണയിക്കാനുള്ള അധികാരം കേന്ദ്രസർക്കാർ മൂന്നു പൊതുമേഖലാ എണ്ണക്കമ്പനികളെ ഏല്പിച്ചിരിക്കുകയാണല്ലോ. അവർ എണ്ണവില ഓരോ ദിവസവും എങ്ങനെ നിർണയിക്കുന്നുവെന്ന് അന്വേഷിക്കുമ്പോൾ കിട്ടുന്ന വിവരം ഇതാണ്: അടിസ്ഥാനവില 40 രൂപ, കേന്ദ്രനികുതി 35 രൂപ, ഡീലർ കമ്മീഷൻ 03.88 രൂപ, ആകെ തുക 78.88 രൂപ. ഈ തുകയിന്മേൽ സംസ്ഥാനത്തിന്റെ നികുതി 25 രൂപ, ആകെ 103.88 രൂപ.

ഇവിടെ അടിസ്ഥാനവിലയെന്നു പറയുന്നത് ക്രൂഡിന്റെ വില, അത് റിഫൈനറിയിൽ എത്തിക്കാനുള്ള ചെലവ്, ശുദ്ധീകരണച്ചെലവ്, മാർക്കറ്റിങ് വിഭാഗത്തിന്റെ ചെലവുകളും ലാഭവും ഉൾപ്പെടുന്ന വിലയായിരിക്കും എന്നാണു നാം കരുതുന്നത്. പക്ഷേ, ഈ അടിസ്ഥാനവില അവർ കണക്കാക്കുന്നത് ഇങ്ങനെയല്ല.

ഇതു നിർണയിക്കുന്നത് ലണ്ടനിലെയും ടോക്കിയോവിലെയും വിപണികളിൽ ശുദ്ധീകരിക്കപ്പെട്ട പെട്രോളിന്റെ വില്പനവില, അതു വാങ്ങി ഇൻഡ്യയിലെത്തിക്കാനുള്ള കപ്പൽക്കൂലി, ഇൻഡ്യൻ തുറമുഖത്തെ ചെലവുകൾ, ഇറക്കുമതിച്ചുങ്കം, തുറമുഖത്തുനിന്നു റിഫൈനറിയിൽ എത്തിക്കാനുള്ള ചാർജ്, ഇവയെല്ലാംകൂടി കണക്കുകൂട്ടി ലഭിക്കുന്ന വിലയാണ്. Trade Parity Price (TPP)എന്നു പറയുന്ന ഈ വിലയാണ്, നമ്മുടെ എണ്ണക്കമ്പനികളുടെ കണക്കിലെ 'അടിസ്ഥാനവില'.

**ലണ്ടനിലെ മാർക്കറ്റിലെ ശുദ്ധീകരിച്ച പെട്രോളിന്റെ വിലയെ അടിസ്ഥാനപ്പെടുത്തി ഇവിടെ വില നിർണയിക്കുന്ന സമ്പ്രദായം ഉപേക്ഷിക്കുക. നമ്മുടെ എണ്ണക്കമ്പനികൾ തമ്മിൽ മത്സരിക്കട്ടെ. ഓരോ കമ്പനിയുടെയും റിഫൈനറിയുടെ വലുപ്പം, അവിടുത്തെ ടെക്നോളജിയുടെ കാര്യക്ഷമത, യന്ത്രസാമഗ്രികളുടെ പ്രവർത്തനക്ഷമത, മാനേജർമാരുടെ മിടുക്ക്, തൊഴിലാളികളുടെ കഴിവും ആത്മാർത്ഥതയും, അഴിമതി, ധൂർത്ത് മുതലായവ ഒഴിവാക്കൽ എന്നിങ്ങനെയുള്ള നിരവധി വിഷയങ്ങളിൽ കമ്പനികൾ തമ്മിലുള്ള ആരോഗ്യകരമായ മത്സരം വലിയ മുന്നേറ്റമുണ്ടാക്കും.**

യുക്തിഹീനമായ ഈ നടപടിക്രമം ഉപേക്ഷിച്ചിട്ട് ഓരോ കമ്പനിയും അവരവരുടെ യഥാർത്ഥ ഉത്പാദനച്ചെലവു കണക്കാക്കി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി ഉത്പാദനച്ചെലവു കുറച്ചുകൊണ്ടുവരാൻ ശ്രമിക്കുകയും അതനുസരിച്ച് അടിസ്ഥാനവില നിർണയിക്കുകയുമാണു വേണ്ടത്. ഇന്ന് പെട്രോൾ വില നിശ്ചയിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത് ഐ.ഒ.സി. (ഇൻഡ്യൻ ഓയിൽ), ബി.പി.സി.എൽ., (ഭാരത് പെട്രോളിയം), എച്ച്.പി.സി.എൽ. (ഹിന്ദുസ്ഥാൻ പെട്രോളിയം) എന്നീ പൊതുമേഖലക്കമ്പനികളാണ്. ഇവരുടെ പ്രവർത്തനങ്ങളിൽ ഒട്ടും സുതാര്യതയില്ല. വളരെ ഉയർന്ന ശമ്പളനിലവാരവും മറ്റനേകം സൗകര്യങ്ങളും സൗജന്യങ്ങളുമാണ് ജീവനക്കാരും മുകൾത്തട്ടിലെ മാനേജ്മെന്റ് ഉദ്യോഗസ്ഥരും നേടിയെടുത്തിട്ടുള്ളത്. വളരെയധികം ധൂർത്തും കെടുകാര്യസ്ഥതയും ക്രമക്കേടുകളും അഴിമതിയും അവിടെയുണ്ട്. പല കാര്യങ്ങളിലും മന്ത്രിയുടെയും മന്ത്രാലയത്തിന്റെയും നിർദേശമനുസരിച്ചു പ്രവർത്തിക്കുന്ന 'യേസ്-മെൻ' ആണ് മുകളിലുള്ള മിക്കവരും. ഇവരുടെ ചെലവു കുറയ്ക്കാനോ, കാര്യക്ഷമത ഉയർത്താനോ, ധൂർത്ത് ഒഴിവാക്കാനോ അവരുടെമേൽ യാതൊരു സമ്മർദവും ഇന്നില്ല. ഈ മൂന്നു കമ്പനികളുംകൂടി യോജിച്ച് അവരുടെ എല്ലാ പോരായ്മകളും പുറത്തുവരാത്ത രീതിയിൽ ഉയർന്ന വില നിശ്ചയിച്ച് അതു പ്രഖ്യാപിക്കുന്നു. അതിന്റെ പുറത്ത് കേന്ദ്ര, സംസ്ഥാന നികുതികൾകൂടിയാകുമ്പോൾ നാം പെട്രോളിന് 100 രൂപയ്ക്കുമേൽ വിലക്കൊടുത്തു വാങ്ങേണ്ടിവരുന്നു.

പെട്രോളിന്റെയും ഡീസലിന്റെയും വില ഉയരുന്നതോടെ, സർവസാധനങ്ങളുടെയും സേവനങ്ങളുടെയും വില ഉയരുന്നു. സാധാരണക്കാരന്റെ കുടുംബബജറ്റിന്റെ താളം തെറ്റുന്നു. സമ്പദ്ഘടനയും നിശ്ചലാവസ്ഥയിലാകുന്നു. ഈ ദയനീയാവസ്ഥയ്ക്കു മാറ്റം വരാൻ ആദ്യം ചെയ്യേണ്ടത് കേന്ദ്രസർക്കാർ അതിന്റെ നയം മാറ്റുകയാണ്.


▶12

# മണിയംകുന്നിലെ മാണിക്യം

## സിസ്റ്റർ മേരി കൊളേത്ത ഇനി ദൈവദാസി



സി. ആൻസീന എഫ്.സി.സി.



"വിശുദ്ധമായവ വിശുദ്ധിയോടെ ചെയ്യുന്നവർ വിശുദ്ധരാകും" (ജ്ഞാനം 6:10).

കാലാതീതമായ കരുത്തുറ്റ സംഭാവനകളെക്കാൾ കറയില്ലാത്ത ജീവിതത്തിന്റെ വിശുദ്ധ സൗരഭ്യമാണ് സിസ്റ്റർ മേരി കൊളേത്തയെ ആകർഷണീയയാക്കുന്നത്. ജീവിതത്തിന്റെ മനോഹാരിത ആത്മാവിന്റെ ലാവണ്യമാണെന്ന ബോധ്യത്തോടെ ദൈവം ദാനമായി നൽകിയ ജീവിതം അവൾ അനശ്വരമാക്കി. ജീവിതത്തിന്റെ നീറുന്ന അനുഭവങ്ങളിൽപ്പോലും ദൈവഹിതം ദർശിച്ച് സഹനമാകുന്ന നെയ്‌വിളക്കിൽ തെളിഞ്ഞുപ്രകാശിച്ച ദീപനാളമാണ് മണിയംകുന്നിലെ മാണിക്യം എന്നു വിശേഷിപ്പിക്കപ്പെടുന്ന ഈ പുണ്യകന്യക.

ചേർപ്പുങ്കൽ ആരംപുളിക്കൽ ഔസേപ്പ് - അന്നമ്മ ദമ്പതികളുടെ നാലു മക്കളിൽ മൂന്നാമത്തെ സന്താനമായി 1904 മാർച്ച് 13-ാം തീയതി കൊളേത്താമ്മ ജനിച്ചു. ഏഴാം ദിവസം മാതൃ ഇടവകയായ കുടല്ലൂർ പള്ളിയിൽ മറിയം എന്ന പേരിൽ മാമ്മോദീസാ സ്വീകരിച്ചു. 1911 ൽ മുത്തോലി സ്കൂളിൽ അവൾ തന്റെ പ്രാഥമിക വിദ്യാഭ്യാസം ആരംഭിച്ചു. എട്ടാമത്തെ വയസ്സിൽ പ്രഥമദിവ്യകാരുണ്യസ്വീകരണം. അധികം താമസിയാതെ മാർ കുര്യാളശ്ശേരിപ്പിതാവിൽ നിന്നു സ്ഥൈര്യലേപനം സ്വീകരിച്ചു. വിശ്വാസത്തിലും വ്യക്തിത്വത്തിലും ആത്മീയതയിലും അവൾ ആഴപ്പെട്ടു വളർന്നു.

ഒൻപതാം വയസ്സിൽ മാതാവിന്റെ വിയോഗം വീട്ടിലെ മൂത്ത പെൺകുട്ടിയെന്ന നിലയിൽ കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങൾ അവളുടെ ചുമലിലായി. ഉള്ളിൽ മന്ത്രിക്കുന്ന ദൈവവിളിയുടെ സ്വരം കേൾക്കുന്നുണ്ടായിരുന്നെങ്കിലും സഹോദരങ്ങളെ ഒരു നിലയിലുമാക്കാതെ കണ്ണുമടച്ച് ഇറങ്ങിത്തിരിക്കാൻ അവൾക്കു മനസ്സു വന്നില്ല. ഒരു സന്ന്യാസിനിയാകണമെന്ന ആഗ്രഹത്തോടെ ഏറെ വൈകിയാണെങ്കിലും 21-ാമത്തെ വയസ്സിൽ 1925 ൽ വി.എസ്.എൽ.സി. പാസായി. വാകമല, ആനിക്കാട് സ്കൂളുകളിൽ അധ്യാപികയായി ജോലി ചെയ്തു. 1932 ൽ മണിയംകുന്ന് സ്കൂളിൽ അധ്യാപികയായി നിയമിക്കപ്പെട്ടു. ഗതാഗതസൗകര്യം കുറവായിരുന്നതിനാൽ ഈ കാലയളവിൽ മണിയംകുന്നിലെ ക്ലാരമഠത്തിലാണ് അവൾ താമസിച്ചിരുന്നത്.

പാവപ്പെട്ടവരുടെ സഭയെന്നറിയപ്പെട്ടിരുന്ന ക്ലാരസന്ന്യാസിനികളുടെ അധ്വാനപൂർണവും ത്യാഗനിർഭരവുമായ ഭക്തജീവിതം അവളെ ആകർഷിച്ചു. ഭൗതികവീക്ഷണത്തിൽ ക്ലേശകരമാണെങ്കിലും ഇത് ആത്മീയാനന്ദം നിറഞ്ഞതാണെന്ന ബോധ്യത്തിലുറച്ച് 1932 ഒക്ടോബർ 4 ന് മഠത്തിൽ ചേരുകയും, 1933 സെപ്റ്റംബർ 11-ാം തീയതി ക്ലാരസഭാവസ്ത്രം സ്വീകരിച്ച് 1938 ഡിസംബർ 27 ന് നിത്യവ്രതവാഗ്ദാനത്തിലൂടെ തന്നെത്തന്നെ പൂർണമായി തന്റെ ആത്മനാഥനു സമർപ്പിക്കുകയും ചെയ്തു. ജീവിതത്തെ സഹനബലിയാക്കിയ വി. കൊള്ളേറ്റിന്റെ നാമം സ്വീകരിച്ച സി. മേരി കൊള്ളേറ്റിനോടും (സി. കൊളേത്താ) ദൈവം ഒരു സഹനബലിയാണ് ആവശ്യപ്പെട്ടത്.

കൊളേത്താമ്മ തന്റെ അധ്യാപനജീവിതവും സന്ന്യാസജീവിതവും സമ്യക്കായി ജീവിക്കുന്നതിനിടയിൽ 1942 ൽ റ്റി.ബി. എന്ന മഹാവ്യാധിക്കടിമയായി. അക്കാലത്ത് റ്റി.ബി. ചികിത്സയില്ലാത്ത ഒരു പകർച്ചവ്യാധിയായിരുന്നു. തന്മൂലം, മഠത്തിൽനിന്നു വേർപെട്ട് ആദ്യം കിഴക്കേത്തോട്ടം കുടുംബവക ഒരു കെട്ടിടത്തിലും പിന്നീട് ചിറയ്ക്കൽപുരയിടം കുടുംബവകകെട്ടിടത്തിലും അവിടെനിന്ന് മങ്ങാട്ടുതാഴെ മഠംവക കെട്ടിടത്തിലും താമസിക്കേണ്ടിവന്നു. സമൂഹജീവിതത്തിനുള്ള ആഗ്രഹത്തോടെ സന്ന്യാസജീവിതത്തിൽ പ്രവേശിച്ച അമ്മയ്ക്ക് ഏകാന്തവാസവും മഠത്തിൽനിന്നുള്ള വേർപാടും ഒറ്റപ്പെടലിന്റെ ദുഃഖവും ഏറെ വേദനയുളവാക്കുന്നതായിരുന്നു.

അപ്പോഴും, 'കർത്താവറിയാതെ എന്റെ ജീവിതത്തിൽ ഒന്നും സംഭവിക്കില്ലെ'ന്ന ബോധ്യവും 'തന്റെകൂടെ കർത്താവുണ്ടെ'ന്നുള്ള വിശ്വാസവും, 'ഇതാ കർത്താവിന്റെ ദാസി' എന്ന മനോഭാവത്തോടെ ദൈവത്തിന്റെയും അധികാരികളുടെയും മുമ്പിൽ വിധേയപ്പെടാൻ കൊളേത്താമ്മയെ പ്രാപ്തയാക്കി. വി. കുർബാനയും മറ്റു കൂദാശകളും സ്വീകരിക്കാൻ സാധിക്കാത്ത അവസ്ഥ അമ്മയുടെ മനോവ്യഥ വർദ്ധിപ്പിച്ചു. മണിയംകുന്ന് ഇടവകയിലെ ബഹു. വൈദികരും ബഹു. കസിയാനോസ് സി.എം.ഐ. അച്ചനും പകർന്നുനല്കിയ ആത്മീയപോഷണം സ്വയപരിത്യാഗത്തിന്റെയും കുരിശെടുക്കലിന്റെയും പ്രായോഗികതലം വിവേചിച്ചറിയുവാൻ അമ്മയെ സഹായിച്ചു.

രോഗത്തിനു ശമനമുണ്ടായപ്പോൾ ദീർഘകാലത്തെ പ്രവാസത്തിനുശേഷം അഞ്ചു വർഷക്കാലം സ്വന്തം മഠത്തിൽ സംതൃപ്തമായ സമൂഹജീവിതം നയിക്കാൻ നല്ല നാഥൻ ഇടയാക്കി.

പിന്നീട്, മണിയംകുന്നിലെ പാണംകുളത്ത് മഠത്തിന്റേതായി പണിത രോഗീസദനത്തിൽ 1952 ഡിസംബർ 15 മുതൽ 1984 ഡിസംബർ 18 വരെ രോഗികളായ മറ്റു സഹോദരിമാരോടൊപ്പം സ്വജീവിതം ദൈവതൃക്കരങ്ങളിൽ സമ്പൂർണമായി സമർപ്പിച്ചു ജീവിച്ചു.

ദിവ്യകാരുണ്യനാഥനോടുള്ള ആഴമായ സ്നേഹം നിസ്സാരസഹായങ്ങളുടെ സഹോദരിയായിരുന്നുകൊണ്ട്, ശുദ്ധീകരണാത്മാക്കൾക്കും മിഷനറിമാർക്കും വേണ്ടി പരി. ദൈവമാതാവിന്റെ ജപമാലയും മാലാഖമാരോടുള്ള പ്രത്യേക ജപമാലയും ചൊല്ലി കാഴ്ചവയ്ക്കാൻ അമ്മയെ പ്രാപ്തയാക്കി. തന്റെ സന്ന്യാസസമൂഹാംഗമായിരുന്ന വി. അൽഫോൻസാമ്മയുടെ സഹനവിശുദ്ധിയുടെ ഔന്നത്യം കൊളേത്താമ്മയ്ക്കു സ്വർഗീയവഴികളിൽ പ്രചോദനമായിരുന്നു.

ജീവിതകാലത്ത് നിസ്സാരസഹായങ്ങൾ ഒത്തിരി സ്നേഹത്തോടെ ചെയ്ത് തന്റെ സഹോദരരെ സമ്പന്നമാക്കിയ ബഹു. കൊളേത്താമ്മ മരണശേഷം 'നിസ്സാരസഹായങ്ങളുടെ മധ്യസ്ഥ' എന്ന പേരിൽ ജനഹൃദയങ്ങളിൽ ജീവിക്കുന്നു.

*എഫ്.സി.സി. ഭരണങ്ങാനം അൽഫോൻസാ ജ്യോതി പ്രോവിൻസ് അസിസ്റ്റന്റ് പ്രോവിൻഷ്യാളാണ് ലേഖിക.*

## നാമകരണനടപടികൾക്ക് ഔദ്യോഗികമായ തുടക്കം

മണിയംകുന്ന്: പ്രാർത്ഥനാനിർഭരമായ അന്തരീക്ഷത്തിൽ പൂഞ്ഞാർ മണിയംകുന്ന് തിരുഹൃദയദൈവാലയത്തിൽ പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ മുഖ്യകാർമികത്വത്തിൽ നടന്ന സമൂഹബലിമധ്യേ സിസ്റ്റർ മേരി കോളേത്തയെ ദൈവദാസിയായി പ്രഖ്യാപിച്ചു. കൊളേത്താമ്മയെ ദൈവദാസിയായി ഉയർത്തുന്നതിനു മാർപാപ്പായുടെ അനുമതി ലഭിച്ചതായുള്ള ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതിയുടെ അറിയിപ്പും രൂപതാധ്യക്ഷന്റെ നാമകരണനടപടി വിജ്ഞാപനവും രൂപത ചാൻസലർ റവ. ഡോ. ജോസ് കാക്കല്ലിൽ വായിച്ചു.

സഭയുടെ തിളങ്ങുന്ന മാണിക്യമാണ് ദൈവദാസി സിസ്റ്റർ മേരി കൊളേത്തയെന്ന് ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് വചനസന്ദേശത്തിൽ പറഞ്ഞു. പാലാ രൂപതയ്ക്കും സീറോ മലബാർ സഭയ്ക്കും അഭിമാനത്തിന്റെ നിമിഷമാണ്. പറുദീസയിലെ നദികൾ സമീപമുള്ള തോട്ടങ്ങളെ ഫലപുഷ്ടിയാക്കിയതുപോലെ സിസ്റ്റർ കൊളേത്ത താമസിച്ച മണിയംകുന്നിലെ നാലു വീടുകളും വിശുദ്ധിയിലേക്കുള്ള വഴിതുറക്കുകയാണു ചെയ്തത്. തന്റെ സമർപ്പണജീവിതത്തിൽ ഫ്രാൻസീസ് അസീസിയോടും ക്ലാരപ്പുണ്യവതിയോടും ചേർന്ന്, ദൈവനിയോഗത്താൽ നേരിടേണ്ടിവന്ന കഠിനമായ ഏകാന്തതയുടെയും രോഗത്തിന്റെയും ഭയവും വേദനയും തിക്തതയുമെല്ലാം യാതൊരു വിഷമവുമില്ലാതെ സുകൃതങ്ങളുടെ പുണ്യപുഷ്പമാക്കി മാറ്റിയ പുണ്യവതിയായിരുന്നു കൊളേത്താമ്മയെന്നും മാർ ജോസഫ് കല്ലറങ്ങാട്ട് പറഞ്ഞു.



*സിസ്റ്റർ മേരി കൊളേത്തയുടെ ദൈവദാസിപ്രഖ്യാപനത്തോടനുബന്ധിച്ച് പാലാ രൂപതയിലെ മണിയംകുന്ന് തിരുഹൃദയപ്പള്ളി സിമിത്തേരിയിലെ കബറിടത്തിൽ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ കാർമികത്വത്തിൽ നടന്ന പ്രാർത്ഥനാശുശ്രൂഷയിൽനിന്ന്.*

രൂപത വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ, ചാൻസലർ റവ. ഡോ. ജോസ് കാക്കല്ലിൽ, കൊളേത്താമ്മയുടെ സഹോദരപുത്രൻ റവ. ഡോ. ജയിംസ് ആരംപുളിക്കൽ, മണിയംകുന്ന് പള്ളി വികാരി ഫാ. സിറിയക് കൊച്ചുകൈപ്പെട്ടിയിൽ എന്നിവർ സഹകാർമികരായിരുന്നു. സമൂഹബലിക്കുശേഷം പള്ളിയുടെ സെമിത്തേരിയിലുള്ള കൊളേത്താമ്മയുടെ കബറിടത്തിൽ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ മുഖ്യകാർമികത്വത്തിൽ പ്രാർത്ഥനാശുശ്രൂഷകളും നടന്നു. എഫ്സിസി പ്രൊവിൻഷ്യാൾ സിസ്റ്റർ ആനി കല്ലറങ്ങാട്ട് കൃതജ്ഞത പറഞ്ഞു. എഫ്.സി.സി. സുപ്പീരിയർ ജനറൽ സിസ്റ്റർ ലിറ്റി, പ്രൊവിൻഷ്യൽ സി. ആനി കല്ലറങ്ങാട്ട്, അസി. പ്രൊവിൻഷ്യൽ സി. ആൻസീന, വൈസ് പോസ്റ്റുലേറ്റർ സി. ആൻസീലിയ എന്നിവരടക്കം നിരവധി സന്ന്യാസിനികളും ഒട്ടേറെ അല്മായവിശ്വാസികളും ചടങ്ങിൽ പങ്കെടുത്തു.



# മഹാപ്രതിഭ

**ഗാനഗന്ധർവൻ കെ.ജെ. യേശുദാസ് പിന്നണി ഗായകനായി അരങ്ങേറിയിട്ട് നവംബർ 14 ന് അറുപതാണ്ടു തികഞ്ഞു.**

**'ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവരും**
**സോദരത്വേന വാഴുന്ന മാതൃകസ്ഥാനമാണിത്"**

**എന്ന ശ്രീനാരായണഗുരുവിന്റെ നാലുവരി ശ്ലോകം ആലപിച്ചാണ് സിനിമാസംഗീതജീവിതത്തിനു തുടക്കമിട്ടത്. 'കാല്പാടുകൾ' എന്ന ചിത്രത്തിനുവേണ്ടി 1961 നവംബർ 14 ന് ചെന്നൈയിലെ ഭരണി സ്റ്റുഡിയോയിൽവച്ചായിരുന്നു റെക്കോർഡിംഗ്.**

**എൺപതു വയസ്സു പിന്നിട്ടിട്ടും ഇടർച്ചയില്ലാത്ത സ്വരാദ്ഭുതത്തിന്റെ ഗന്ധർവസംഗീതം. മലയാളിയുടെ സങ്കല്പങ്ങളും നവരസങ്ങളും അനുഭൂതികളുമെല്ലാം യേശുദാസെന്ന മഹാഗായകന്റെ ശുദ്ധസ്വരത്തിലൂടെ അമരത്വം പ്രാപിക്കുന്നു. ആ നാദവിശുദ്ധിക്കു മുമ്പിൽ സാദരം കൂപ്പുകൈ!**

**യേശുദാസെന്ന മഹാപ്രതിഭയെക്കുറിച്ച് കേരളത്തിന്റെ രണ്ടു പ്രമുഖ ഗായകർ ദീപനാളം വായനക്കാരോടു സംസാരിക്കുകയാണിവിടെ.**

## ദാസേട്ടൻ എന്റെ മാനസഗുരു

**കെ.ജി. മാർക്കോസ്**



ദാസേട്ടൻ എന്റെ മാനസഗുരുവാണ്. കുട്ടിക്കാലം മുതലേ അറിയുന്നയാൾ. ദാസേട്ടൻ ആദ്യസിനിമയിൽ പാടുമ്പോൾ എനിക്ക് അഞ്ചു വയസ്സാണ്. വീടിനടുത്തുണ്ടായിരുന്ന ഒരു തിയേറ്ററിലെ കോളാമ്പിയിലൂടെയാണ് ദാസേട്ടന്റെ സിനിമാഗാനങ്ങൾ ഞാനാദ്യമായി കേൾക്കുന്നത്. ആ മാന്ത്രികശബ്ദവും പാട്ടും എന്റെ മനസ്സിൽ കയറി. ഭാര്യ, കായംകുളം കൊച്ചുണ്ണി, റബേക്ക തുടങ്ങിയ സിനിമകളിലെ പാട്ടുകൾ എട്ടാം വയസ്സിൽത്തന്നെ എന്നെ ദാസേട്ടന്റെ ആരാധകനാക്കി. കൊല്ലത്ത് ഞങ്ങൾ താമസിക്കുമ്പോൾ ഞങ്ങളുടെ വീടിനടുത്തുള്ള ഒരു വീട്ടിൽ അദ്ദേഹം പലപ്പോഴും വരുമായിരുന്നു. എനിക്ക് പത്തുപന്ത്രണ്ടു വയസ്സുള്ളപ്പോൾ സംഗീതത്തിലെ ചില ചിട്ടകൾ അദ്ദേഹം പറഞ്ഞുതന്നിരുന്നത് ഇപ്പോഴും ഞാൻ ഓർമിക്കുകയാണ്.

ദാസേട്ടന്റെ രൂപഭാവാദികളാണ് എനിക്കുള്ളതെന്നു പലരും പറയാറുണ്ട്. ചെറുപ്പം മുതലേ ദാസേട്ടന്റെ പാട്ടുകളോടുള്ള താത്പര്യവും ആരാധനയുംമൂലം ഉണ്ടായതാകാം ഇത്. ദാസേട്ടനോടുള്ള ഈ ആരാധനയാണ് എന്നെ സംഗീതലോകത്തേക്കും അടുപ്പിച്ചത്.

സാധാരണയായി പാട്ടുകൾ മൂന്നു സ്ഥായിയിലാണ് ചിട്ടപ്പെടുത്തുന്നത്. ഈ മൂന്നു സ്ഥായിയിലും പാടാൻ പലർക്കും കഴിയാറില്ല. എന്നാൽ, അക്ഷരസ്ഫുടതയോടെ ഈ മൂന്ന് സ്ഥായിയിലും ശബ്ദംകൊണ്ടു പോകുന്ന മഹാഗായകനാണ് ദാസേട്ടൻ. മാസം മുപ്പതും നാല്പതും വേദികളിൽ ദാസേട്ടന്റെ പാട്ടുകൾ ഞാൻ പാടാറുണ്ട്. എന്നാൽ, ദാസേട്ടനൊപ്പം ഒരു വേദിയിലും ഇതേവരെ പാടാൻ കഴിഞ്ഞിട്ടില്ല.

1979ൽ അമ്പിളി അരവിന്ദ് എന്ന ഡാൻസറുടെ ഓർമയ്ക്കു നടത്തിയ പരിപാടിയിൽ ദാസേട്ടനും സുജാതയും പാടാനാണു നിശ്ചയിച്ചിരുന്നത്. എന്നാൽ, അദ്ദേഹത്തിന് അത്യാവശ്യമായി മറ്റൊരിടത്തേക്കു പോകേണ്ടിവന്നതിനാൽ അവിടെ വരാൻ കഴിഞ്ഞില്ല. അതിനുപകരം ഞാനും സുജാതയുംകൂടിയാണ് പാടിയത്. ആ പരിപാടി പൂർണമായും റെക്കാർഡ് ചെയ്തത് ദാസേട്ടൻ പിന്നീട് കേൾക്കുകയും വളരെ നല്ല അഭിപ്രായം പറയുകയും ചെയ്തിരുന്നു.

## സംഗീതരംഗത്തെ മഹാപ്രതിഭ

**ജോളി എബ്രഹാം**



യേശുദാസ് എന്ന ഞങ്ങളുടെ പ്രിയപ്പെട്ട ദാസേട്ടൻ സംഗീതരംഗത്തെ മഹാപ്രതിഭയാണ്. 1973ൽ കലാഭവനിൽവച്ചാണ് ദാസേട്ടനെ ആദ്യമായി പരിചയപ്പെടുന്നത്. പിന്നീട് എച്ച്.എം.വി.യിൽ ഞാൻ ആദ്യപാട്ടു പാടുമ്പോൾ ദാസേട്ടനും അവിടെയുണ്ടായിരുന്നു. ഞങ്ങൾക്കു രണ്ടുപേർക്കും രണ്ടു പാട്ടുവീതമാണുണ്ടായിരുന്നത്.

ദാസേട്ടന്റെ സംഗീതത്തോടുള്ള സമർപ്പണത്തിന് ഒരുപാട് ഉദാഹരണങ്ങൾ എനിക്കു ചൂണ്ടിക്കാണിക്കാനുണ്ട്. മണിയറ എന്ന ചിത്രത്തിൽ ഞങ്ങൾക്ക് ഒരുമിച്ചൊരു പാട്ടുണ്ടായിരുന്നു. നിറയെ കോറസ് ഉണ്ടായിരുന്ന ഒരു പാട്ടിന്റെ റിക്കാർഡിങ് അന്ന് ഉച്ചയ്ക്ക് രണ്ടു മണിക്കാണാരംഭിച്ചത്. അതു പിറ്റേന്നു പുലർച്ചെ രണ്ടു മണിവരെ നീണ്ടുനിന്നു. ഇന്നത്തെപ്പോലെ സാങ്കേതികസംവിധാനങ്ങൾ നിലവിലില്ലാതിരുന്ന കാലമായിരുന്നല്ലോ അത്. തുടർച്ചയായി പന്ത്രണ്ടു മണിക്കൂർ നീണ്ട ആ റെക്കോർഡിങ്ങിൽ യാതൊരു ബുദ്ധിമുട്ടും പറയാതെ ദാസേട്ടൻ പങ്കെടുത്തത് എന്റെ മനസ്സുനിറഞ്ഞ ഓർമയാണ്.

ദാസേട്ടന്റെ സംഗീതസമർപ്പണത്തിലെ ഏറ്റവും പ്രധാനമായി ഞാൻ കരുതുന്നത് മൂന്നു കാര്യങ്ങളാണ്; ആദ്യത്തേത്, അദ്ദേഹത്തിന്റെ അക്ഷരസ്ഫുടതതന്നെ. ഓരോ പാട്ടിന്റെയും വരികളുടെയും ഭാവത്തിനനുസരിച്ചുള്ള ആലാപനമാണ് മറ്റൊരു വലിയ പ്രത്യേകത. ഇതിനൊക്കെ അപ്പുറമാണ് അദ്ദേഹത്തിന്റെ ചിട്ടയായ ജീവിതം. സ്വരശുദ്ധിക്കും ആലാപനത്തിന്റെ വൈശിഷ്ട്യത്തിനുമായി ശാരീരികമായിപ്പോലും നല്ല ചിട്ടകൾ പാലിക്കുന്നയാളാണ് ദാസേട്ടൻ.

അറുപതു വർഷമായി ലൈംലൈറ്റിൽ നിൽക്കുക എന്നുപറഞ്ഞാൽ വലിയൊരു കാര്യമാണ്. ഒരു മഹാപ്രതിഭയ്ക്കുമാത്രമേ ഇതു സാധിക്കൂ. ഇനി ഇങ്ങനെയൊരു ഗായകൻ മലയാളത്തിനുണ്ടാവുകയില്ല. അങ്ങനെ ദൈവത്തിന്റെ ഒരു പ്രത്യേക സമ്മാനപദ്ധതിയാണ് യേശുദാസെന്ന മഹാഗായകൻ. അദ്ദേഹത്തിന്റെ ജീവിതത്തിലെ നാഴികക്കല്ലായ അറുപതാണ്ടിന്റെ സ്വരശുദ്ധിക്കു മുന്നിൽ ശിരസ്സു നമിക്കുന്നു.


■ സുനിൽ പാലാ

---

## വായന

### വിശുദ്ധൻ യൗസേപ്പിതാവ്
(സമ്പൂർണനാടകം)

ഗ്രന്ഥകർത്താ : അന്തീനാട് ജോസ്
പ്രസാധനം : സെന്റ് ജോസഫ് പ്രസ്, മാന്നാനം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 110 രൂപ




കുടുംബസമാധാനത്തിന്റെ മധ്യസ്ഥനായ വി. യൗസേപ്പിന്റെ ജീവിതം അനിതരസാധാരണമാം വിധം ആവിഷ്കരിക്കുന്ന നാടകം. ദൈവം തന്റെ അവതാരത്തിനു സാരഥ്യമേകാൻ തിരഞ്ഞെടുത്ത വിശുദ്ധന്റെ ജീവിതമാതൃക അനുഭവവേദ്യമാക്കുന്ന സമഗ്രമായ അവതരണം.

### നിശ്ശബ്ദഗായകൻ

ഗ്രന്ഥകർത്താ : ഡോ. ജോർജ് കുഴിപ്പള്ളിൽ
പ്രസാധനം : വിമല ബുക്സ്, കാഞ്ഞിരപ്പള്ളി
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 110 രൂപ




ഒരു വാക്കുപോലും ഉരിയാടാതെ വിശുദ്ധ ബൈബിളിലെ പുതിയനിയമത്താളുകളിൽ വളർത്തച്ഛനായി വിളങ്ങിനിന്നവനും വിശുദ്ധഗണത്തിലെ വേറിട്ട വ്യക്തിയായി മനുഷ്യഹൃദയങ്ങളിൽ സ്ഥാനം പിടിച്ചവനുമാണ് വിശുദ്ധ യൗസേപ്പ്. സ്വന്തം വ്യക്തിത്വത്തിന്റെ വിവിധ വശങ്ങളെ ഇന്നിന്റെ ഭാഷയിൽ വിശുദ്ധൻ തന്നെ വിവരിക്കുന്ന രീതിയിൽ എഴുതപ്പെട്ട ഒരു ഗ്രന്ഥം.

### മറിയം കത്തോലിക്കാവിശ്വാസത്തിൽ

ഗ്രന്ഥകർത്താ : ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ
പ്രസാധനം : വിമല ബുക്സ്, കാഞ്ഞിരപ്പള്ളി
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 150 രൂപ




കത്തോലിക്കാസഭയിൽ മറിയത്തിനുള്ള സ്ഥാനവും അതിന്റെ അടിസ്ഥാനവും വ്യക്തമാക്കുന്ന ഗ്രന്ഥം. സഭയുടെ മാതൃഭക്തിയെ വിമർശിക്കുകയും എതിർക്കുകയും ചെയ്യുന്നവർക്കുള്ള ഒരു മറുപടി. മരിയവിജ്ഞാനീയത്തിലെ അടിസ്ഥാനപ്രമേയങ്ങൾ ഇതിൽ ലളിതമായി അവതരിപ്പിച്ചിരിക്കുന്നു.

ജാലകം



സി. ഡോ. ജോവാൻ
ചുങ്കപ്പുര എം. എം. എസ്.

# ഏകാന്തതയുടെ ഇരുൾമുറികളിൽ



**ഒ**റ്റപ്പെട്ട് അലസമായിരിക്കുമ്പോൾ കൗമാര/യൗവനപ്രായത്തിൽ തെറ്റുകളിലേക്കും പാപങ്ങളിലേക്കും വഴുതിവീഴാനുള്ള സാധ്യതകൾ ഏറെയാണ്. എന്തെല്ലാം അസൗകര്യങ്ങളും ഒഴികഴിവുകളും പറഞ്ഞാലും കഴിവതും കുട്ടികളെ തനിയെ ഇരിക്കാൻ അനുവദിക്കാതിരിക്കുന്നതാണു നല്ലത്. പഠനമുറിയും കിടപ്പും ഒറ്റയ്ക്കാവുന്നിടത്ത് രക്ഷിതാക്കളുടെ നോട്ടവും ശ്രദ്ധയും കുറയുന്നില്ലെന്ന് കുട്ടികൾ മനസ്സിലാക്കണം.

കുട്ടികൾ ഒറ്റയ്ക്കു മുറിയിൽ അടച്ചിരിക്കുന്ന സാഹചര്യങ്ങൾ കഴിവതും കുറയ്ക്കുക. കുട്ടികളുടെ കാര്യങ്ങളിൽ ഏറെ ശ്രദ്ധയോടെ ഇടപെടാൻ രക്ഷിതാക്കൾക്കു കഴിയുമ്പോൾ അവർ വൈകൃതശൈലികളിലേക്കു നീങ്ങുന്നതിനുള്ള സാഹചര്യങ്ങൾ കുറയും. മാത്രവുമല്ല, പഠനാവശ്യങ്ങൾക്കും മറ്റുമായി വീടും നാടും വിട്ട് ഹോസ്റ്റലുകളിലോ ഭവനങ്ങളിൽ പേയിങ് ഗസ്റ്റായോ ഒക്കെ താമസിക്കേണ്ടിവരുമ്പോഴും ജീവിതരീതികളിൽ ജാഗ്രത പുലർത്തി നീങ്ങാൻ കുട്ടികൾക്കു കഴിയണം.

കെണികളിൽ വീഴുന്ന കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾക്കു പരിഹാരം തേടി കൗൺസലിങ്ങിനായി എത്തുന്നവർ ഏറെയുണ്ട്. നഗ്നചിത്രങ്ങളും ലൈംഗികവൈകൃതങ്ങളും വിവിധ രീതികളിലുള്ള ലൈംഗികപ്രകടനങ്ങളും പ്രായത്തിനു ചേരാത്ത കാഴ്ചകളും കാണുവാൻ പ്രേരിപ്പിക്കുകയും രീതികൾ പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്ന സുഹൃത് സംഘങ്ങളും ചില കുട്ടികളെയെങ്കിലും ഇതിന് അടിമകളാക്കിത്തീർക്കുന്നു. ഇതിലൂടെ തലച്ചോറു ചൂടുപിടിക്കുകയും ബുദ്ധിമണ്ഡലം മന്ദീഭവിക്കുകയും ചെയ്യുന്നു. താമസിയാതെ ഓർമശക്തി കുറയുന്നു. ജീവിതത്തിനുണ്ടായിരിക്കേണ്ട നല്ല ലക്ഷ്യങ്ങൾ നഷ്ടപ്പെട്ടുപോകുന്നു. ഇച്ഛാശക്തിയും തീരുമാനങ്ങളെടുക്കാനുള്ള കഴിവും ഇല്ലാതാകുന്നു. ക്രമേണ, സ്വന്തം ശരീരത്തോടും ജീവിതത്തോടും വെറുപ്പും ഒരുതരം അവജ്ഞയും പ്രകടമാവുന്നു. വീണ്ടും വീണ്ടും ഒറ്റപ്പടലിലേക്ക് ആഴ്ന്നുപോകുന്നു. രഹസ്യാത്മകമായ ഇത്തരം ഒറ്റപ്പെടലുകൾ പോർണോഗ്രാഫിയിൽ മാത്രം ഒതുങ്ങിനിൽക്കില്ല. ഒളിക്യാമറകളുടെയും ഒളിത്താവളങ്ങളുടെയും സങ്കേതങ്ങൾ തേടി നടക്കുകയും അത്തരം ഇടങ്ങളിൽ ചേക്കേറുകയും ദുഷിച്ച കൂട്ടുകെട്ടുകളുടെ വലയിൽ അകപ്പെട്ടുപോവുകയും ചെയ്യും.

മനുഷ്യജീവിതമെന്ന മഹത്വമാർന്ന പ്രക്രിയയും കുടുംബജീവിതമെന്ന അമൂല്യമായ ജീവിതാന്തസ്സും സാമൂഹികജീവിതമെന്ന സുന്ദരാനുഭവവും നിലനിർത്തി ജീവിക്കാമായിരുന്ന ഇക്കൂട്ടർ, തങ്ങളിൽ സ്ഥായിയായി നിൽക്കേണ്ട ഊഷ്മളത, പവിത്രത തുടങ്ങിയവയൊക്കെ കളഞ്ഞുകുളിച്ച്, ഉദാത്തചിന്തകൾ തച്ചുതകർത്ത് സംഹാരതാണ്ഡവം നടത്തുന്ന മൃഗീയതയിലേക്കു തരംതാഴ്ന്നുപോവുന്നു. അപകടവഴിയെന്നു തോന്നുന്നിടത്ത് ധൈര്യം പകരുന്നൊരു സുഖദായിനിയായി ചിലരെങ്കിലും ലഹരി കണ്ടെത്തുന്നു. ഇത്തരക്കാരെ തിരിച്ചുപിടിക്കാമെന്ന് ഒരു കാലഘട്ടംകഴിഞ്ഞു വിചാരിച്ചാൽ നടക്കണമെന്നില്ല. കുട്ടികളും രക്ഷിതാക്കളും ഇക്കാര്യത്തിൽ വേണ്ടത്ര ജാഗ്രത സദാ പുലർത്തിയേ പറ്റൂ.

ഭക്ഷണവും മറ്റു സൗകര്യങ്ങളും മാത്രം നല്കിയാൽ പോരാ. നല്ല ബന്ധങ്ങൾ, നല്ല മൂല്യങ്ങൾ, നല്ല സുഹൃത്തുക്കൾ, ക്രിയാത്മകതാത്പര്യങ്ങൾ, അടുക്കും ചിട്ടയുമുള്ള ജീവിതശൈലി, സർവോപരി മതബോധനവും ഈശ്വരവിശ്വാസവും കുട്ടികൾക്കു പകർന്നുനൽകാൻ രക്ഷിതാക്കൾ ഏറെ ശ്രദ്ധിക്കണം. ആത്മീയഗുരുക്കളുടെയും അധ്യാപകരുടെയും കൗൺസലേഴ്സിന്റെയും സഹായവും ഗുണകരമാവും. അഡ്മിഷൻ, പഠനം, ഗ്രേഡ്, സമ്പത്ത് ഇവയൊക്കെ മാത്രം മുന്നിൽക്കണ്ട് കുട്ടികളെ സ്വതന്ത്രരായി മേയാൻ വിടുന്നതു ശരിയായ നടപടിയല്ല.

തുടരും...



ടി.പി. ശാസ്തമംഗലം

പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

# യഥാർത്ഥകവിയും പ്രച്ഛന്നകവിയും

**പ**ഴയകാലത്തെ നാടകഗാനങ്ങൾ പലതും സിനിമാപ്പാട്ടുകൾ പോലെതന്നെ ആസ്വാദകർ നെഞ്ചേറ്റിയതാണ്. അത്തരം പാട്ടുകൾ നമ്മുടെ ജീവിതത്തിന്റെ (അതുവഴി സംസ്കാരത്തിന്റെയും) ഭാഗമായി മാറി എന്നതാണ് സത്യം. അക്കൂട്ടത്തിൽ പിറന്നതും ഏറെ ജനപ്രീതി നേടിയതുമായ ഒരു ഗാനം.

"അമ്പിളിയമ്മാവാ
താമരക്കുമ്പിളിലെന്തൊണ്ട്
കുമ്പിട്ടിരിപ്പാണോ
മാനത്തെ കൊമ്പനാനപ്പുറത്ത്" (നാടകം - മുടിയനായ പുത്രൻ; രചന - ഒ.എൻ.വി. കുറുപ്പ്; സംഗീതം - ജി. ദേവരാജൻ; ആലാപനം - കെ.പി.എ.സി. സുലോചന)

എന്നാൽ, കുറച്ചുകാലംമുമ്പ് കുട്ടികൾക്കുവേണ്ടി പുറത്തിറക്കിയ ഒരു ഗാനമിതാണ്.

"അമ്പിളിയമ്മാവാ മാനത്തങ്ങനെ നില്പാണോ
താഴോട്ടു വന്നാലോ ഞങ്ങൾ കുമ്പിളിൽ ചോറു തരാം"

(രചന - ടി.പി. അബ്ദുള്ള ചെറുവാടി; സംഗീതം - നിയാസ് ചോള)

ഒ.എൻ.വി. എഴുതിയ ഗാനത്തിന്റെ ബാക്കി വരികൾകൂടി കണ്ടാലേ അനുകരണത്തിന്റെ ഏകദേശസ്വഭാവം വ്യക്തമാകൂ.

"താമരക്കുമ്പിളുമായ് അമ്മാവൻ താഴോട്ടുപോരാമോ
പാവങ്ങളാണേലും ഞങ്ങള് പായസച്ചോറുതരാം"

പില്ക്കാലത്ത് ജ്ഞാനപീഠം വരെ കയറിയ കവി അമ്പിളിയമ്മാവനെ സംബോധന ചെയ്തു ഗാനമാരംഭിച്ചപ്പോൾ അപഹർത്താവും അതുതന്നെ ആവർത്തിച്ചു. ഒ.എൻ.വി. ആകട്ടെ, അമ്പിളിയമ്മാവനെ മാനത്തെ കൊമ്പനാനപ്പുറത്ത് കുമ്പിട്ടിരിക്കുന്നതായി ചിത്രീകരിച്ചു. അതിന്റെ ചുവടുപിടിച്ച് പുതിയ പാട്ടെഴുതിയ ആൾ അമ്പിളിയമ്മാവനെ മാനത്തുതന്നെ പ്രതിഷ്ഠിച്ചു. പക്ഷേ, അങ്ങനെ നില്പാണോ (എങ്ങനെ നില്പാണോ എന്ന ചോദ്യം ഇവിടെയുയരുന്നു) എന്നു ചോദിച്ചിരിക്കുന്നു.

യഥാർത്ഥകവി അമ്പിളിയമ്മാവന്റെ കൈയിൽ താമരക്കുമ്പിൾ കണ്ടപ്പോൾ, താഴോട്ടുവന്നാൽ ആ താമരക്കുമ്പിളിൽ പായസച്ചോറുതരാം എന്നു പറഞ്ഞപ്പോൾ (പായസത്തിനൊന്നും ഗതിയില്ലാതെ പാവങ്ങളാണ് തങ്ങളെങ്കിലും അമ്പിളിയമ്മാവന്റെ ഉയർന്ന സ്ഥിതി പരിഗണിച്ചിട്ടാവാം ഇത്തരത്തിലുള്ള അതിഥിസൽക്കാരം) പ്രച്ഛന്നകവി അതൊന്നു മാറ്റിപ്പിടിച്ചു. പായസച്ചോറിനു പകരം ചോറുതരാമെന്നായി. കുമ്പിളൊന്നും കൊണ്ടുവരേണ്ടതില്ല തങ്ങളുടെ കുമ്പിളിൽ വിളമ്പാം എന്നുമായി. ഒ.എൻ.വി.യുടെ ഗാനത്തിൽ ശരിയായ അഭ്യർത്ഥന പ്രതിഫലിക്കുന്നുണ്ട്. എന്നാൽ, അബ്ദുള്ള ചെറുവാടിയുടെ ഗാനത്തിൽ 'വേണമെങ്കിൽ വന്നോ, വന്നാൽ ഉണ്ടിട്ടുപോകാം' എന്ന മട്ടാണ്. ഇവിടെയാണ് ശരിയായ കവിയെയും അങ്ങനെയല്ലാത്ത ആളിനെയും നാം തിരിച്ചറിയുന്നത്. പലതരം ദുരന്തങ്ങൾ നമ്മുടെ നാട്ടിലുണ്ടാവാറുണ്ട്. ഇതും (സാഹിത്യചോരണം) ഒരുതരത്തിൽ ദുരന്തംതന്നെയല്ലേ?

"ശബരിമലയിലും കല്ല്
ശക്തീശ്വരത്തിലും കല്ല്
തിരുപ്പതിമലയിലും
ഗുരുവായൂരിലും
തൃച്ചംബരത്തും കല്ല്
കല്ലിനെത്തൊഴുന്നവരേ-
നിങ്ങൾ
കല്പണിക്കാരെ മറക്കരുതേ"

(നാടകം - ഭരതക്ഷേത്രം; രചന - വയലാർ രാമവർമ; സംഗീതം - കെ. രാഘവൻ).

'സ്വാമി അയ്യപ്പൻ' എന്ന ചിത്രത്തിലെ "ശബരിമലയിൽ തങ്കസൂര്യോദയം" എന്ന പാട്ടെഴുതി ചൂടാദം മുമ്പാണ് വയലാറിന്റെ അതേ തൂലികയിൽനിന്ന് മേല്പറഞ്ഞ വരികൾ പുരത്തുവന്നത്. വർഷങ്ങൾക്കുശേഷം വന്ന 'ഭഗവാൻ കാലുമാദനം' എന്ന നാടകത്തിനായി കണിയാപുരം രാമചന്ദ്രൻ ഇങ്ങനെയെഴുതി.

"പൂത്താലം നേദിച്ചു
പൂത്താലം നേദിച്ചു
പൂജയ്ക്കായ് വന്നവർ ഞങ്ങൾ
ദൈവത്തിനല്ലാ
ആ ദൈവങ്ങളെ തീർത്ത
കൈവേലക്കാരന്റെ മുമ്പിൽ"

(സംഗീതം-ജി. ദേവരാജൻ)

തുടക്കത്തിൽ പറഞ്ഞ പാട്ടിന്റെ കാര്യത്തിലെന്നപോലെ നഗ്നമായ അനുകരണമല്ല ഇവിടെ കാണാനാവുന്നത്. ആശയപരമായ ആധമർണ്യം എന്ന് ഇതിനെ വിശേഷിപ്പിക്കാം. രണ്ടുപേരും (വയലാറും കണിയാപുരം രാമചന്ദ്രനും) തൊഴിലാളി പക്ഷത്തുനിന്ന കവികളാണുതാനും. ഉത്തമകലാസൃഷ്ടി ഒരു തരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ അനുകരണത്തിനു വിധേയമാകും എന്നു പറയുന്നതെത്ര ശരി!

■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



ഇതാ! തന്നെ ഭയപ്പെടുന്നവരെയും തന്റെ കാരുണ്യത്തിൽ പ്രത്യാശ വയ്ക്കുന്നവരെയും കർത്താവു കടാക്ഷിക്കുന്നു.

സങ്കീർത്തനം 33:18

**എഡിറ്റോറിയൽ**

# പൊതുസമ്മതിയിലെത്താത്ത ഗ്ലാസ്ഗോ കാലാവസ്ഥാ ഉച്ചകോടി

**ആ**ഗോള കാലാവസ്ഥാ ഉച്ചകോടിക്ക് സ്കോട്ട്ലാൻഡിലെ ഗ്ലാസ്ഗോയിൽ സമാപനം. ലോകത്താകമാനമുള്ള മനുഷ്യകുലം ഇന്നു നേരിടുന്ന ആഗോളതാപനവും കാലാവസ്ഥാവ്യതിയാനവും അഭിമുഖീകരിക്കാനുള്ള ഏതാനും നടപടികൾക്കു തുടക്കം കുറിച്ചതൊഴിച്ചാൽ, അതിതീവ്രകാലാവസ്ഥാമാറ്റങ്ങളും ദുരന്തങ്ങളും കൂടുതൽ പ്രകടമായിക്കൊണ്ടിരിക്കുന്ന വർത്തമാനകാലത്ത്, ഫലപ്രദമായ തീരുമാനങ്ങളെടുക്കാനുള്ള രാഷ്ട്രീയ ഇച്ഛാശക്തിയില്ലാതെ ലോകനേതാക്കൾ ഗ്ലാസ്ഗോ വിട്ടു.

ഇരുനൂറു രാജ്യങ്ങളിൽനിന്നുള്ള 25000 പ്രതിനിധികൾ, നൂറ്റിയിരുപതോളം രാജ്യങ്ങളിലെ തലവന്മാർ, കാലാവസ്ഥാശാസ്ത്രജ്ഞർ തുടങ്ങിയവരടങ്ങിയ പൗരപ്രമുഖർ കാലാവസ്ഥാവ്യതിയാനമെന്ന നിർണായകവിഷയത്തെ അഭിസംബോധന ചെയ്തപ്പോൾ, കാലാവസ്ഥാവ്യതിയാനത്തിന്റെ ഇരകളായിക്കൊണ്ടിരിക്കുന്ന രാഷ്ട്രങ്ങളുടെ ശബ്ദങ്ങൾ കൂടുതൽ ഉച്ചത്തിൽ ഉയർന്നു കേട്ട നാളുകളായിരുന്നു ഈ പതിമ്മൂന്നു ദിനങ്ങൾ. കാലാവസ്ഥാവ്യതിയാനത്തിന്റെ നേരിട്ടുള്ള ഇരയെന്നു വിശേഷിപ്പിക്കാൻ തക്ക ദുരന്തങ്ങളേറ്റുവാങ്ങാൻ വിധിക്കപ്പെട്ട ഇന്ത്യയും, പ്രത്യേകിച്ച് കേരളവും പ്രതീക്ഷയോടെ കാത്തിരുന്ന ദിനങ്ങൾക്കാണ് ആശകളും ആശങ്കകളും ബാക്കിവച്ച് തിരശ്ശീല വീണത്.

കൽക്കരി ഉപയോഗം കുറച്ചുകൊണ്ടുവരിക, ഹരിതഗൃഹവാതകങ്ങളുടെ പുറന്തള്ളൽ കുറയ്ക്കുക, ദരിദ്രരാജ്യങ്ങൾക്കു സാമ്പത്തികസഹായം നല്കുക തുടങ്ങിയവയാണ് ഗ്ലാസ്ഗോ ഉച്ചകോടിയിലെടുത്ത പ്രധാന തീരുമാനങ്ങൾ. 2015 ലെ പാരീസ് കാലാവസ്ഥാ ഉച്ചകോടിയിൽവച്ച് പൊതുസമ്മതിയിലെത്താൻ സാധിക്കാതിരുന്ന കാലാവസ്ഥാവ്യതിയാനമുൾപ്പെടെയുള്ള പല വിഷയങ്ങളിലും അന്തിമ തീരുമാനത്തിലെത്തുക കോപ് 26 ന്റെ പ്രധാന അജൻഡയായിരുന്നു. ആ നിലയിൽ ആഗോളതാപനില 1.5 ഡിഗ്രി സെൽഷ്യസ് കടക്കാതെ പിടിച്ചുനിർത്താൻ ഇനിയുള്ള പത്തുവർഷം കരുത്തുറ്റ നയതീരുമാനങ്ങൾ കൈക്കൊള്ളണമെന്ന് അംഗരാജ്യങ്ങളുടെയിടയിൽ ധാരണയായതു വിജയംതന്നെയാണ്. എങ്കിലും, ഐക്യരാഷ്ട്രസഭ മുന്നോട്ടുവച്ച ചില പ്രധാന നിർദേശങ്ങൾക്ക് ഗ്ലാസ്ഗോ ഉച്ചകോടിയിൽ തീരുമാനമാകാതെ പോയതിനെ വിമർശനബുദ്ധ്യാ കാണുന്ന നിരീക്ഷകരുമുണ്ട്. ഖനിജ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുക, കാർബൺ ഡയോക്സൈഡ് നിർഗമനം 2030 നുമുമ്പ് പകുതിയായി കുറയ്ക്കുക, സമ്പന്നരാജ്യങ്ങൾ പതിനായിരം കോടി ഡോളർ സഹായം പാവപ്പെട്ട രാജ്യങ്ങൾക്കു നല്കുക തുടങ്ങിയവയായിരുന്നു ആ നിർദ്ദേശങ്ങൾ.

കാർബൺ പുറന്തള്ളലിൽ 'നെറ്റ് സീറോ' (പുറന്തള്ളലും ഒഴിവാക്കലും തുല്യമാക്കൽ) ലക്ഷ്യത്തിലെത്താനുള്ള സമയപരിധിയായി 2050 നിശ്ചയിക്കാൻ കൂടുതൽ രാജ്യങ്ങളെ പ്രതിബദ്ധരാക്കിയെന്നത് ഗ്ലാസ്ഗോയുടെ വിജയമായി കണക്കാക്കാവുന്നതാണ്. മാത്രമല്ല, അമേരിക്ക, ബ്രിട്ടൻ തുടങ്ങിയ ഇരുപതോളം രാഷ്ട്രങ്ങൾ 2022 ഓടെ ഫോസിൽ ഇന്ധനങ്ങൾക്കു സാമ്പത്തികസഹായം നിർത്തിവയ്ക്കുന്ന കാര്യത്തിൽ പൊതുധാരണയിലെത്തിയെന്നതും നിർണായകമാണ്. ഇൻഡോനേഷ്യ, വിയറ്റ്നാം, പോളണ്ട്, യുക്രെൻ എന്നിങ്ങനെ 25 രാജ്യങ്ങൾ കൽക്കരിയെ അടിസ്ഥാനമാക്കിയുള്ള ഊർജപദ്ധതികളിൽനിന്ന് പത്തിരുപതുവർഷത്തിനകം പിൻവാങ്ങും. വിനാശകാരിയായ ഹരിതഗൃഹവാതകങ്ങളിൽ രണ്ടാംസ്ഥാനത്തുനില്ക്കുന്ന മീഥെയ്നിന്റെ പുറന്തള്ളലിൽ 2030 ഓടെ മുപ്പതുശതമാനം വെട്ടിക്കുറയ്ക്കാനുള്ള നടപടികൾ കൈക്കൊള്ളാനും പത്തുവർഷം കൊണ്ട് നശിപ്പിച്ച പച്ചപ്പെല്ലാം തിരിച്ചുപിടിക്കാനാവുമെന്ന പ്രഖ്യാപനം നടത്താനുമായത് സ്വാഗതാർഹമാണ്.

2070 ഓടെ ഇന്ത്യയുടെ കാർബൺ പുറന്തള്ളൽ നെറ്റ് സീറോയിലെത്തിക്കുമെന്നാണ് പ്രധാനമന്ത്രി നരേന്ദ്രമോദി ഗ്ലാസ്ഗോയിൽ നല്കിയ ഉറപ്പ്. ഇതിനുപുറമേ, 2030 ഓടെ ഇന്ത്യയുടെ ഫോസിലിതര ഊർജോത്പാദനത്തിൽ അമ്പതുശതമാനം വർദ്ധന സൃഷ്ടിക്കുമെന്നും പ്രധാനമന്ത്രി പ്രഖ്യാപിച്ചു. അടുത്ത ഒമ്പതുവർഷത്തിനുള്ളിൽ അഞ്ഞൂറ് ഗിഗാവാട്ട് വൈദ്യുതിയുത്പാദനം സാധ്യമാക്കുമെന്നാണ് പ്രധാനമന്ത്രിയുടെ പ്രഖ്യാപനത്തിന്റെ കാതൽ.

ലോകത്ത് ഓരോ വർഷവും ഉത്പാദിപ്പിക്കപ്പെടുന്ന കാർബൺ ഡയോക്സൈഡിന്റെ നാല്പതു ശതമാനവും കൽക്കരി ഉപയോഗത്തിൽനിന്നാണ്. അന്തരീക്ഷത്തിൽ കാർബൺ അളവു കൂടുന്നതാണ് ആഗോളതാപനത്തിനു മുഖ്യകാരണമെങ്കിലും കൽക്കരിയടക്കമുള്ള പരമ്പരാഗത ഊർജങ്ങളുടെ ഉപയോഗം പൂർണമായി അവസാനിപ്പിക്കാൻ ഇന്ത്യപോലുള്ള വികസ്വരരാജ്യങ്ങൾക്കു കഴിയില്ല. ഖനിജ ഇന്ധനങ്ങളുടെ ഉപയോഗത്തിലൂടെയാണ് സമ്പന്നരാജ്യങ്ങൾ വ്യവസായവളർച്ച നേടിയത്. അവർ ഇപ്പോൾ മറ്റ് ഊർജസ്രോതസ്സുകളിലേക്കു ചുവടു മാറ്റുകയാണ്. ഇന്ത്യയെപ്പോലുള്ള വികസ്വരരാജ്യങ്ങൾക്ക് ഇതിനു കൂടുതൽ സമയം ആവശ്യമാണ്. ഗ്ലാസ്ഗോ ഉച്ചകോടിയുടെ വെളിച്ചത്തിൽ സൗരോർജം, കാറ്റിൽനിന്നുള്ള വൈദ്യുതി തുടങ്ങിയ പാരമ്പര്യേതര ഊർജസ്രോതസ്സുകൾ കൂടുതൽ പ്രയോജനപ്പെടുത്താനുള്ള ഊർജിതശ്രമം ഇന്ത്യയുടെ ഭാഗത്തുനിന്നുണ്ടാകണം. ആഗോളതാപന-കാലാവസ്ഥാവ്യതിയാനവിപത്തുകളിൽനിന്നു നമ്മുടെ പൊതുഭവനമായ ഭൂമിയെ രക്ഷിക്കാൻ കടുത്ത നിയന്ത്രണങ്ങളിലൂടെയും സാമ്പത്തികസഹായമുൾപ്പെടെയുള്ള പരസ്പരസഹകരണത്തിലൂടെയും എല്ലാ രാജ്യങ്ങൾക്കും സാധിക്കട്ടെ. ■

# ഇന്നു കേരളത്തെ എന്തു വിളിക്കും?

കേരളത്തിൽ നിലവിലിരുന്ന ദുഷിച്ച ജാതിവ്യവസ്ഥകളും തൊട്ടുകൂടായ്മയും മറ്റ് അസമത്വങ്ങളും കണ്ടു മനംമടുത്ത സ്വാമി വിവേകാനന്ദൻ ഏതാണ്ട് 130 വർഷങ്ങൾക്കുമുമ്പ് ഈ നാടിനെ ഭ്രാന്താലയം എന്നു വിളിച്ചു. ജാതീയമായ ചേരിതിരിവുകൾ ചെറിയ തോതിലാണെങ്കിലും ഇന്നുമിവിടെ പ്രാബല്യത്തിലുണ്ടെന്നു പറയാൻ ശങ്കിക്കേണ്ടതില്ല. അവഗണനയും അകറ്റിനിർത്തലും ദുരഭിമാനക്കൊലയും മർദനവും മറ്റും കണ്ടും കേട്ടും നമുക്കു പരിചിതങ്ങളാണ്.

നവോത്ഥാനനായകരുടെയും സാംസ്കാരികരംഗത്തെ പ്രവർത്തകരുടെയും അക്ഷീണയത്നത്തിന്റെ ഫലമായി അറിവും സാക്ഷരതയും വികാസം പ്രാപിച്ചപ്പോൾ നാടും നാട്ടാരും കുറെ ഉയർന്ന നിലവാരത്തിലെത്തിയെന്നു പറയാം. മൂന്നാറും മലമടക്കുകളും കുട്ടനാടും കായലോരങ്ങളും കുറിഞ്ഞിക്കാടുകളും കൈതപ്പൂങ്കുലയും ആസ്ഥാനമന്ദിരങ്ങളും ദേവസ്ഥാനങ്ങളും ചുറ്റിനടന്നു കണ്ടാസ്വദിച്ച സഞ്ചാരി ദൈവത്തിന്റെ സ്വന്തം നാടെന്ന വിശേഷണവും കേരളത്തിനു ചാർത്തിക്കൊടുത്തു.

പക്ഷേ, ഇന്നിന്റെ അവസ്ഥയോ? മലനാട്ടിൽ മൊത്തം മുറിവുകളും മുറിവുണങ്ങിയ പാടുകളുമാണ്. ആർത്തിപിടിച്ച മനുഷ്യരും അവരുടെ പരാക്രമം കണ്ട് കലി കയറിയ പ്രകൃതിയുംകൂടി കുത്തിക്കീറിയും വെട്ടിനുറുക്കിയും ഇല്ലാതാക്കിയ മലനാട്. മണ്ണില്ല, മലയില്ല, മരമില്ല, വനമില്ല. ഇടനാട്ടിലോ? നാട്ടിൻപുറങ്ങളും അവയുടെ നാടൻ തനിമയും പോയ്മറഞ്ഞു. തീതുപ്പുന്ന കോൺക്രീറ്റ് സൗധങ്ങളും നീരൊഴുക്കു തടയുന്ന നിർമാണങ്ങളും വികസനത്തിനെന്നപേരിൽ കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളും ഇടനാടിനെ നരകമാക്കി. പുഴയുടെ വഴി തടഞ്ഞു. വെള്ളം തോന്നിയവഴി ഒഴുകി. ഒഴുകിയ വഴി പുഴയായി. തീരദേശം ഒന്നടങ്കം വെള്ളത്തിനു തീറെഴുതി. അവിടെ ജനജീവിതം വഴിമുട്ടിനില്ക്കുന്നു. കുടിവെള്ളംപോലും കിട്ടാനില്ല.



പ്രതികരണം

എന്തു കടുംകൈ പ്രയോഗിച്ചിട്ടായാലും മനുഷ്യന് അവന്റെ നിയന്ത്രിക്കാനാവാത്ത ആർത്തികളുടെ പൂർത്തീകരണം മാത്രമായിരിക്കുന്നു ഇന്നത്തെ ലക്ഷ്യം. ധനാർത്തി, കാമാർത്തി തുടങ്ങി ഓരോരുത്തരും താത്പര്യം കാണിക്കുന്ന വിവിധതരം ആർത്തികൾ സാധ്യമാക്കുവാൻ ചെയ്യുന്ന ക്രൂരകൃത്യങ്ങളുടെ ഒരു പരിച്ഛേദമായി മാറിയിരിക്കുന്നു ഓരോ ദിവസത്തിന്റെയും ചരിത്രസംഗ്രഹം. സത്യം, നീതി, ന്യായം ആത്മാർത്ഥത തുടങ്ങിയ മാനുഷികമൂല്യങ്ങൾ കൽത്തുറുങ്കിലാണിന്ന്. ധാർമികത സമസ്തമേഖലകളിൽനിന്നും അപ്രത്യക്ഷമായിരിക്കുന്നു. കേട്ടാൽ ഞെട്ടലുണ്ടാക്കുന്ന കൊടിയ പാതകങ്ങളിലൂടെ സ്വാർത്ഥതാത്പര്യങ്ങളെ ലക്ഷ്യത്തിലെത്തിക്കുന്നവരും ഇവിടെ അധിവസിക്കുന്നു. കൊലയും കൊള്ളയും പെരുകി. ആത്മഹത്യകൾ നൂറുമടങ്ങായി. സ്ത്രീപീഡനത്തിനും ബാലമർദനത്തിനും അതിരുകളില്ല. മദ്യവും മയക്കുമരുന്നും യുവതയെ നിയന്ത്രിക്കുന്ന അവസ്ഥയിലെത്തി. അശാന്തിയും അരാജകത്വവും നാടിന്റെ മുഖമുദ്രകളായി. നാഥനില്ലാത്ത കളരിയായി മാറിയ നാടിന്റെ സാമൂഹ്യരംഗം ലക്കില്ലാതെ കയറിക്കൊട്ടാവുന്ന ചെണ്ടയായി. അക്രമം നടത്താൻ പുതിയ മാർഗങ്ങൾ വക്രബുദ്ധികൾ കണ്ടുപിടിക്കുന്നു. സൈബർ ലോകം അവർക്കു വഴികാട്ടുന്നു. നാടിന്റെ അവസ്ഥ കഷ്ടമെന്നല്ലാതെ എന്തു പറയാൻ? ഈ നാടിനെ ഇനി എന്തു വിളിക്കും?

**കൊഴുവനാൽ ജോസ്**
**മൂവാറ്റുപുഴ**

കേരളത്തിൽ ഇപ്പോൾ ഏറ്റവുമധികം നടക്കുന്നതു പത്രസമ്മേളനങ്ങളാണ്. ഭരണപ്രമുഖർ അനുദിനം പത്രസമ്മേളനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ, ഭരണ-പ്രതിപക്ഷത്തുള്ളവരും ഉദ്യോഗസ്ഥപ്രമുഖരും രാഷ്ട്രീയനേതാക്കളും മത്സരിച്ചു ദിവസേന പത്രസമ്മേളനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

ചാനലുകാരുടെ അര മണിക്കൂർ വാർത്താസമയത്തിൽ രണ്ടും മൂന്നും തത്സമയവാർത്താസമ്മേളനം കാണാറുണ്ട്. ഇതിൽ ചിലതൊക്കെ ഭാഗികമായി കാണാനിടവന്നതുകൊണ്ടാണ് ഒരു കാര്യം കുറിക്കേണ്ടിവരുന്നത്. പത്രസമ്മേളനങ്ങളിൽ പങ്കെടുക്കുന്ന മാധ്യമപ്രവർത്തകർ കുറെക്കൂടി ജാഗ്രത കാട്ടണമെന്ന് അപേക്ഷിക്കാൻ തോന്നുകയാണ്.

പത്രസമ്മേളനം നടത്തുന്നയാൾക്ക് നിർഭയം എന്തും പറയാമെന്ന ഒരവസ്ഥയുള്ളപോലെ തോന്നുന്നു. വിശദീകരണങ്ങൾക്കിടയിൽ സ്വാഭാവികമായി ചോദിക്കേണ്ട പല ചോദ്യങ്ങളും

# മാധ്യമപ്രവർത്തകർ ജാഗരൂകരാകണം

മാധ്യമപ്രവർത്തകർ ആ പത്രസമ്മേളനക്കാരനെ ഭയന്ന് ഒഴിവാക്കുന്നപോലെ! നേതാവു കയർത്താൽ പിന്നെ സദസ്സു നിശ്ശബ്ദമാവുകയാണ്. അവസരത്തിനൊത്ത ചോദ്യങ്ങൾ നിർഭയം ചോദിക്കാൻ പലപ്പോഴും മാധ്യമപ്രവർത്തകർ തുനിയുന്നില്ലെന്നു തോന്നിപ്പോകുന്നു. ജനാധിപത്യത്തിൽ നിർഭയമായ മാധ്യമപ്രവർത്തനത്തിനു വലിയ സ്ഥാനമുണ്ട്. മാധ്യമവിഭാഗം തളർന്നാൽ ജനാധിപത്യം തകരും. കേരളത്തിലിപ്പോൾ നടക്കുന്ന പത്രസമ്മേളനങ്ങൾ പലതും വെറും വൺമേൻ ഷോകളായി തോന്നാറുണ്ട്. പത്രസമ്മേളനങ്ങൾ പൊതുജനങ്ങൾക്കു കാണാൻ കിട്ടുമ്പോൾ ചോദ്യകർത്താക്കളുടെയും അവരുടെ മാധ്യമത്തിന്റെയും പേരു കിട്ടുന്നതു നല്ലതായിരുന്നു. അവരെ കാണാൻ കഴിയുന്നത് അതിലും നല്ലതായിരുന്നു. ഒന്നേ പറയാനുള്ളൂ, മാധ്യമപ്രവർത്തകർ സദാ ജാഗരൂകരായിരിക്കണം. ധീരരായിരിക്കണം. സത്യം മറയ്ക്കരുത്.

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**




കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി

# മഞ്ഞുമലകളിലൂടെ ഒരു ഏകാന്തസഞ്ചാരം



ജോയിഷ് ജോസ്


"പാത തികച്ചും ശൂന്യമായിരുന്നു. മഞ്ഞുമഴ പൂർവാധികം ശക്തിയിലായിക്കഴിഞ്ഞു. അന്നു രാവിലെ കണ്ട പ്രകൃതി ആകെ മാറിയതായിത്തോന്നി. ഇപ്പോൾ പച്ചയില്ല, മഞ്ഞയില്ല, ചുവപ്പില്ല, മഞ്ഞണിഞ്ഞ ഗിരിശൃംഗങ്ങളില്ല. ചുറ്റിനും വെളുത്ത പുകപടലങ്ങൾ മാത്രം. ഇടയ്ക്കിടെ തണുത്ത കാറ്റ്. ഹിമപടലങ്ങൾക്കു നേരിയ ചലനം. എങ്ങും ശൂന്യത. നടക്കുന്തോറും ചാരനിറം ഇരുണ്ടിരുണ്ടുവന്നു. കഷ്ടിച്ച്, പാതമാത്രം മുന്നിൽക്കാണാം. കാട്ടുചോലകളുടെ ഗാനം മാത്രം കേൾക്കാം. അന്തരീക്ഷം തണുത്തുവിറങ്ങലിച്ചു കിടക്കുന്നു" – ഹിമവാന്റെ മുകൾത്തട്ടിൽ.

യാത്രകളും യാത്രാവിവരണങ്ങളും എന്നും എന്നെ മോഹിപ്പിക്കാറുണ്ട്. കാണാൻ കഴിയാത്ത കാഴ്ചകളെക്കുറിച്ചു വായിക്കാനും അറിയാനും പിന്നെ ആ വഴികളിലൂടെ ഒരു യാത്ര പോവാനും താത്പര്യമില്ലാത്തവർ ആരെങ്കിലുമുണ്ടോ, അല്ലെങ്കിൽ തനിക്ക് ഒരിക്കലും നേരിട്ടു കാണാൻ കഴിയാത്ത കാഴ്ചകളെ മറ്റുള്ളവരുടെ വിവരണങ്ങളിൽക്കൂടി അറിയാനുള്ള ത്വരയെങ്കിലും എല്ലാവരുടെയും മനസ്സിൽ കാണും. പക്ഷേ, താൻ കണ്ട ദൃശ്യങ്ങളെ തന്മയത്വത്തോടെ മറ്റുള്ളവർക്കു വിശദീകരിച്ചു കൊടുക്കാൻ എല്ലാവർക്കും കഴിഞ്ഞെന്നുവരില്ല. അതു കൃത്യമായി സാധിച്ചതുകൊണ്ടാണ് രാജൻ കാക്കനാടൻ മലയാളിയുടെ മനസ്സിൽ ചിരപ്രതിഷ്ഠ നേടിയിരിക്കുന്നത്. അദ്ദേഹത്തിന്റെ യാത്രാവിവരണങ്ങൾ രണ്ടെണ്ണമേയുള്ളൂവെങ്കിലും അത് മലയാളത്തിലെ എക്കാലത്തെയും ക്ലാസ്സിക് കൃതികളാണ്. പലരും ഹിമാലയം യാത്രാവിവരണങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും ഒന്നിനും ഇത്രത്തോളം ജനമനസ്സുകളെ സ്വാധീനിക്കാനായിട്ടില്ല.

ഹിമവാന്റെ മുകൾത്തട്ടിൽ – വായിച്ചിട്ടുള്ളതിൽ ഏറ്റവും മനോഹരമായ യാത്രാവിവരണം. പുതയ്ക്കാൻ ഒരു കരിമ്പടംപോലുമില്ലാതെ കടുത്ത ശൈത്യത്തെ വെല്ലുവിളിച്ച് ഏകനായി, ദരിദ്രനായി അമർനാഥ് ഗുഹയിലേക്കു നടത്തിയ സഞ്ചാരത്തിന്റെ കഥയാണിത്. ലൗകികനായ ഒരാൾക്ക് യാത്ര ഒരു ആധ്യാത്മികാനുഭവമായിത്തീരുന്നതിന്റെ ആലേഖനമാണത്. മലയാളത്തിലുണ്ടായ ഹിമവൽയാത്രാവിവരണങ്ങളുടെ കൂട്ടത്തിൽ വേർതിരിഞ്ഞു നിൽക്കുന്ന ഒരു കൃതിയാണിത്. ഹൃഷികേശ് മുതൽ ബദരീനാഥ് വരെ അതീവദുഷ്കരങ്ങളായ ഹിമപാതകളിലൂടെയും ഘോരവനങ്ങളിലൂടെയും കുന്നുകളിലൂടെയും മലകളിലൂടെയും കാൽനടയായി നടത്തിയ സാഹസികസഞ്ചാരത്തിന്റെ അതിമനോഹരമായ വിവരണം.


ഈ പുസ്തകത്തിൽ മനുഷ്യമാംസം പോലും കഴിക്കാൻ മടിക്കാത്ത അഘോരികളെയും, ശിവനെമാത്രം ഉപാസിച്ച് അതിശൈത്യത്തിൽ ഗുഹകളിൽ ജീവിക്കുന്ന സന്ന്യാസിമാരെയും, ലൗകികസുഖത്തിൽ അഭിരമിച്ച് കൊട്ടാരസദൃശമായ മാളികകളിൽ താമസിച്ച് ആത്മീയതയുടെ മൊത്തക്കച്ചവടക്കാരെന്നു ഭാവിക്കുന്ന കോർപ്പറേറ്റ് സ്വാമിമാരെയും കാണാം. ബദരിനാഥനെക്കണ്ടു ജീവിതം അവിടെത്തന്നെ അവസാനിക്കുന്നതാണ് പുണ്യമെന്നു കരുതുന്ന വൃദ്ധയാത്രികരെയും നാഗരികത തെല്ലുമേശാത്ത നിഷ്കളങ്കഗ്രാമീണരെയും ദൈന്യബാല്യങ്ങളെയും മലമുകളിലെ അതിസുന്ദരികളായ ഗ്രാമീണപ്പെൺകൊടികളെയും ബദരീനാഥ് യാത്രികരെ പ്രതീക്ഷിച്ചിരിക്കുന്ന ചായക്കടകളിലെ ദരിദ്രജീവിതങ്ങളെയും കാക്കനാടൻ ഒട്ടൊരു സങ്കടത്തോടെ ഈ പുസ്തകത്തിൽ കോറിയിടുന്നു.

സാധാരണ യാത്രാവിവരണങ്ങളിൽ നാം കാണുന്ന അഹങ്കാരം, ആത്മപ്രശംസ, ആഡംബരം എന്നിവ ഈ യാത്രാവിവരണത്തിൽ തെല്ലുമേശിയിട്ടില്ല. അന്തിയുറങ്ങാൻ സഞ്ചാരി ആശ്രയിച്ചത് ധർമശാലകളെയും വന്യമൃഗങ്ങൾ എപ്പോൾ വേണമെങ്കിലും കടന്നുവരാൻ സാധ്യതയുള്ള കാട്ടിനുള്ളിലെ ഗുഹകളെയുമാണ്. പ്രഭാതത്തിൽ ശുചിയാവാൻ ശരീരം മരവിപ്പിക്കുന്ന കാട്ടുചോലകളെ ആശ്രയിച്ചു. പലപ്പോഴും കൂട്ടിനുണ്ടായിരുന്നത് അഗതികളും ഭിക്ഷാംദേഹികളുമായിരുന്നു. പലപ്പോഴും വിശപ്പിനു കിട്ടിയിരുന്നത് ഉണക്കറൊട്ടിയും കാട്ടുചോലയിലെ തെളിനീരുമായിരുന്നു.




ഒരേസമയം പ്രകൃതിയുടെ പ്രതിരോധങ്ങളോടു മല്ലിട്ട് ലക്ഷ്യപ്രാപ്തി നേടുന്ന മനുഷ്യമനസ്സിന്റെ ദൃഢശക്തിയും പ്രകൃതിയുടെ വിദൂരവിസ്മയങ്ങൾ അറിഞ്ഞും അനുഭവിച്ചും അതിനെ ഒരു അനുഭൂതിയായി ഉൾക്കൊള്ളാനുള്ള ആന്തരികത്വരയും തെളിഞ്ഞുകാണുന്ന, ആത്മാർത്ഥത തുടിക്കുന്ന കൃതിയാണിത്. യാത്രയുടെ ലഹരിയിൽ, ജീവിതംതന്നെ ഹോമിച്ച രാജന്റെ ജീവിതയാത്ര അവിചാരിതമായി അവസാനിച്ചെങ്കിലും ഹിമവൽ പര്യടനത്തിന്റെ ഈ കൃതിയിലൂടെ അദ്ദേഹം ജീവിക്കുന്നു. ■

# നാഥാ, എത്ര വൈകീ ഞാൻ!



**അലക്സാണ്ടർ സോൾസെനിറ്റ്സിൻ**
(1918–2008)

**സ്വതന്ത്രവിവർത്തനം : ഫാ. കുര്യാക്കോസ് നരിതൂക്കിൽ**

എന്നു ഞാൻ കാറ്റിൽ ചിന്നിച്ചിതറീ,
ശാശ്വതനന്മതൻ പുണ്യവിത്തുകൾ?
പള്ളിപ്പാട്ടുകളെൻ കുട്ടിക്കാലത്തു
ശാന്തസ്വരത്തിൽ താരാട്ടുപാടീ
പുസ്തകപാണ്ഡിത്യത്തിനഗ്നി പിൽക്കാലത്തെൻ
തലച്ചോറിൽ പൊങ്ങച്ചം പാടീ.
സൃഷ്ടിതൻ രഹസ്യങ്ങൾ വ്യക്തമെന്നു കരുതീ ഞാൻ
എന്നിഷ്ടത്തിനു വളയും വിധിയെന്നും.
തിളച്ചുകൊണ്ടിരുന്നെൻ രക്തം
ഓരോ നാഡിയിടിപ്പിനും
മാറി വന്നൂ ഭാവിക്കു പുതുനിറം,
എതിർപ്പേറും എന്നാത്മാവിൽ നിശ്ശബ്ദം
വീണുതകർന്നൂ വിശ്വാസഗോപുരം.
ഉള്ളായ്മതൻ ഇല്ലായ്മതൻ അതിരുകൾ കണ്ടറിഞ്ഞൂ ഞാൻ
അഗാധഗർത്തത്തിൻ വക്കത്താർത്തനായിനിന്നൂ ഞാൻ.
ഇന്ന് അതോർത്തു വിറയ്ക്കുന്നൂ ഞാൻ
കഴിഞ്ഞകാലജീവിതം കൂറോടോർക്കുന്നു ഞാൻ
എന്നാശകളല്ല എൻ യുക്തിയല്ല
ഈ വളവുതിരുവുകളിൽ വഴിവിളക്കുകൾ
പരംപൊരുളിൻ പാവന കതിരുകളെത്രേ!
എന്നതു ഗ്രഹിക്കാനെത്രനാൾ വൈകീ ഞാൻ
എൻ ദാഹത്തിനനുസൃതം പാനം ചെയ്യുന്നു
ഞാനിന്നു ജീവജലത്തിൻ ഉറവയിൽനിന്നും
വിശ്വത്തിൻ നാഥാ, വീണ്ടുമെനിക്കിതാ വിശ്വാസം.
നിന്നെത്തള്ളിക്കളഞ്ഞ എന്നെ
നീ കൈവെടിഞ്ഞതില്ലൊരുനാളും

*(റഫറൻസ് : ഗുലാഗ് ആർക്കി പെലാഗോ, വാല്യം 2, ഭാഗം 4)*

## *സോൾസെനിറ്റ്സിന്റെ കവിതയ്ക്ക് ഒരു അടിക്കുറിപ്പ്*

തികഞ്ഞ മാർക്സിസ്റ്റും അതിനാൽത്തന്നെ നിരീശ്വരനുമായി മാറിയ, ഒക്ടോബർ വിപ്ലവത്തിനും തനിക്കും ഒരേ പ്രായമാണെന്ന് അഹങ്കരിച്ചിരുന്ന, പഠനത്തിലും കലകളിലും സമർത്ഥനായ അലക്സാണ്ടർ സോൾസെനിറ്റ്സിൻ തന്റെ 22-ാം വയസ്സിൽ സർവകലാശാല വിദ്യാഭ്യാസം തീരുംമുമ്പേസഹപാഠിയായ നത്താലിയാ റെഷതോ വിസ്കിയയെ വിവാഹം ചെയ്തു.

പള്ളിയിൽ വിവാഹിതനാകാത്തതിന് അമ്മയും ഇളയമ്മമാരും കലഹിക്കുമെന്നറിയാമായിരുന്നതിനാൽ അവരെ അറിയിക്കുകപോലും ചെയ്തില്ല. 'ദാസ് കാപ്പിറ്റൽ' മധുവിധുവിനു കൂടെക്കൊണ്ടുപോവുകയെന്ന സാഹസം ചെയ്ത ദമ്പതികൾ വളരെ ചുരുക്കമായിരിക്കുമെന്ന്, 'സോൾസെനിറ്റ്സി'ന്റെ ജീവചരിത്രകാരനായ ജോസഫ് പെരേര രേഖപ്പെടുത്തുന്നുണ്ട്. പുസ്തകം കൊണ്ടുപോവുകമാത്രമല്ല, വായിക്കുകയും ചെയ്തു. (Solzhenitsyn, A Soul in Exile, Ignatius Press, San Francisco 2011, P.49).

1941 ൽ ജർമൻ നാസിപ്പട സോവ്യറ്റ് യൂണിയനെതിരേ യുദ്ധം ആരംഭിച്ചു. സോൾസെനിറ്റ്സിൻ ആവേശത്തോടെ പട്ടാളത്തിൽ ചേർന്ന് യുദ്ധമുഖത്ത് പോരാടി പ്രശംസകൾ ഏറ്റുവാങ്ങി. വീരചക്രംതന്നെ കിട്ടുമെന്നിരിക്കേ എല്ലാം തകിടംമറിഞ്ഞു. 1945 ഫെബ്രുവരി 9-ാം തീയതി പട്ടാളക്യാമ്പിൽ വച്ച് അറസ്റ്റു ചെയ്യപ്പെട്ടു. യുദ്ധമുഖത്തുള്ള കൂട്ടുകാരന് അയച്ച കത്തിൽ സ്റ്റാലിനെക്കുറിച്ച് 'മൂപ്പിൽസ്' എന്നർത്ഥം വരുന്ന റഷ്യൻ വാക്ക് എഴുതിയതിനാണ് അറസ്റ്റ്. 'ആനമണ്ടത്തരം' എന്നു ജയിലിലെ താപ്പാനകൾ പറഞ്ഞു. ശിക്ഷ എട്ടു കൊല്ലം സൈബീരിയൻ ജയിലിൽ കഠിനതടവ്. ഈ ആനമണ്ടത്തരമാണ് യഥാർത്ഥ സോൾസെനിറ്റ്സിനെ സൃഷ്ടിച്ചത്!


തടങ്കലിൽവച്ചു കാൻസർ ബാധിച്ചു. അവിടെയുണ്ടായിരുന്ന ഒരു ഡോക്ടർ ഓപ്പറേഷൻ നടത്തി. ആ കാലയളവിൽ മനസ്സിൽ കുറിച്ച കവിതയാണിത്. തടങ്കലിൽ ഒരു കടലാസോ പെൻസിലോ കിട്ടില്ല. അതുകൊണ്ട് സോൾസെനിറ്റ്സിൻ ആയിരക്കണക്കിനു കവിതകൾ മനസ്സിൽ എഴുതി ഓർമയിൽ ശേഖരിച്ചു. തടവുകാരന്റെ ഏക ലഗേജ് അവന്റെ ഓർമയാണെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. (വിവർത്തകർ)




**നവംബർ 28**
**മംഗളവാർത്ത**
**ഒന്നാം ഞായർ**

**ഉത്പത്തി 17: 1–5, 15–19**
**മലാക്കി 2: 17 – 3: 5**
**ഹെബ്രായർ 11: 1–12**
**വി. ലൂക്കാ 1: 5–20**

# ആത്മാവിൽ സന്തോഷിക്കുന്ന വിശ്വാസം



**മാർ ജേക്കബ് മുരിക്കൻ**

സഭയുടെ ആരാധനാവത്സരത്തിന്റെ ആരംഭമാണ് മംഗളവാർത്തക്കാലം അഥവാ സുവാറ. സഭാത്മകജീവിതത്തിന്റെ ഊടും പാവും നെയ്യുന്നത് ആരാധനാവത്സരമാണ്. മംഗളവാർത്തക്കാലം മനുഷ്യകുലത്തിന്റെ രക്ഷയ്ക്കായുള്ള സദ്വാർത്തകളുടെ ആനന്ദമാണ് വിശ്വാസികളുടെ ഹൃദയത്തിൽ നിറയ്ക്കുന്നത്. ദൈവത്തോടൊപ്പം നടന്നവർ കേട്ട സദ്വാർത്തകളാൽ ഈ ആരാധനാവത്സരം നിറയപ്പെട്ടിരിക്കുന്നു. ഈ വാർത്തകളുടെയെല്ലാം പൂർത്തീകരണമായ മഹാസദ്വാർത്തയായി പരിശുദ്ധ കന്യകാമറിയത്തിനു ലഭിച്ച മംഗളവാർത്ത കേന്ദ്രസ്ഥാനത്തു നിലകൊള്ളുന്നു. പരിശുദ്ധ കന്യകാമറിയത്തോടുള്ള വണക്കം സവിശേഷമായി പ്രകടിപ്പിക്കുന്ന ആരാധനാകാലംകൂടിയാണ് മംഗളവാർത്തക്കാലം.

മംഗളവാർത്തക്കാലത്തിലെ ആദ്യ ഞായറാഴ്ച ദൈവത്തിൽ വിശ്വസിക്കുന്നതിന്റെ മഹത്ത്വവും വിശ്വസിക്കുന്നവർ അനുഭവിക്കുന്ന സന്തോഷവും നമ്മുടെ ചിന്തയ്ക്കായി നൽകി സഭാമാതാവ് ഈശോമിശിഹായുടെ സംലഭ്യമാക്കപ്പെട്ട രക്ഷയുടെ സന്തോഷം പരിശുദ്ധാത്മാവുവഴി കൃപയായി സ്വീകരിക്കാൻ വിശ്വാസികളായ മക്കളെ ആഹ്വാനം ചെയ്യുന്നു.

ഒന്നാം വായനയിൽ ഉത്പത്തിപ്പുസ്തകത്തിൽ ഇസഹാക്കിന്റെ ജനനത്തെക്കുറിച്ചുള്ള സദ്വാർത്ത അബ്രാഹത്തിനും സാറായ്ക്കും ലഭിക്കുകയാണ്. ഇസഹാക്ക് എന്ന ഹീബ്രുവാക്കിന്റെ അർത്ഥം 'അവൻ ചിരിച്ചു'വെന്നാണ്. ദൈവത്തിന്റെ ലക്ഷ്യം മനുഷ്യന്റെ സന്തോഷമാണ്. ഭൂമിയിൽ സന്തോഷിക്കാനാവാത്തവിധം സന്താനമില്ലായ്മയുടെ വേദന പിന്തുടരുമ്പോഴും ദൈവത്തിൽ സന്തോഷം കണ്ടെത്താൻ ഈ ദമ്പതികൾക്കു സാധിക്കുന്നത് വിശ്വാസംവഴിയാണ്. മനുഷ്യജീവിതത്തിന്റെ സമഗ്രതയിൽ സന്തോഷിക്കാനാവുന്നത് വിശ്വാസത്തിലൂടെ മാത്രമാണ്. ഇസഹാക്കിനെ നൽകി മാതാപിതാക്കളെ സന്തുഷ്ടരാക്കിയ ദൈവം തന്റെ ഏകജാതനെ നൽകിയാണ് മനുഷ്യകുലത്തിനു മുഴുവൻ സമ്പൂർണവും സമഗ്രവുമായ ആനന്ദം പ്രദാനം ചെയ്യുന്നത്. ഈശോമിശിഹായിലൂടെ പിതാവായ ദൈവത്തോട് ഐക്യപ്പെട്ടിരിക്കുമ്പോഴാണ് പരിശുദ്ധാത്മാവിൽ ആനന്ദിക്കുവാൻ സാധിക്കുന്നത്. ഈ ആനന്ദമാണ് ശാശ്വതമായതും നിത്യസൗഭാഗ്യത്തിനു നമ്മെ യോഗ്യരാക്കുന്നതും ദൈവരാജ്യത്തിലേക്കു നമ്മെ രൂപാന്തരപ്പെടുത്തുന്നതും.

മലാക്കി പ്രവാചകന്റെ പുസ്തകത്തിൽ ദൈവം തന്റെ ദൂതനിലൂടെ നൽകുന്ന സദ്വാർത്തയാണ് രണ്ടാം വായനയിലെ പ്രതിപാദ്യം. പരിശുദ്ധി നഷ്ടപ്പെട്ട ദൈവാലയത്തിലേക്ക് ദൈവം തന്റെ ദൂതനെ അയയ്ക്കുമെന്നും അവിടെ യഹോവയുടെ നാമത്തിൽ വിശുദ്ധീകരണം നടക്കുമെന്നും വ്യക്തമാക്കുന്നു. യഹോവയുടെ ദിനം നന്മയുടെ വിജയവും തിന്മയുടെ അവസാനവുമാണ്. വരാനിരിക്കുന്ന ഈ നന്മയുടെ വിജയത്തെക്കുറിച്ചുള്ള സദ്വാർത്ത വിശ്വസിക്കുന്നവർക്കെല്ലാം സന്തോഷകരമാണ്.

മൂന്നാം വായന ഹെബ്രായലേഖനത്തിൽനിന്ന് പൂർവപിതാക്കളുടെ വിശ്വാസജീവിതമാതൃക സവിശേഷമായി പ്രതിപാദിക്കുന്നതാണ്. വിശ്വാസംവഴി ദൈവത്തോടൊപ്പം ഭൂമിയിൽ സഞ്ചരിച്ച പൂർവപിതാക്കളുടെ അനുകരണീയമായ മാതൃക പിന്തുടർന്നുകൊണ്ട് ഭൂമിയിൽ ദൈവരാജ്യത്തിനു ത്യാഗനിർഭരമായി സാക്ഷ്യം വഹിക്കാനാണ് ഈ സദ്വാർത്തകളിലൂടെ സഭാമാതാവ് വിശ്വാസികളെ ഒരുക്കുന്നത്. ഈ സദ്വാർത്തയ്ക്കുള്ള പ്രത്യുത്തരമാണ് വിശ്വാസജീവിതം.

വിശുദ്ധ ലൂക്കായുടെ സുവിശേഷമാണ് വചനഭാഗത്തിന്റെ കേന്ദ്രം. ദൈവത്തിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം പാലിക്കുന്നതിന്റെ സന്തോഷം പങ്കുവയ്ക്കുന്ന ദമ്പതികളാണ് സഖറിയായും എലിസബത്തും. സന്താനമില്ലായ്മയുടെ ദുഃഖത്തെ ശമിപ്പിക്കാൻ തക്ക ആനന്ദം ദൈവത്തിൽ അവർ കണ്ടെത്തുന്നു. അതിനു കാരണം വരാനിരിക്കുന്ന സൗഭാഗ്യങ്ങളിലുള്ള വിശ്വാസമാണ്. ദൈവാലയത്തിലെ തമിത് ശുശ്രൂഷയ്ക്കു നറുക്കു വീണത് മഹാസൗഭാഗ്യമായി കാണുന്ന സഖറിയ ദൈവാരാധനയുടെയും ശുശ്രൂഷകളുടെയും കൃപാവരത്തിന്റെ ഒരു പാത്രമാണ്. സഖറിയായുടെയും എലിസബത്തിന്റെയും അപമാനം നീക്കാൻ തീരുമാനിച്ചുവെന്ന അറിയിപ്പ് പാപംമൂലം മനുഷ്യനുണ്ടായ അപമാനം നീക്കാൻ രക്ഷകൻ അവതരിക്കാൻ പോകുന്നുവെന്നതിന്റെ അടയാളമാണ്. പഴയനിയമബലികളും അനുഷ്ഠാനവിധികളും അവസാനിക്കുന്നുവെന്നും മിശിഹായിൽ നിത്യമായ രക്ഷ ഒരുക്കപ്പെട്ടിരിക്കുന്നുവെന്നുമാണ്, പരമ്പരാഗതമായ പേരുമാറി പുതിയ നാമം 'യോഹന്നാൻ' എന്നത് സൂചിപ്പിക്കുന്നത്. ദൈവത്തിന്റെ കരുണയുടെ മഹാ അറിയിപ്പാണ് സഖറിയ കേൾക്കുന്നത്. സഖറിയായുടെ മൗനം പഴയനിയമപ്രവാചകന്മാരുടെ കാലം അവസാനിച്ചിരിക്കുന്നുവെന്നും പിതാവായ ദൈവം പുത്രനിലൂടെ സംസാരിക്കുന്ന സമയം ആസന്നമായിരിക്കുന്നുവെന്നും സൂചിപ്പിക്കുന്നു. അതിന്റെ തുടക്കമാണ് മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദം. അത് ലോകത്തിനുള്ള സദ്വാർത്തയായിരുന്നു, മാനസാന്തരപ്പെടാനുള്ള ആഹ്വാനം. രക്ഷകനെ സ്വീകരിക്കാനുള്ള ഒരുക്കമാണ് മാനസാന്തരം. ■



# സിസ്റ്റർ പെട്രിനി : വത്തിക്കാൻ ഗവർണറേറ്റിന്റെ പുതിയ സെക്രട്ടറി ജനറൽ



റോം: വത്തിക്കാൻ സിറ്റി സ്റ്റേറ്റ് ഗവർണറേറ്റിന്റെ സെക്രട്ടറി ജനറലായി സിസ്റ്റർ റാഫേല്ല പെട്രിനിയെ ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. വത്തിക്കാൻ സിറ്റി സ്റ്റേറ്റിന്റെ സെക്രട്ടറി ജനറൽ പദവി വഹിക്കുന്ന ആദ്യവനിതയാണ് സിസ്റ്റർ റാഫേല്ല പെട്രിനി. 2005 മുതൽ ജനതകളുടെ സുവിശേഷവത്കരണത്തിനായുള്ള കോൺഗ്രിഗേഷനിൽ സേവനം ചെയ്യുകയായിരുന്നു സിസ്റ്റർ റാഫേല്ല. വത്തിക്കാൻ സിറ്റി സ്റ്റേറ്റിൽ മാർപാപ്പയ്ക്കു പകരം എക്സിക്യൂട്ടീവ് അധികാരം വിനിയോഗിക്കുന്ന ബോഡിയാണ് വത്തിക്കാൻ ഗവർണറേറ്റ്. ഇന്നുവരെയുള്ള വത്തിക്കാൻ പാരമ്പര്യങ്ങളിൽനിന്നു വ്യത്യസ്തമാണ് ഈ നിയമനം. വത്തിക്കാൻ പ്രസ് ഓഫീസിന്റെ ബുള്ളറ്റിനാണ് ഇക്കാര്യം അറിയിച്ചത്.

1969 ജനുവരി 15 ന് റോമിലാണ് സിസ്റ്റർ റാഫേല്ല പെട്രിനിയുടെ ജനനം. ഫ്രാൻസിസ്കൻ സിസ്റ്റേഴ്സ് ഓഫ് ദി യൂക്കരിസ്റ്റിക് എന്ന സന്ന്യാസസഭയിലെ അംഗമാണ്. റോമിലെ ലൂയിസ് യൂണിവേഴ്സിറ്റിയിൽനിന്ന് പൊളിറ്റിക്കൽ സയൻസിൽ ബിരുദവും ബാർണി സ്കൂൾ ഓഫ് ബിസിനസ്സിൽനിന്ന് 'സയൻസ് ഓഫ് ഓർഗനൈസേഷൻ ബിഹേവിയർ' എന്ന വിഷയത്തിൽ ബിരുദാനന്തര ബിരുദവും സെന്റ് തോമസ് അകിനാസിന്റെ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽനിന്ന് സോഷ്യൽ സയൻസസിൽ ഡോക്ടറേറ്റും നേടി.

2015 മുതൽ 2019 വരെ റോമിലെ കാമിലിയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാസ്റ്ററൽ തിയോളജി ഓഫ് ഹെൽത്തിൽ സഭയുടെ സാമൂഹികസിദ്ധാന്തവും ആരോഗ്യ സാമൂഹികശാസ്ത്രവും പഠിപ്പിച്ച സിസ്റ്റർ റാഫേല്ല, പൊന്തിഫിക്കൽ യൂണിവേഴ്സിറ്റി ഓഫ് സോഷ്യൽ സയൻസസിലെ ഫാക്കൽറ്റി ഓഫ് സോഷ്യൽ സയൻസസിൽ വെൽഫെയർ ഇക്കണോമിക്സ്, സോഷ്യോളജി ഓഫ് എക്കണോമിക് പ്രോസസ് പ്രൊഫസറായി സേവനം ചെയ്തുവരികയാണ്.


■ സിസ്റ്റർ സോണിയ തെരേസ്



കഥ

അഡ്വ. എ.റ്റി. തോമസ് വാളനാട്ട്

# മിന്നലാട്ടം



രാജപ്പൻപിള്ള കോഴിയിറച്ചി വാങ്ങാൻ വന്നതാണ്. അദ്ദേഹം കോഴിയിറച്ചിയെന്നല്ല, ജീവനുള്ള ഒന്നിനെയും കൊന്നുഭക്ഷിക്കുന്നയാളല്ല; തികഞ്ഞ സസ്യാഹാരി. ഇതുപക്ഷേ, കൊച്ചുമക്കളെപ്രതി വന്നതാണ്. മകനും കുടുംബവും രണ്ടു ദിവസത്തെ ലീവിനു വന്നിട്ടുണ്ട്, ചെന്നൈയിൽ നിന്ന്. മുത്തച്ഛനും കൊച്ചുമക്കളെന്നുവച്ചാൽ ജീവനാ. "അവരുടെകൂടെ ആന കളിക്കുന്നതും സാറ്റു കളിക്കുന്നതുമൊക്കെക്കണ്ടാൽ മുത്തച്ഛനും കൊച്ചുമക്കൾക്കുമൊരേ പ്രായമാണെന്നേ തോന്നൂ" എന്നാണ് മുത്തശ്ശി പറയുന്നത്.

ഒരു ജീവിയെയും കൊന്നുഭക്ഷിക്കുന്നത് ഇഷ്ടമല്ലെങ്കിൽപ്പോലും അദ്ദേഹം കോഴിക്കടയിലേക്കു വന്നിരിക്കുകയാണ്. വന്നില്ലെങ്കിൽ ഈ ലോഹ്യമൊന്നുമുണ്ടായിരിക്കുകയില്ല എന്നതു തന്നെ കാര്യം. തങ്ങളുടെ ഇഷ്ടങ്ങൾ സാധിച്ചുകൊടുത്തില്ലെങ്കിൽ അവർ പിച്ചുകയും മാന്തുകയും ചെയ്യും. മുത്തച്ഛനെ പുഷ്പുൾ ട്രെയിനാക്കി മാറ്റാനും അവർക്കറിയാം. മകന്റെ മക്കളിൽ മൂത്തതു പെണ്ണ്. അവൾക്കു ആറു വയസ്സേ ആയിട്ടുള്ളൂ. ഇളയവനാണു വിരുതൻ. അവന് നാലു വയസ്സ്. "മുത്തച്ഛാ എനിക്കു ലെഗ്പീസ് മുറിക്കാതെ വാങ്ങിക്കൊണ്ടുവരണേ" എന്നു പ്രത്യേകം പറഞ്ഞാണു വിട്ടിരിക്കുന്നത്. ഫ്ളൂട്ട് വായിക്കുന്നതുപോലയാണ് അവൻ കോഴിയുടെ ലെഗ്പീസ് കടിച്ചുപറിക്കുന്നതെന്ന് അദ്ദേഹം വാത്സല്യത്തോടെ പറയും. പക്ഷേ, ഒരു ജീവിയെ ചൂണ്ടിക്കാണിച്ചു കൊടുത്ത് കഴുത്തറത്ത് കൊല്ലിച്ച്... ഓർക്കുന്നതുതന്നെ പ്രയാസമാ.

മുമ്പിൽ നിന്നയാൾ ചൂണ്ടിക്കാണിച്ചതനുസരിച്ച് കോഴിക്കടയിലെ ജീവനക്കാരൻ ഒരു കോഴിയെ പിടിച്ചു കഴുത്തറത്ത് വീപ്പയിലേക്കിട്ടു. രാജപ്പൻപിള്ള ഒരു ഞെട്ടലോടെ മുഖം തിരിച്ചുപിടിച്ചു. വീപ്പയിൽനിന്ന് ആദ്യം ചിറകടിയുടെ ശബ്ദവും പിന്നാലെ കോഴിക്കാലുകളുടെ ദീനമായ ശബ്ദവും കേട്ടു. കോഴിയുടെ വേർപെട്ട കഴുത്തിൽനിന്നു ചോര ചീറ്റുന്നത് അദ്ദേഹം ഭാവനയിൽ കണ്ടു. ഒരു ദേഹവും ദേഹിയും വേർപിരിയുന്ന ദാരുണരംഗം നേരിൽക്കണ്ട് ഭയാക്രാന്തനായി നില്ക്കുന്ന പിള്ളയെ ആ ജീവനക്കാരൻ വിസ്മയത്തോടെ നോക്കി, 'ഇയാളേതു നാട്ടുകാരനാ' എന്ന ഭാവത്തിൽ. "ഏതാ വേണ്ടത്? വേഗം പറയുക" അയാൾ ബംഗാളിച്ചുവയുള്ള മലയാളത്തിൽ ചോദിച്ചു. ചോദ്യംകേട്ട് ഝടിതിയിൽ ഇഹലോകത്തേക്കു തിരിച്ചുവന്നു നേരേ മുന്നിൽക്കണ്ട ഒരു കോഴിയെ ചൂണ്ടി "ഇതു മതി" എന്നു പറഞ്ഞൊപ്പിച്ചു. കോഴിയെ കൊല്ലാൻ പിടിച്ചപ്പോൾ, എല്ലാം മനസ്സിലായതുപോലെ അതൊരു ആർത്തനാദം മുഴക്കി. പറന്നു രക്ഷപ്പെടാൻ നോക്കിയ കോഴിയെ അയാൾ നിഷ്കരുണം അമർത്തിപ്പിടിച്ച്, കഴുത്തറത്ത് വീപ്പയിലേക്കിട്ടു. പട, പട കാലടിശബ്ദം നിലച്ചതോടെ ചോരയിൽ കുളിച്ചു നിശ്ചലമായിക്കിടന്ന കോഴിയുടെ ജഡമെടുത്ത് തൊലി പൊളിച്ചു പീസ് പീസാക്കി മുറിക്കുന്നതു കണ്ടപ്പോൾ ആ കഷണങ്ങൾക്കു ജീവനുള്ളതുപോലെ രാജപ്പൻ പിള്ളയ്ക്കു തോന്നി. കോഴിയുടെ പ്രാണൻ പോയിരുന്നോ ആവോ? "ഇയാൾ ഒരു മനുഷ്യൻ തന്നെയോ?" എന്ന ഭാവത്തിൽ രാജപ്പൻപിള്ള അയാളെ നോക്കിയതിന്റെ അർത്ഥം ബംഗാളിക്കു ശരിക്കും മനസ്സിലായി. പിന്നിൽ നിന്നയാൾക്കുവേണ്ടി മറ്റൊരു കോഴിയുടെ കഴുത്തുമുറിച്ച് വീപ്പയിലിട്ടാണ് അതിനുള്ള നിശ്ശബ്ദമറുപടി നൽകിയത്. സ്വന്തം കഴുത്തിൽ കത്തി വയ്ക്കുന്നതുപോലെ തോന്നി പിള്ളയ്ക്ക്.

രാജപ്പൻപിള്ള ധൈര്യം സംഭരിച്ചു. ഒരു കോഴിയെ കൊല്ലുന്നതിന്റെ അടുത്തുനില്ക്കാനുള്ള ധൈര്യംപോലും തനിക്കില്ലല്ലോ എന്ന ചിന്ത അദ്ദേഹത്തിന്റെ മനസ്സിൽ അല്പം അപകർഷതാബോധമുളവാക്കി. തന്റെ കൊച്ചുമക്കളെ പറഞ്ഞുവിട്ടിരുന്നെങ്കിൽ അവർ ഒരു സംഘർഷവും കൂടാതെ കോഴിയിറച്ചിയും വാങ്ങി വരുമായിരുന്നു. തന്നെക്കൊണ്ട് അതിനുപോലും കൊള്ളില്ലെങ്കിൽ!

കുറ്റബോധവും അപകർഷതാബോധവും അദ്ദേഹത്തെ മാറി മാറി വേട്ടയാടി. ഒരു പ്രാണിയെപ്പോലും ഹിംസിക്കരുത് എന്നതാണല്ലോ തന്റെ സിദ്ധാന്തം. തൊട്ടടുത്തനിമിഷം അദ്ദേഹം ചിന്തിച്ചു. പാമ്പിനു തവളയെ വിഴുങ്ങാം, കുറുക്കനു കോഴിയെത്തിന്നാം, പുലിക്കാണെങ്കിൽ മാനിന്റെ കൊരവള്ളി മുറിച്ച് ചോര കുടിക്കാം, സിംഹത്തിനു മാനിനെയും മ്ലാവിനെയും കൊന്നുതിന്നാം. എങ്കിൽപ്പിന്നെ മനുഷ്യൻ ഒരു കോഴിയെ കൊന്നുതിന്നുന്നതിലെന്താ തെറ്റ്" (എന്നാലും എനിക്കു വേണ്ട കേട്ടോ. അദ്ദേഹം പോലുമറിയാതെ ആത്മഗതം കുതിച്ചുകയറി ഗോളടിച്ചു.) ഹിംസയും അഹിംസയും അനുകൂലമായും പ്രതികൂലമായും അദ്ദേഹത്തിന്റെ അന്തരംഗത്തിന്റെ അടച്ചിട്ട കോടതിമുറിക്കുള്ളിൽ അഗ്നിസ്ഫുലിംഗങ്ങൾ പറത്തി വാദപ്രതിവാദം നടത്തി. രാജപ്പൻപിള്ള ഒരു കാര്യം തീർച്ചയാക്കി. ബാലിശമായ ഈ അഹിംസാസിദ്ധാന്തത്തിന്റെ മുമ്പിലൊന്നും താനിനി മുട്ടുമടക്കില്ല. പിടിക്കുന്ന പാമ്പിനെയും കുറുക്കനെയും സിംഹത്തെയുമൊക്കെ മനസ്സിൽ കണ്ടു. തൊട്ടടുത്തു നിമിഷം കുറ്റബോധം അദ്ദേഹത്തെ വേട്ടയാടുകയും ചെയ്തു.

പീസാക്കിയ കോഴിക്കഷണങ്ങൾ പ്ലാസ്റ്റിക്ക് കവറിലേക്കു വാരിയിട്ട് പേപ്പറിൽ പൊതിഞ്ഞ് പിന്നെയും മറ്റൊരു പ്ലാസ്റ്റിക് കവറിലിട്ട് രാജപ്പൻപിള്ളയുടെ കൈയിൽ വച്ചുകൊടുത്തു. ജീവനക്കാരൻ കാൽക്കുലേറ്ററിൽ കണക്കു കൂട്ടിപ്പറഞ്ഞു. "രണ്ടര കിലോ 275 രൂപാ." കാശ് എണ്ണിക്കൊടുത്തിട്ട് കോഴിയിറച്ചിയുമായി പിള്ള നടന്നു.

വീട്ടിലേക്കുള്ള വഴിയിലുട നീളം കുറ്റബോധം രാജപ്പൻപിള്ളയെ കാർന്നുതിന്നുകൊണ്ടിരുന്നു. ആരെയും ശ്രദ്ധിക്കാതെ വേഗം നടന്നു. തന്റെ മാനസിക സംഘർഷം ഏതു കൊച്ചുകുട്ടിക്കും വായിച്ചെടുക്കാമെന്ന് അദ്ദേഹത്തിനു തോന്നി. 'മുഖം മനസ്സിന്റെ കണ്ണാടിയാണെ'ന്നു പറയുന്നത് എത്ര ശരിയാണ്.

മുത്തച്ഛന്റെ കൈയിലെ പ്ലാസ്റ്റിക് കവർ കണ്ടപ്പോൾ കൊച്ചുമക്കൾക്കു സന്തോഷമായി. അദ്ദേഹത്തിന്റെ സഹധർമിണി കണ്ടപാടേ ചോദിച്ചു: "അയ്യോ ഇതെന്താ വല്ലാണ്ടിരിക്കുന്നത്?"

കൊച്ചുമകൾ പറഞ്ഞു: "മുത്തശ്ശീ, മുത്തച്ഛന്റെ മുഖം കണ്ടാലിപ്പോൾ കുറുക്കനെപ്പോലെയുണ്ട്."

കൊച്ചുമകൻ പറഞ്ഞു: "കടുവായെപ്പോലെയുണ്ട്." "നമ്മൾ പുലികളി കാണാൻ തൃശൂരു പോയില്ലേ, അവിടെ കണ്ട പുലിയുടെ മുഖത്തേക്കു നോക്കുന്നതുപോലെയുണ്ട്." ഒന്നും മിണ്ടാതെ രാജപ്പൻപിള്ള ചാരുകസേരയിലേക്കു ചാഞ്ഞു. അദ്ദേഹം വിചാരിച്ചു. ശരിയായിരിക്കാം, തന്റെ അന്തരംഗസ്പന്ദനങ്ങൾ മനോമുകുരത്തിൽ പ്രതിബിംബിച്ചിട്ടുണ്ടായിരിക്കും. കുറുക്കനും കടുവയും പുലിയുമൊക്കെ തന്റെ മനോവനത്തിലൂടെ മിന്നലാട്ടം നടത്തിയിരുന്നല്ലോ. ■

# യുവേർഷൻ ബൈബിൾ ആപ്പിന് 50 കോടി ഉപഭോക്താക്കൾ:

## ദൈവം തങ്ങളിലൂടെ വലിയ കാര്യം ചെയ്തുവെന്ന് നിർമാതാക്കൾ




ന്യൂയോർക്ക്: സൗജന്യബൈബിൾ ആപ്ലിക്കേഷനായ 'യുവേർഷൻ'ന് 50 കോടി ഉപഭോക്താക്കൾ തികഞ്ഞു. ആപ്പിന്റെ ഉടമസ്ഥരായ 'ക്രെയിഗ് ഗ്രോയിഷെൽ'ന്റെ 'വേഴ്സ് ഓഫ് ദി ഡേ' വീഡിയോയ്ക്കൊപ്പമാണ് ആപ്പ് 50 കോടി മൊബൈലുകളിൽ ഇൻസ്റ്റാൾ ചെയ്യപ്പെട്ട വിവരം പുറത്തുവിടുന്നത്. ദൈവത്തിന്റെ നന്മയുടെ സാക്ഷ്യത്തെയും, ദൈവവചനത്തിന്റെ ശക്തിയെയുമാണ് ഈ നേട്ടം സൂചിപ്പിക്കുന്നതെന്നു ക്രെയിഗ് ഗ്രോയിഷെൽ വിശേഷിപ്പിച്ചു.

ആപ്ലിക്കേഷൻ നിർമിക്കുന്നതിനുമുമ്പ് ബൈബിൾ വായനയിൽ താൻ ശരാശരിയിലും താഴെയായിരുന്നുവെന്നും, ആപ്പ് നിർമിച്ചുകൊണ്ടിരിക്കുമ്പോൾ താൻ നിരന്തരം ബൈബിൾ വായിക്കാറുണ്ടായിരുന്നുവെന്നും ആപ്പിന്റെ നിർമാതാവായ ബോബ്ബി ഗ്രൂയൻവാൾഡ് 'ക്രിസ്റ്റ്യൻ പോസ്റ്റ്'നു നൽകിയ അഭിമുഖത്തിൽ പറഞ്ഞു. ഒരു വെബ്സൈറ്റ് എന്ന നിലയിലാണ് യുവേർഷൻ ആദ്യമായി ആരംഭിക്കുന്നത്. പല കാരണങ്ങളാൽ അതു വിജയം കണ്ടില്ല. ഇതോടെയാണ് 2008 ജൂലൈ മാസത്തിൽ യുവേർഷന് ആരംഭം കുറിച്ചത്. ആരംഭത്തിന്റെ ആദ്യ ആഴ്ചയിൽത്തന്നെ 83,000 ത്തോളം മൊബൈലുകളിൽ ഈ ആപ്പ് ഇൻസ്റ്റാൾ ചെയ്യപ്പെട്ടിരുന്നു. ദൈവം തങ്ങളിലൂടെ വലിയ കാര്യം ചെയ്യുകയായിരുന്നുവെന്ന് ഈ നേട്ടത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞു.

ആരംഭത്തിൽ ഇംഗ്ലീഷ്, സ്പാനിഷ് എന്നീ രണ്ടു ഭാഷകളിൽ മാത്രമായിരുന്നു ആപ്പ് ലഭ്യമായിരുന്നത്. എന്നാൽ ഇപ്പോൾ ഏതാണ്ട് 1,750-ലധികം ഭാഷകളിൽ ഈ ആപ്പ് ലഭ്യമാണ്. ദൈവവചനവുമായി ബന്ധപ്പെടുന്നതിനുള്ള പ്രാർത്ഥനാമാർഗനിർദേശങ്ങളും ആപ്പിൽ ലഭ്യമാണ്. 2020-ലാണ് 'ഇന്നത്തെ വാക്യം' (വേഴ്സ് ഓഫ് ദി ഡേ) ആരംഭിക്കുന്നത്.

# കാലാവസ്ഥാവ്യതിയാനത്തിൽ എന്റെ മുൻകരുതലുകൾ

23
പ്രകൃതിക്കൊരു പുനർവായന



മാത്യു എം. കുര്യാക്കോസ്



**കാ**ലാവസ്ഥാവ്യതിയാനം മിഥ്യയാണെന്നു വരുത്തിത്തീർക്കാനുള്ള വികസിതരാജ്യങ്ങളുടെ ബോധപൂർവമായ ശ്രമങ്ങൾക്ക് അന്തിമവിജയം കണ്ടെത്താനായില്ല. അത്തരത്തിലുള്ള വിവാദങ്ങൾ ഏറെക്കുറെ അവസാനിച്ചു എന്നുതന്നെ പറയാം. കാലാവസ്ഥാവ്യതിയാനം ഒരു യാഥാർത്ഥ്യമാണെന്ന് ലോകരാഷ്ട്രങ്ങൾ മുഴുവൻ സമ്മതിക്കുന്ന ഈ സമയത്ത് മനുഷ്യനിർമിതമായ കാലാവസ്ഥാഘാതങ്ങളെ പ്രതിരോധിക്കാൻ മനുഷ്യൻ തന്നെ ഉറച്ച നിലപാടുകളും തീരുമാനങ്ങളും എടുത്തേ തീരൂ. കഴിഞ്ഞ ലക്കങ്ങളിൽ നാം പ്രതിപാദിച്ച വിഷയങ്ങൾ ആഗോളതാപനവും അനന്തരഫലമായ കാലാവസ്ഥാവ്യതിയാനവും പരിസ്ഥിതിക്കും മനുഷ്യനും വരുത്തിവയ്ക്കുന്ന വിനാശകരമായ പ്രതിസന്ധികളെക്കുറിച്ചാണ്. തുടർന്നു ചിന്തിക്കുന്നത്, ചിന്തിക്കേണ്ടത് ഇത്തരം പ്രതിസന്ധികളെ അതിജീവിക്കാൻ നാം ഒരുമിച്ച് എടുക്കേണ്ട ശക്തമായ മുൻകൈകളെക്കുറിച്ചാണ്.

ആവർത്തിച്ചാവർത്തിച്ചു പറഞ്ഞും, പ്രയോഗത്തിൽ വരുത്തിയും കണ്ണിലെ കൃഷ്ണമണിപോലെ നാം കാത്തുസൂക്ഷിക്കേണ്ട മനോഹരമായ സമ്പത്താണ് ജൈവസംസ്കാരം. ഇതൊരു ജീവിതശൈലിയായി മാറണം. 2007 ൽ ഓസ്ട്രേലിയായിൽ തുടങ്ങിവച്ച 'ഭൗമമണിക്കൂർ' എന്ന ആശയം ഇന്ന് ഒട്ടുമിക്ക രാജ്യങ്ങളും അനുകരിച്ച് ലോകത്തിലെതന്നെ ഏറ്റവും വലിയ പരിസ്ഥിതിബോധവത്കരണപരിപാടിയായിത്തീർന്നിട്ടുണ്ട്. എല്ലാ വർഷവും മാർച്ചുമാസത്തിലെ അവസാനത്തെ ശനിയാഴ്ച രാത്രി 8.30 മുതൽ 9.30 വരെ ലൈറ്റ് ഓഫാക്കി കാലാവസ്ഥാവ്യതിയാനത്തിനെതിരേയുള്ള പ്രവർത്തനങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന പ്രതീകാത്മകമായ ഒരു പ്രവൃത്തി.

ഒരു മണിക്കൂറിനുശേഷം പിന്നെന്ത് എന്ന ചോദ്യം ബാക്കിയാകുന്നു. ഈയൊരു ബോധം, ഒരു മണിക്കൂറിനുമപ്പുറത്തേക്ക് ഒരു ദിവസം, ഒരാഴ്ച, ഒരു മാസം, ഒരു വർഷം എന്ന രീതിയിലേക്കു ദീർഘിപ്പിക്കാനായാൽ, ബോധപൂർവം നാം പാകപ്പെടുത്തിയെടുത്ത ഈ ഇരുട്ടിനുമപ്പുറം വെളിച്ചത്തിന്റെ ചില തുരുത്തുകൾ പ്രത്യക്ഷമാകും എന്നതുറപ്പ്. കാണാക്കൂരിരുട്ടിൽ കുഞ്ഞുങ്ങളിലേക്കു പകർത്തപ്പെടുന്ന ഈ പരിസ്ഥിതിബോധം അവരുടെ ഹൃദയങ്ങളിലെന്നും ഒരു തിരിയായി തെളിഞ്ഞുനില്ക്കുകതന്നെ ചെയ്യും.

വീട്ടുമുറ്റത്ത് കാറുള്ളപ്പോഴും, വ്യക്തിഗതാവശ്യങ്ങൾക്കു പൊതുഗതാഗതസംവിധാനത്തെ ആശ്രയിക്കുന്ന ചില നല്ല മാതൃകകൾ ഇളംതലമുറയ്ക്കു പകർന്നുനല്കാൻ നമുക്കു കഴിഞ്ഞിരുന്നുവെങ്കിൽ...! ഹർത്താൽ, ബന്ദ് ദിനങ്ങളിൽ തൊടുപുഴയിലെ തന്റെ വീട്ടിൽനിന്നു സൈക്കിൾ ചവിട്ടി 30 കിലോമീറ്റർ ദൂരെയുള്ള പാലാ സെന്റ് തോമസ് കോളജിലെത്തി വിദ്യാർത്ഥികളെ പഠിപ്പിച്ചിരുന്ന സംസ്കൃതാധ്യാപകൻ സി. റ്റി. ഫ്രാൻസീസ് സാർ ഓർമകളിൽ നിറയുന്നു. വഴിനീളെ ഒന്നും ഉരിയാടാതെ അദ്ദേഹം പഠിപ്പിച്ച, പകർന്ന പാഠങ്ങൾക്ക് എത്ര വലുപ്പം! യാത്രകൾക്കു പൊതുഗതാഗതമാർഗങ്ങളെയും, അതിനുമപ്പുറം സൈക്കിളുകളെയും ആശ്രയിക്കാൻ സന്നദ്ധതയുള്ള ഒരു തലമുറയ്ക്കു മാത്രമേ നാട്ടിൽ പടരുന്ന പുകച്ചുരുളുകളുടെ വിഷാംശത്തെ നിർവീര്യമാക്കാൻ കഴിയൂ...

ടാറിട്ട റോഡുകൾ മാത്രമല്ല, ടൈലിട്ട മുറ്റങ്ങളും അലങ്കാരമായിക്കരുതുന്ന വർത്തമാനകാലത്ത്, എന്റെയും എന്റെ കുഞ്ഞുങ്ങളുടെയും കാലുകളിൽ ചെളി പടരട്ടെ എന്നു വിനയത്തോടെ സമ്മതിക്കാൻ കഴിയുന്ന മനുഷ്യരുള്ള കാലത്തേ ഭൂമിക്കതിന്റെ കുതൂഹലങ്ങളിലേക്കു മടങ്ങിപ്പോകാൻ സാധിക്കൂ. മണ്ണിൽ ചവിട്ടാൻ അറപ്പില്ലാത്ത കുട്ടിക്കൂട്ടങ്ങളുടെ പാദങ്ങൾക്കടിയിൽ ജീവജലത്തിന്റെ അരുവികൾ ഉറവയായി പൊട്ടുകതന്നെ ചെയ്യും. മണ്ണ് അതിന്റെ ഉർവ്വരത വീണ്ടെടുക്കുമ്പോൾ കതിരുകൾക്കു മാത്രമല്ല, മനുഷ്യന്റെ സ്വപ്നങ്ങൾക്കും കനകനിറമേറും.

വ്യക്തികളും, കുടുംബങ്ങളും സ്ഥാപനങ്ങളും കാലാവസ്ഥാവ്യതിയാനത്തെ അതിജീവിക്കാൻ നിരവധി പദ്ധതികളുമായി മുന്നേറുമ്പോൾ, 'ആഗോളതാപനം മരമാണ് മറുപടി' എന്ന വാക്യത്തെ നെഞ്ചോടു ചേർത്ത്, ഹരിതവത്കരണത്തിനു പച്ചക്കൊടി കാട്ടുമ്പോൾ മറുവശത്ത് പല വികസിതരാജ്യങ്ങളും ആഡംബരത്തിനും, സുഖസൗകര്യങ്ങൾക്കും, ധൂർത്തിനുംവേണ്ടി വിപുലമായ രീതിയിൽ പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്തുകൊണ്ടേയിരിക്കുന്നു. ഹരിതഗൃഹവാതകങ്ങൾ യഥേഷ്ടം അന്തരീക്ഷത്തിലേക്കു തള്ളിവിട്ടുകൊണ്ട് ആഗോളതാപനത്തിന് ആക്കംകൂട്ടുന്ന അമേരിക്ക, വാതകനിർഗമനം കുറയ്ക്കുന്നതിനുള്ള പാരീസ് ഉടമ്പടിയിൽനിന്നു പിന്മാറിയെന്നത് ഗൗരവമായി ചർച്ച ചെയ്യപ്പെടേണ്ടതും, പ്രതിരോധിക്കപ്പെടേണ്ടതുമാണ്. അത്തരമൊരു സാംസ്കാരികപശ്ചാത്തലം ഐക്യരാഷ്ട്രസഭയിൽ രൂപപ്പെടേണ്ടതുണ്ട്.

യൂറോപ്യൻ യൂണിയൻ ആവിഷ്കരിച്ചു നടപ്പാക്കിയ 20:20 പാക്കേജുപോലുള്ള ധീരമായ നടപടികൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. 2020 ആകുമ്പോൾ ഹരിതഗൃഹവാതകനിർഗമനം 20 ശതമാനം കുറയ്ക്കുമെന്നുള്ള എത്രമാത്രം യാഥാർത്ഥ്യമായെന്നും ഇത്തരം നടപടികളുടെ 'ഇംപാക്ട്' എന്തെന്നും വിലയിരുത്തേണ്ട സമയമാണിത്. ഡോക്യുമെന്റുകളിലും, കരാറുകളിലും, നിയമങ്ങളിലും മാത്രമൊതുങ്ങുന്ന എത്രയോ പദ്ധതികൾ നമുക്കു മുന്നിലുണ്ട്. മലകൾ തകർത്തും നദികൾ നശിപ്പിച്ചും വയലുകൾ നികത്തിയും വനങ്ങൾ തീയിട്ടും ജൈവസംസ്കാരത്തിനു നാം ചരമക്കുറിപ്പെഴുതിക്കഴിഞ്ഞു. യന്ത്രവത്കൃത, കംപ്യൂട്ടറധിഷ്ഠിത, റൊബോട്ടിക് യുഗത്തിൽ, ഭൂതലത്തിലെ ഉപകാരപ്രദമല്ലാത്ത ഒരു ജീവിവർഗമായി മനുഷ്യൻ പരിണമിക്കുമെന്ന മുന്നറിയിപ്പു തള്ളിക്കളയാനാവില്ല. പരിണാമം മൃഗത്തെ മർത്ത്യനാക്കി; തിരിച്ചടിയുണ്ടാകില്ലെന്നാരറിഞ്ഞു!

പ്രിയ കൂട്ടുകാരേ, നൂറ്റാണ്ടുകളെടുത്ത് പരീക്ഷണനിർദ്ധാരണങ്ങളിലൂടെ ഭൂമി രൂപപ്പെടുത്തിയ ആവാസവ്യവസ്ഥകൾ സംരക്ഷിക്കപ്പെടേണ്ടതുണ്ട്. വികസനസങ്കല്പത്തിന്റെ കാമ്പറിഞ്ഞ് മുന്നോട്ടു വയ്ക്കുന്ന ഓരോ ചുവടിലും ഒരു പരിസ്ഥിതിയവബോധത്തിന്റെ താളവും ഈണവും മറ്റുള്ളവർക്കനുഭവിക്കാനാകുന്ന വിധത്തിൽ നമുക്കു ജീവിക്കാൻ കഴിയണം. കാലാവസ്ഥാവ്യതിയാനത്തെ അതിജീവിക്കാൻ കഴിയുന്ന ഒരു പരിസ്ഥിതിദർശനത്തിലേക്ക് എന്റെ നാടുണരട്ടെ. അതിൽ 'എന്റെ മുൻകൈകൾ' പ്രധാനമെന്ന് നമുക്കോരോരുത്തർക്കും ഉറക്കെപ്പറയാം.

■

---

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

## സംസ്ഥാനതലം

രൂപവും അർത്ഥവും വ്യത്യസ്തമായ രണ്ടു വാക്കുകളാണ് തലയും തലവും (തല, തലം). അവധാനതയോടെ പ്രയോഗിച്ചില്ലെങ്കിൽ വിവക്ഷിതം മാറിപ്പോകാം. തല എന്ന വാക്കിന് ശിരസ്സ് എന്നാണ് പ്രസിദ്ധമായ അർത്ഥം. വൃക്ഷങ്ങളുടെയും മറ്റും മുകൾഭാഗം (തലപ്പ്) വാളിന്റെയും മറ്റും മൂർച്ചയുള്ള ഭാഗം (വാൾത്തല) തുടങ്ങിയ വിവക്ഷിതങ്ങളും തല എന്ന പദത്തിനുണ്ട്. തലം എന്ന സംസ്കൃതപദത്തിന് പരന്ന പ്രദേശം, നിരപ്പുള്ള ഭാഗം, ഉറച്ചുനിൽക്കുന്നത്, സ്വരൂപം തുടങ്ങിയ അർത്ഥങ്ങളാണുള്ളത്. തലം മറ്റൊരു പദത്തോടു ചേർത്തു പ്രയോഗിക്കുന്നു, കൈത്തലം, കാൽത്തലം എന്നിങ്ങനെ.


തലസ്ഥാനം എന്നിടത്തെ തലയ്ക്ക് ശിരസ്സ് എന്നർത്ഥം കല്പിക്കണം. ഒരു രാജ്യത്തിന്റെ ഭരണാധിപന്മാരുടെയും ഭരണകാര്യാലയങ്ങളുടെയും ആസ്ഥാനമാണല്ലോ തലസ്ഥാനം. ഇതു മനസ്സിലാക്കാതെ, 'സംസ്ഥാനതലമത്സരം എന്നെഴുതിയാൽ വിവക്ഷിതം അപ്പാടെ മാറിപ്പോകുന്നു. ആദ്യത്തെ ഉദാഹരണത്തിൽ പ്രസ്തുതം യഥാർത്ഥ തലയാണ്. രണ്ടാമത്തേതിലാകട്ടെ തലവും. ഒന്നു ശീർഷകവും മറ്റത് സ്ഥലവും ആണെന്നു മനസ്സിലാക്കണം. അങ്ങനെയെങ്കിൽ ജില്ലാതലം, താലൂക്കുതലം, വാർഡുതലം, പഞ്ചായത്തുതലം (ജില്ലാതല, താലൂക്കുതല, വാർഡുതല, പഞ്ചായത്തുതല തുടങ്ങിയ പ്രയോഗങ്ങൾ നന്നല്ല) എന്നിങ്ങനെ വേണം എഴുതാൻ. ഇത്തരം സന്ദർഭങ്ങളിൽ സംസ്ഥാനതലത്തിലുള്ള മത്സരം ജില്ലാതലത്തിലെ സമിതി, ചർച്ച ഗ്രാമതലത്തിൽ എന്നൊക്കെ പ്രയോഗിച്ചാൽ തരക്കേടില്ല. "പ്രത്യയാദി സ്വരം പരമാകുമ്പോൾ അനുസ്വാരം ത്ത് ആയി മാറും" * എന്നാണല്ലോ നിയമം. തലം + ഇൽ = തലത്തിൽ. 'സംസ്ഥാനതലമത്സരം' എന്നെഴുതുമ്പോൾ തലയല്ല തല(തലം)മാണു വരേണ്ടതെന്നു വ്യക്തമാകുന്നില്ല. ചുരുക്കിയെഴുതണമെങ്കിൽ മത്സരം, ജില്ലാതലം എന്നെഴുതാം. ഇനിയും ഹ്രസ്വമാക്കണമെങ്കിൽ ജില്ലാമത്സരം എന്നെഴുതിയാലും മതി. "തലം എന്നതിന്റെ ആശയം സ്വഭാവേന ആവിഷ്കൃതമാകുന്ന പ്രയോഗം കൂടുതൽ ഹൃദ്യമാണ്. അതായത്, സംസ്ഥാനസംവിധാനം, ജില്ലാമത്സരം, താലൂക്കുസമിതി, വാർഡുയോഗം, ഗ്രാമസഭ എന്നിങ്ങനെ. അതേ, അവശ്യം ആവശ്യമായിടത്തൊഴികെ, ഇടയ്ക്ക് 'തല' വയ്ക്കാത്ത പ്രയോഗത്തിനാണ് ആശയവിനിമയത്തിൽ ആർജവവും ലാളിത്യവും ഉണ്ടായിരിക്കുക"** എന്നാണ് വി.കെ. നാരായണന്റെ മതവും"

* നമ്പൂതിരി, ഇ.വി.എൻ., കേരളഭാഷാവ്യാകരണം, ഡി.സി.ബുക്സ്, കോട്ടയം, 2005, പുറം–53.

** നാരായണൻ, വി.കെ., വാക്കിന്റെ ഇരുളും പൊരുളും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2020, പുറം–116

# പ്രാർത്ഥനയിൽ മൊട്ടിട്ട അഷ്ടകുസുമങ്ങൾ

**വലിയ കുടുംബങ്ങളിൽ വസന്തം വിരിയുമ്പോൾ**





ആഷ്‌ലി ടെസ് ജോൺ

“ഏറ്റു നിൽക്കാൻ പറ്റുന്നില്ലല്ലോ. പിന്നെങ്ങനെയാ നിങ്ങൾ എട്ടുപെറ്റത്?”

ഇലക്ഷൻ ഡ്യൂട്ടിക്കിടയിൽ കൂടെയുണ്ടായിരുന്ന ഓഫീസർ ചോദിച്ചു. വെട്ടം വിതറുന്ന ചിരിയോടെ പ്രീതി പറഞ്ഞു: “എട്ടിനേം തന്നത് നല്ല ഏക്കമുള്ളവനാ. എന്റെ മിടുക്കല്ല, അവന്റെ കൃപയല്ലേ എല്ലാം?” യൗവനത്തിലേതന്നെ ജീവിതത്തെക്കുറിച്ചുള്ള വെളിച്ചംകിട്ടിയ ആ പെൺകുട്ടിയുടെ മുന്നിൽ പരിഹാസത്തിന്റെ മുള്ളുകൾ പനിനീർപ്പൂക്കളായി മാറി. ഒരു ഉറുമ്പു കടിച്ച വേദനയ്ക്ക്, പായാരം പറയുന്നവർക്ക്, കുറവുകളെ കൃപയാക്കി മാറ്റേണ്ടതെങ്ങനെയെന്നു പറഞ്ഞുതരും പ്രീതി.

പ്രീഡിഗ്രിക്കു പഠിക്കുന്ന സമയം. നടുവിനും കാലിനും വല്ലാത്ത വേദന. നട്ടെല്ലിന്റെ വളവു തിരിച്ചറിഞ്ഞപ്പോൾ കുടുംബം മുഴുവൻ ആ സങ്കടത്തിൽ മുങ്ങിപ്പോയി. അച്ചായൻ റെയിൽവേയിൽ ടി.ടി.ആർ. ആയിരുന്നു. മനസ്സു നുറുങ്ങി ധ്യാനം കൂടാൻ പോയി. തിരിച്ചുവന്നത് ദുശ്ശീലങ്ങളൊന്നുമില്ലാത്ത പുതിയ മനുഷ്യനായാണ്. അച്ചായന്റെ മാറ്റം ഞങ്ങളിലേക്കും പടർന്നു. പ്രാർത്ഥിക്കാൻ ഞങ്ങൾ മൂന്നു മക്കളും തമ്മിൽ മത്സരമായി. തീക്ഷ്ണത കൂടിയതേയുള്ളൂ. ചെറിയ ചെറിയ കൂട്ടായ്മകളായി അതു വളർന്നു. മുതിർന്നവർ ഒരുമിച്ച് പ്രാർത്ഥിക്കുമ്പോൾ ഞങ്ങൾ കുട്ടികളെ പ്രാർത്ഥിപ്പിച്ചു. അങ്ങനെ ശക്തമായ വിശ്വാസത്തിന്റെ ഒരു അടിത്തറ കുടുംബത്തിൽ നിന്നുകിട്ടി.

എന്നിലും തീക്ഷ്ണതയുള്ള ഒരാളെ ദൈവം എനിക്ക് കൂട്ടായിത്തന്നു. അതേ ആഗ്രഹിച്ചിരുന്നുള്ളൂ. ഒരേ കാഴ്ചപ്പാടുള്ള രണ്ടുപേർ ഒരുമിച്ചായിരിക്കുമ്പോൾ ജീവിതം എളുപ്പമല്ലേ? വിവാഹം കഴിക്കുമ്പോൾ ഞങ്ങൾക്കു രണ്ടുപേർക്കും സ്ഥിരജോലിയില്ല. മൂന്നാമത്തെ പ്രഗ്നൻസിയുടെ സമയത്ത് ടി.ടി.സി. പാസായി. ആറു കുട്ടികളായതിനുശേഷമാണു ജോലിക്കു പോകാൻ തുടങ്ങിയത്. ഇപ്പോൾ കൊങ്ങാണ്ടൂർ സെന്റ് ജോസഫ് എൽ.പി. സ്കൂളിൽ അധ്യാപികയാണ്. ‘ബെത്‌ലഹേമി’ലെ സമ്പത്തിലും ദാരിദ്ര്യത്തിലും എട്ട് ആൺമക്കളും കൂട്ടായി കൂടെയുണ്ട്. ‘ബെത്‌ലഹേം’ എന്നു പേരുള്ള വീട്ടിൽനിന്നുയരുന്നത് സമാധാനത്തിന്റെയും സന്തോഷത്തിന്റെയും സ്തുതിപ്പുകളാണ്. ‘ദൈവം ഉള്ളിലുണ്ട്’ എന്ന അതിജീവനത്തിന്റെ സുവിശേഷം മനഃപാഠമാക്കുകയാണവർ.



*കൊങ്ങാണ്ടൂർ ബേത്‌ലഹേം വീട്ടിൽ തോമസ് കുര്യനും പ്രീതിയും മക്കളോടൊപ്പം*

‘ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് അവർക്കെന്നെ അകറ്റാനാവുമെ’ന്ന് മധുരമായി ഹുങ്കു പറയുന്ന പൗലോസിനെപ്പോലെയാണ് തോമസ് കുര്യൻ. നാവിലും നാട്ടിലും ‘സദ്വാർത്ത’ ഘോഷിക്കുന്നയാൾ. ബെത്‌ലഹേം ടി.വി.യിലൂടെ പ്രബോധനങ്ങളും തിരുത്തലുകളും. റേഷൻകാർഡിൽ ജോലി ‘സുവിശേഷവേല’, എന്നെഴുതാൻ മടിയേതുമില്ലാത്ത ‘നിങ്ങളുടെ അകത്തുള്ളവൻ പുറത്തുള്ളവനെക്കാൾ ശക്ത’നാണെന്ന വചനത്തിന്റെ പൊരുൾ തിരിച്ചറിഞ്ഞ ‘ശക്തിമാൻ’. “കുടുംബത്തിൽ പത്തു മക്കളിലെ ഏഴാമത്തവനായിരുന്നു ഞാൻ. ഏഴു കുട്ടികൾ വേണമെന്നാഗ്രഹിച്ചു. ഒന്നിനെ ദൈവം കൂടുതൽ തന്നു. കൂടെ അതിലേറെ അനുഗ്രഹങ്ങളും. എല്ലാം ദൈവമാണു പ്ലാൻ ചെയ്യുന്നത്. നമ്മൾ സന്തോഷത്തോടെ സ്വീകരിക്കുക. ഒന്നും കൂടുതലായി കരുതിവയ്ക്കാറില്ല. കഴിഞ്ഞുപോകുന്നുണ്ട് എല്ലാം ഭംഗിയായി.”

‘എട്ട് ആൺമക്കളെ വളർത്തുക അത്ര എളുപ്പമാണോ’ യെന്ന ചോദ്യത്തിന് തോമസൊന്നു ചിരിച്ചു. “തന്നവൻ കുറവില്ലാതെ വളർത്തുന്നുണ്ട്. അവർക്കൊരു ടൈംടേബിളുണ്ട്. രാവിലെ ഉണർന്ന് പള്ളിയിൽപ്പോകും. അൾത്താരശുശ്രൂഷ ചെയ്യും. പകൽ ഓരോ ദിവസം ഓരോരുത്തർക്കുമായി ഡ്യൂട്ടികൾ വീതിച്ചു നൽകിയിട്ടുണ്ട്. പാചകം, വീടു വൃത്തിയാക്കൽ അങ്ങനെയെല്ലാം. വൈകിട്ട് ആറരമുതൽ എട്ടുവരെയുള്ള പ്രാർത്ഥന ഓരോരുത്തർ ലീഡ് ചെയ്യും. ഓരോരുത്തർക്കും ഓരോ റോളുണ്ട്. സുവിശേഷം വായിച്ച് മനനം ചെയ്യും. ഞായറാഴ്ച ഒരു വചനം പഠിക്കും. ആഴ്ച മുഴുവൻ അതു പറഞ്ഞ് മുട്ടുകുത്തി പ്രാർത്ഥിക്കും. നമ്മളങ്ങ് ലീഡു ചെയ്യും. പിള്ളേര് നമ്മളെക്കണ്ടല്ലേ പഠിക്കുന്നത്?” എക്കാലത്തേക്കുമുള്ള അപ്പം ഇന്നേ കരുതിവയ്ക്കണമെന്നു വാശിപിടിക്കുന്ന ഭോഷന്മാരുടെയിടയിൽ തോമസ് ചേട്ടൻ തലയുയർത്തി നിൽക്കുകയാണ്. ശിരസ്സു കുനിക്കാത്ത, ഒരു ഹിമാലയംപോലെ.

“ദാനിയേൽ, ജോഷ്വ, സാമുവൽ, തോബിത്, ജെറമിയ, സഖറിയ, നെഹമിയ, ഹനോക്ക് – മുന്നിൽ പഴയ നിയമം തുറന്നു വച്ചതുപോലെ തോന്നുന്നുണ്ടോ? മക്കളുടെ പേരാണ്.” പ്രീതി വീണ്ടും ചിരിച്ചു. അഞ്ചാമത്തെ കുഞ്ഞ് ജെറമിയ, ജനിച്ചപ്പോൾ അവർ കരഞ്ഞില്ല. പേടിച്ചുപോയി. ഒത്തിരി പ്രാർത്ഥിച്ചാണവനെ തിരികെക്കിട്ടിയത്. ‘ദൈവത്താൽ ഉയർത്തപ്പെട്ടവൻ’ എന്നു നേരത്തേ തീരുമാനിച്ചിരുന്ന പേര് അവനെത്ര നന്നായിണങ്ങി? നമ്മുടെ ചെറിയ ചെറിയ ആഗ്രഹങ്ങൾപോലും ദൈവം അറിയുന്നുവെന്ന് തിരിച്ചറിഞ്ഞ എത്രയോ നിമിഷങ്ങളുണ്ടന്നോ ജീവിതത്തിൽ? ആഡംബരങ്ങളൊട്ടുമില്ലാത്ത അത്യാവശ്യങ്ങളേറെയുള്ള ഞങ്ങളുടെ വീട്ടിൽ ഒത്തിരി സന്തോഷങ്ങൾ ഓട്ടോ പിടിച്ചു വരാറുണ്ട്.”

ആൺകുട്ടികൾ മാത്രമായുള്ള ജീവിതത്തെപ്പറ്റി പറയുമ്പോഴും പ്രീതിയുടെ ശബ്ദത്തിൽ പരാതിയുടെ ധ്വനികളില്ല. “മൂന്നു വർഷംമുമ്പ് ദാനിയേൽ പ്ലസ് ടു വിൽ പഠിക്കുമ്പോഴാണ് ഇളയവൻ ഹനോക്ക് ജനിച്ചത്. അന്നവൻ ഹോസ്പിറ്റലിൽ കൂട്ടുകാരെല്ലാമായി വന്ന് ഫോട്ടോയൊക്കെ എടുത്ത് അതൊരു ഉത്സവമാക്കി. പപ്പയുടെകൂടെ എഡിറ്റിങ്ങിനും മറ്റും സഹായിക്കുന്നത് ജോഷ്വയാണ്. എട്ടാം ക്ലാസുകാരൻ സാമുവൽ വീടു മാനേജു ചെയ്യാൻ മിടുക്കനാണ്. ഇളയ കുഞ്ഞുങ്ങൾക്ക് ഭക്ഷണം കൊടുക്കും, പാത്രങ്ങൾ കഴുകും, വീടു വൃത്തിയാക്കും. തോബിത്തിനു വചനം ഉദ്ഘോഷിക്കാൻ ഒരു പ്രത്യേക കൃപയുണ്ട്. യുട്യൂബിൽ അവന്റെ ബൈബിൾ പ്രഘോഷണവുമുണ്ട്. ജെറമിയ മൂന്നാം ക്ലാസിലാണ്. ദോശ ചുടാനും മാവരയ്ക്കാനുമൊക്കെ അവനറിയാം. ഇളയ കുഞ്ഞുങ്ങൾ ചേട്ടന്മാരോടൊപ്പം ചിട്ടയായി അത്യാവശ്യം കാര്യങ്ങൾ ചെയ്യും. ഞാൻ ഹോസ്പിറ്റലിൽ ആയിരിക്കുമ്പോഴൊക്കെ തോമസാണ് എല്ലാം ചെയ്യുന്നത്. എന്നെപ്പോലെതന്നെ കുട്ടികളെ നോക്കും, ഭക്ഷണമുണ്ടാക്കും, മിടുക്കനാണ്.”

“ഇവരെ എങ്ങനെ വളർത്തുമെന്ന ടെൻഷനില്ല. കാരണം, നമ്മുടെ ലക്ഷ്യം ഈ ലോകമല്ലല്ലോ. സമ്മാനം കിട്ടുന്നതും ഇവിടെയല്ല. പ്രീതിയോടെനിക്കു സ്നേഹമാണ്, ബഹുമാനവും. ശരീരത്തിന്റെ കുറവുകളോടു കോംപ്രമൈസ് ചെയ്യാതെ ഉറച്ചു നിൽക്കുന്നവളാണ്. മാതൃത്വത്തിന്റെ മഹത്ത്വം പ്രീതിക്കു നന്നായറിയാം. ഒരു ചെറിയ നുണപോലും പറയാതെ വിശുദ്ധിയോടെ ജീവിക്കാനാണ് അവൾക്കിഷ്ടം. മറ്റൊരാളെപ്പോലെ ആവണമെന്നു വിചാരിക്കാത്തതുകൊണ്ട് ആകുലതകളില്ല. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്നതും ദൈവഭക്തിയല്ലേ? വിശ്വസിക്കുന്നത്, എല്ലാറ്റിനും പരിഹാരമുണ്ടെന്ന് ഓർമിപ്പിച്ചുകൊണ്ടിരിക്കുന്ന സുവിശേഷത്തിലാണ്. അതുകൊണ്ട് വിലപിക്കാറില്ല, വിശ്വാസം മാത്രം.” തോമസ് കുര്യൻ പറഞ്ഞുനിർത്തി.

പ്രായോഗികജ്ഞാനംകൊണ്ട് വിജയിക്കുന്ന ലോകത്തിൽ വിശുദ്ധിക്കു വലിയ വിലയില്ലാത്ത കാലമാണ്. ‘നേടി’ എന്നു വിചാരിക്കുന്ന നമ്മളൊക്കെ ‘കിഴവനും കടലും’ എന്ന പുസ്തകത്തിലെ വൃദ്ധനെപ്പോലെ... വലിയ മീനിനെ പിടിച്ചെന്നു കരുതി കരയിലെത്തി തിരിഞ്ഞുനോക്കുമ്പോൾ വലയിൽ മീനില്ല. മുള്ളു മാത്രം. കഥയില്ലാത്തവരായി അങ്ങനെയങ്ങനെ...

■

# കൊച്ചിയുടെ മദർ തെരേസ സിസ്റ്റർ ഫാബിയോളയ്ക്കു കെസിബിസിയുടെ ആദരം



കൊച്ചി: ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെ സമൂഹത്തിനു മാതൃകയായി കൊച്ചിയുടെ മദർ തെരേസയെന്നറിയപ്പെടുന്ന അപ്പസ്തോലിക് സിസ്റ്റേഴ്സ് ഓഫ് കോൺസലാത്ത സഭാംഗം സിസ്റ്റർ ഫാബിയോള ഫാബ്രിക്ക് കെസിബിസി മീഡിയ കമ്മീഷന്റെ ആദരം. പാലാരിവട്ടം പിഒസിയിൽ നടന്ന ചടങ്ങിൽ കെസിബിസി മീഡിയ കമ്മീഷൻ ചെയർമാൻ മാർ ജോസഫ് പാംബ്ലാനി സിസ്റ്ററെ ആദരിച്ചു. കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി, ജോൺ പോൾ, ഫാ. ഏബ്രഹാം ഇരിമ്പിനിക്കൽ, നടൻ ടിനി ടോം, ഫാ. അലക്സ് ഓണമ്പിള്ളി എന്നിവർ പ്രസംഗിച്ചു.

ഇറ്റലിയിലെ ഫ്ളോറൻസിൽ ജനിച്ച സിസ്റ്റർ ഫാബിയോള ഫാബ്രി മിഷൻപ്രവർത്തനങ്ങളുടെ ഭാഗമായി 1996 ലാണ് ഇന്ത്യയിലെത്തുന്നത്. നിരാലംബർക്ക് തന്റെ മിഷൻ പ്രവർത്തനങ്ങളിലൂടെ സിസ്റ്റർ നല്കിയ സംഭാവനകൾ നിസ്തുലമാണ്. 2005 ലാണ് ഫോർട്ട് കൊച്ചിയിൽ എട്ടു കുട്ടികളുമായി ആശ്വാസഭവൻ ആരംഭിക്കുന്നത്. അനാഥരായ കുഞ്ഞുങ്ങളുടെ അമ്മയും അപ്പനുമെല്ലാം സിസ്റ്റർതന്നെയാണ്. എട്ടു പേരിൽനിന്ന് ആരംഭിച്ച ആശ്വാസഭവനിൽ ഇന്ന് 80 കുട്ടികളാണുള്ളത്. ഇവരുടെയെല്ലാം വിദ്യാഭ്യാസവും, വിവാഹവുമെല്ലാം മാതാപിതാക്കാളുടെ സ്ഥാനത്തുനിന്ന് സിസ്റ്റർ നടത്തിക്കൊടുക്കുന്നു.

ആശ്വാസഭവനിലെ ആറു പേരുടെ വിവാഹമാണ് ഇതുവരെ നടന്നത്. അഞ്ച് സിസ്റ്റേഴ്സ് ഉൾപ്പെടെ 23 സ്റ്റാഫംഗങ്ങൾ ആശ്വാസഭവനിൽ സിസ്റ്ററെ സഹായിക്കാനുണ്ട്. ജീവകാരുണ്യപ്രവർത്തനങ്ങളിലെ മികവിന് ആലപ്പുഴ രൂപതയുടെ പുരസ്കാരമടക്കം നിരവധി പുരസ്കാരങ്ങൾ സിസ്റ്ററെ തേടിയെത്തിയിട്ടുണ്ട്. ജീവകാരുണ്യപ്രവർത്തനങ്ങളിലൂടെ മറ്റുള്ളവർക്ക് വലിയ സന്ദേശം നല്കുന്ന പശ്ചാത്തലത്തിലാണ് കെസിബിസി മീഡിയ കമ്മീഷൻ സിസ്റ്റർ ഫാബിയോള ഫാബ്രിക്ക് ആദരവർപ്പിച്ചത്.

“ചേട്ടായി...” കണ്ണാടിക്കു മുമ്പിൽനിന്നു മുടി ചീകുകയായിരുന്നു റോയി. രോഷ്നിയുടെ വിവാഹത്തിന് ഇനി അധികം ദിവസങ്ങളില്ല. എല്ലാകാര്യങ്ങളും നോക്കിനടത്താൻ താൻതന്നെ വേണം. എന്തെല്ലാം കാര്യങ്ങളാണു ചെയ്യാൻ ബാക്കിയുള്ളത്. ഏറ്റവും അടുത്ത ബന്ധുക്കളെ നേരിൽ ചെന്നു വിളിക്കണം. മറ്റുള്ളവരെയൊക്കെ ഫോണിൽ. എങ്കിലും തിരക്കിനു മാത്രം കുറവില്ല. വിളികേട്ട് റോയി തിരിഞ്ഞുനോക്കി.

“എന്താ മോളേ?” രോഷ്നിയോട് ഇപ്പോൾ പഴയതുപോലെ സംസാരിക്കാനും അടുക്കാനുമുള്ള സ്വാതന്ത്ര്യം റോയിക്ക് തിരികെക്കിട്ടിയിരുന്നു.

“ദയയ്ക്കും ബെച്ചുവിനും കല്യാണത്തിന് പുതിയ ഡ്രസെടുക്കണം.” രോഷ്നി മടിച്ചുമടിച്ചു പറഞ്ഞു.

“പിന്നെ...” രോഷ്നി പൂർത്തിയാക്കിയില്ല.

“പിന്നെ?” റോയി ചോദിച്ചു.

“സനുച്ചേട്ടനും ജോസഫേട്ടനും ഓരോ ഷർട്ട്...” രോഷ്നി മടിച്ചുമടിച്ചാണ് അതുപറഞ്ഞത്. പക്ഷേ, അവൾ ആശങ്കപ്പെട്ടതുപോലെയൊന്നുമായിരുന്നില്ല, റോയിയുടെ മുഖം ശാന്തമായിരുന്നു.

“അതൊന്നും കുഴപ്പമില്ല,” റോയി പറഞ്ഞു. ആ സ്വരം കേട്ടപ്പോൾ രോഷ്നിക്ക് ഉള്ളിൽ തണുപ്പുവീണു.

“പക്ഷേ, അവരെ കല്യാണം വിളിക്കില്ല.”

രോഷ്നി നടുങ്ങി.

“ഇത്ര തൊട്ടയൽവക്കത്തുണ്ടായിരുന്നിട്ടും വിളിക്കാതിരുന്നാൽ...” രോഷ്നി തർക്കിച്ചു.

“നീ തർക്കത്തിനൊന്നും വരണ്ട. ഞാൻ പറഞ്ഞാ പറഞ്ഞതാ. ഇത്രയുമെങ്കിലും എനിക്ക് അവനോടു ചെയ്യണ്ടേ?” റോയിയുടെ ശബ്ദം ഉയർന്നു. രോഷ്നി നിശ്ശബ്ദം പിൻവാങ്ങി. തർക്കിക്കാൻ പോയാൽ തന്റെ ഈ ആഗ്രഹം കൂടി സാധിച്ചുകിട്ടില്ലെന്ന് അവൾക്കു തോന്നി.

ചരക്കെടയുടെ ദിവസം രോഷ്നി സനലിനും കുടുംബത്തിനുമുള്ള ഡ്രസെടുത്തു. അതുമായി അവൾ അന്നുതന്നെ റോയിയുടെ അനുവാദം വാങ്ങി സനലിന്റെ വീട്ടിലേക്കു പോയി.

“ആന്റീ...” ദയയും ബെഞ്ചമിനും രോഷ്നിയെക്കണ്ട് സന്തോഷത്തോടെ ഓടിവന്നു. ഏതാനും ആഴ്ചകൾക്കുള്ളിൽ തങ്ങളുടെ രണ്ടു വീടുകൾ തമ്മിൽ രണ്ടു ഭൂഖണ്ഡങ്ങളുടെ അകലം പോലെയാണ് കുട്ടികൾക്ക് അനുഭവപ്പെട്ടത്. എന്താണു സംഭവിച്ചതെന്നതിനെക്കുറിച്ച് അവർക്ക് കൃത്യതയുണ്ടായിരുന്നില്ല. റോയി അങ്കിൾ പപ്പയെ അടിക്കുന്നു. എന്തൊക്കെയോ പുലമ്പുന്നു. രോഷ്നി ആന്റി നിന്നു കരയുന്നു. അതിനപ്പുറം എന്താണു നടന്നത്. അറിയില്ല. എന്തു സ്നേഹത്തോടെയായിരുന്നു കഴിഞ്ഞ കാലമത്രയും കഴിഞ്ഞത്. രോഷ്നി ആന്റിയെ കണ്ടില്ലെങ്കിൽ അവിടേക്ക് ഓടിച്ചെല്ലും. തങ്ങളെ കണ്ടില്ലെങ്കിൽ ആന്റി ഇങ്ങോട്ടു വരും. ഇപ്പോൾ അതെല്ലാം വെറും ഓർമയായിരിക്കുന്നു.

“എത്ര നാളായി ആന്റി ഇവിടേക്കു വന്നിട്ട്... ഞങ്ങളോടു ആന്റിക്കു പിണക്കമാണോ...” അവളെ കെട്ടിപ്പിടിച്ചുകൊണ്ട് ബെഞ്ചമിൻ ചോദിച്ചു.

“ആന്റിക്ക് പിണക്കമോ? സ്നേഹം മാത്രമേയുള്ളൂ നിങ്ങളോട്...” രോഷ്നിയുടെ തൊണ്ട ഇടറി.

“ആന്റീടെ കല്യാണമാ അല്ലേ?” പപ്പ പറഞ്ഞായിരുന്നു.” ദയ പറഞ്ഞു.

“ഉം.” രോഷ്നി ശബ്ദം




താഴ്ത്തി മൂളി. “എന്നിട്ട് പപ്പയെവിടെ?”

“പപ്പ സാധനം വാങ്ങാൻ പോയതാ, ഇപ്പം വരും.”

“ആന്റീടെ കല്യാണത്തിനുള്ള സമ്മാനോംകൊണ്ടാ ആന്റി വന്നേക്കുന്നെ.” രോഷ്നി അറിയിച്ചു.

“ആന്റീടെ കല്യാണത്തിന് ഞങ്ങളല്ലേ സമ്മാനം തരണ്ടേ? ആന്റി ഞങ്ങൾക്കാണോ തരുന്നെ? ഇത് നല്ല തമാശയാണല്ലോ.” ദയ ചിരിച്ചു.

“ഇത് ഇട്ടോണ്ടുവാ. ആന്റിയൊന്നു കാണട്ടെ.” കുട്ടികളുടെ കൈയിലേക്കു ഡ്രസ് എടുത്തു കൊടുത്തിട്ട് രോഷ്നി ജോസഫിന്റെ മുറിയിലേക്ക ചെന്നു.



“ജോസഫേട്ടാ,” രോഷ്നി അയാളെ വിളിച്ചുകൊണ്ട് മുറിയിലേക്കു ചെന്നു.

“മോളേ നീയും ഞങ്ങളെ ഉപേക്ഷിച്ചോടീ?” അവളെ കണ്ടതും അയാൾ ഉറക്കെ ചോദിച്ചു. അതു ചോദിക്കുമ്പോൾ ജോസഫ് കരഞ്ഞു.

“നീയേ ഉണ്ടായിരുന്നുള്ളൂ ഞങ്ങളെ അന്വേഷിക്കാൻ. ഇപ്പോ നിനക്കും ഞങ്ങള് ബാധ്യതയായി അല്ലേ?”

“അങ്ങനെ പറയല്ലേ. അടുപ്പിച്ചടുപ്പിച്ച് കുറെ എക്സാമുണ്ടായിരുന്നു. അതിന്റെ പ്രിപ്പറേഷൻ...” രോഷ്നി വേഗം ഒരു നുണ പറഞ്ഞു.

“ഉം.. അതൊന്നുമല്ല എനിക്കറിയാം. എന്തൊക്കെയോ ഇവിടെ ചീഞ്ഞുനാറുന്നുണ്ട്. ഇവിടെ ഇങ്ങനെ വയ്യാണ്ടു കിടക്കുന്നതോണ്ട് ഞാനൊന്നും അറിയുന്നില്ലെന്നാ എല്ലാവരുടേം വിചാരം. പക്ഷേ, ഞാൻ എല്ലാം അറിയുന്നുണ്ട്. എന്റെ മോൻ നിന്നോട് മോശമായിട്ടെന്തെങ്കിലും...”

ജോസഫേട്ടനെ അത് പൂർത്തിയാക്കാൻ അനുവദിക്കാതെ രോഷ്നി അയാളുടെ ചുണ്ടുകൾക്കു മീതെ തന്റെ കരം ചേർത്തു. അരുതെന്ന് അവൾ തലയാട്ടുകയും ചെയ്തു.

“അവനുവേണ്ടി ഞാൻ നിന്നോട്...” ജോസഫേട്ടൻ അവളുടെ കരം കവർന്നു.

രോഷ്നിക്ക് കരച്ചിൽ വന്നു. പാവം സനുച്ചേട്ടൻ. സനുച്ചേട്ടനെ സ്വന്തം ചാച്ചൻപോലും സംശയിക്കുന്നു.

“അവൻ പാവാ.. അവനോടു നിനക്ക് ദേഷ്യമൊന്നും തോന്നല്ലേ മോളേ...” ജോസഫേട്ടൻ അപേക്ഷിച്ചു.

“സനുച്ചേട്ടനെ എനിക്കറിയാം ജോസഫേട്ടാ. സനുച്ചേട്ടൻ ഒരു തെറ്റും ആരോടും ചെയ്തിട്ടില്ല. ചെയ്യുകേം ഇല്ല. ഇങ്ങനെയൊരു പാവത്താൻ...” രോഷ്നി ദീർഘമായി നിശ്വസിച്ചു.

“ഞാനൊരു വിശേഷം പറയാനാ വന്നെ. എന്റെ കല്യാണമായി.”

“ഉവ്വോ?” ജോസഫിനു സന്തോഷമായി.

“എവിടെയാ ചെറുക്കൻ?”

രോഷ്നി കാര്യങ്ങളെല്ലാം വിശദീകരിച്ചു.

“ഒരേ സമയം എനിക്ക് സന്തോഷവും സങ്കടവും തോന്നുന്നുണ്ട്. കല്യാണമായതോർത്ത് സന്തോഷം. നീ ഇവിടുന്ന് പോകുവാണല്ലോയെന്നോർത്ത് സങ്കടം. എന്നാ പറയാനാ. ഞാൻ പ്രാർത്ഥിക്കാം എന്റെ മോൾക്കുവേണ്ടി. സനലിന്റെ കൂടെപ്പിറപ്പായിട്ടേ, എന്റെ മോളായിട്ടേ നിന്നെ ഞങ്ങള് കണ്ടിട്ടുള്ളൂ.” ജോസഫേട്ടൻ വിങ്ങിപ്പൊട്ടി.

രോഷ്നി കരച്ചിലടക്കാൻ പാടുപെട്ടു. അവൾ വേഗം ഒരു പായ്ക്കറ്റ് അയാൾക്കു നേരേ നീട്ടി. “ഇതൊരു ഷർട്ടാ ജോസഫേട്ടന്...”

“എനിക്കെന്നാത്തിനാ മോളേ ഷർട്ട്? ഞാനിവിടം വിട്ട് എവിടെപ്പോകാനാ?”

“വരാൻ കഴിയില്ലെന്നറിയാം. എന്നാലും എന്റെ ഒരു സന്തോഷത്തിന്. കല്യാണദിവസം ഈ ഷർട്ട് ഇട്ടോണ്ടുവേണം ഇവിടെ കിടക്കാൻ...”

“ഹോ, എന്റെ പൊന്നുമോളേ,” ഷർട്ട് മുഖത്തോടു ചേർത്തുവച്ച് ജോസഫ് കരഞ്ഞു. നിനക്ക് നല്ലതുവരും. നല്ലതേ വരൂ.” അയാൾ കരമുയർത്തി രോഷ്നിയുടെ ശിരസ്സിൽ വച്ചു.

“എന്റെ കണക്ക് കർത്താവ് നോക്കിക്കോണ്ടിരിക്കുവാ. നോക്കിക്കഴിയുമ്പോ മോളീന്ന് വിളി വരും. അപ്പോ ഞാൻ അങ്ങ് പോകും. എന്റെ അന്നാമ്മേടെ അടുത്തേക്ക്. നീയപ്പോ എവിടെയാണെങ്കിലും വരണം. എന്നെ യാത്രയാക്കണം. പിന്നെ നിന്റെ സനുച്ചേട്ടന് ധൈര്യം കൊടുക്കണം. അവനു നീയേ ഇനിയുള്ളൂ...”

രോഷ്നിയുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അപ്പോൾ മുറിയുടെ വെളിയിൽ കുട്ടികളുടെ ശബ്ദം കേട്ടു.

“ആന്റീ... ഇങ്ങ് നോക്കിക്കേ.” രോഷ്നി കണ്ണുതുടച്ചു വാതില്ക്കലേക്കു നോക്കി. പുത്തനുടുപ്പിട്ട് ദയയും ബെഞ്ചമിനും.

“സൂപ്പറായിട്ടുണ്ട്...” രോഷ്നി അവരുടെ അടുക്കലേക്കു ചെന്നു. അവരുടെ മുമ്പിൽ മുട്ടുകുത്തിനിന്ന് അവൾ അവരെ ആശ്ലേഷിച്ചു.

“ഇനി കല്യാണത്തിന് ഇട്ടോളാം. ഇപ്പോ ഇത് ഊരിവച്ചോട്ടെ?” ബെഞ്ചമിൻ ചോദിച്ചപ്പോൾ അറിയാതെ ശിരസ്സു ചലിപ്പിക്കാനേ രോഷ്നിക്കു കഴിഞ്ഞുള്ളൂ.

“ദയക്കുട്ടീ...” അപ്പോൾ സനലിന്റെ സ്വരം കേട്ടു. ഇരുകൈയിലും സാധനവും തൂക്കിപ്പിടിച്ച് വാതിൽക്കലെത്തിയ സനൽ അകത്ത് രോഷ്നിയെ കണ്ടപ്പോൾ അമ്പരന്നു.

രോഷ്നി അയാളെ നോക്കി പുഞ്ചിരിച്ചു. അവളുടെ മുമ്പിൽ നില്ക്കാൻ സനലിനു ജാള്യം തോന്നി. തന്നെക്കുറിച്ച് എന്തായിരിക്കും ഇപ്പോൾ രോഷ്നി വിചാരിക്കുന്നുണ്ടാവുക? പക്ഷേ, പഴയതുപോലെയുള്ള അവളുടെ ചിരി കണ്ടപ്പോൾ സനലിന് ആശ്വാസം തോന്നി.

“രോഷ്നി,” അയാൾ പതുക്കെ വിളിച്ചു.

“ഞാൻ...” അയാൾക്ക് അവളോട് എന്തോ പറയണമെന്നുണ്ടായിരുന്നു.

“ഞാൻ അനുഗ്രഹം വാങ്ങാൻ വന്നതാണ്.” രോഷ്നി പെട്ടെന്ന് സനലിന്റെ മുമ്പിൽ മുട്ടുകുത്തി. സനൽ അമ്പരന്നുപോയി.

“എന്റെ വിവാഹമാണ്.” രോഷ്നി അറിയിച്ചു.

അവളെ പിടിച്ചെണീല്പിക്കാനായി സനൽ കരം നീട്ടിയതും മറ്റൊരു ചിന്തയിൽ അയാൾ കരം പിൻവലിച്ചു.

“എന്റെ ദൈവമേ...” അയാൾ മുടിയിഴകൾക്കിടയിലൂടെ വിരലോടിച്ചു വിലപിച്ചു. പിടിച്ചെണീല്പിച്ച് ആ മൂർദ്ധാവിൽ സഹോദരസ്നേഹത്തോടെ ഒന്ന് ചുംബിക്കാൻ, തലയിൽ കൈകൾ വച്ച് അനുഗ്രഹിക്കാൻ ഒന്നും, ഒന്നും കഴിയുന്നില്ലല്ലോ.

“വരണമെന്നു പറയാൻ എനിക്കവകാശമില്ല. പക്ഷേ, മനസ്സുകൊണ്ട് ആ നിമിഷം സനുച്ചേട്ടൻ അവിടെയുണ്ടാവുമെന്ന് എനിക്കറിയാം. അതുമതിയെനിക്ക്.”

രോഷ്നി തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു.

സനലിന്റെ കാൽച്ചുവട്ടിലേക്ക് അയാൾക്കുള്ള സമ്മാനം നല്കിയതിനുശേഷം രോഷ്നി കണ്ണുതുടച്ച് എണീറ്റു. ദയയെയും ബെഞ്ചമിനെയും ഒരിക്കൽക്കൂടി അവൾ കെട്ടിപ്പിടിച്ചു ചുംബിച്ചു. ജോസഫിന്റെ കാല്ക്കൽ തൊട്ടുവന്ദിച്ചു. പിന്നെ മറ്റൊന്നും പറയാതെ അവൾ പുറത്തേക്കു നടന്നു.

സനലിന് അവളോട് എന്തെല്ലാമോ പറയണമെന്നുണ്ടായിരുന്നു. എന്നാൽ, ഒരു വാക്കുപോലും അയാളുടെ നാവിൽനിന്നു ഉയർന്നില്ല.

രോഷ്നിയുടെ വിവാഹദിവസം. കല്യാണവീട്ടിൽ ആളും ബഹളവും. പള്ളിയിലേക്കു വാഹനങ്ങൾ ഓരോന്നായി പോയിത്തുടങ്ങി.

തങ്ങളുടെ വീട്ടുമുറ്റത്ത് രോഷ്നി നല്കിയ പുതിയ വസ്ത്രങ്ങൾ ധരിച്ച് സനലും മക്കളും നിന്നു. അകത്ത് ജോസഫേട്ടൻ പുതിയ ഷർട്ടു ധരിച്ച് രോഷ്നിക്കുവേണ്ടി പ്രാർത്ഥിക്കുകയായിരുന്നു.

“പപ്പാ നമുക്കും കല്യാണത്തിനു പോകാം. ഇല്ലെങ്കിൽ ആന്റി പിണങ്ങും.”

ബെഞ്ചമിൻ വാശിപിടിച്ചു കരഞ്ഞു. ദയ പക്ഷേ, ഒരു വാക്കുകൊണ്ടുപോലും അങ്ങനെയൊരാഗ്രഹം പ്രകടിപ്പിച്ചില്ല. അവൾ എല്ലാം മനസ്സിലാക്കിയിരിക്കുന്നതുപോലെ...

തങ്ങൾക്കു മുമ്പിലൂടെ അലങ്കരിച്ച കാർ കടന്നുപോയപ്പോൾ ദയയും ബെഞ്ചമിനും അതിനു നേർക്ക് കരം വീശിക്കൊണ്ട് ഓടിച്ചെന്നു. കാറിനുള്ളിൽനിന്ന് രോഷ്നിയുടെ കരം ഉയർന്നത് സനൽ കണ്ടു. അറിയാതെ സനലും അവളുടെ നേരേ കരം വീശി.

ജനിക്കാതെപോയ കൂടെപ്പിറപ്പേ നിനക്ക് മംഗളം... നിനക്കു നല്ലതുമാത്രം സംഭവിക്കട്ടെ. സനൽ ആശംസിച്ചു.

താൻ സ്നേഹിച്ച, തന്നെ സ്നേഹിച്ച ഒരാൾകൂടി തനിക്കു നഷ്ടമായിരിക്കുന്നു, ഒരു തണൽ കൂടി തനിക്കു നഷ്ടമായിരിക്കുന്നു.

സനൽ മന്ത്രിച്ചു.

(തുടരും)



ലക്ഷദ്വീപ് വിശേഷങ്ങൾ 11

# കൊച്ചിയിലേക്കുള്ള മടക്കയാത്ര

മാത്യൂസ് പ്ലാക്കൻ

**എം.**വി. കവരത്തി എന്ന കപ്പൽ കവരത്തി ദ്വീപിനു മൂന്നു കിലോമീറ്റർ അകലെ നങ്കൂരമിട്ടു കിടക്കുകയാണ്. അവിടെനിന്നു കപ്പലിൽ കയറാനുള്ള യാത്രികരെ ഫൈബർ ബോട്ടുകളിൽ എത്തിച്ചുകൊണ്ടിരിക്കുന്നു. നൂറുകണക്കിനു വിദ്യാർത്ഥികളും വിദേശികളും ഇക്കൂട്ടത്തിലുണ്ട്.

കപ്പലിന്റെ രണ്ടാം നിലയിലെയും നാലാം നിലയിലെയും കാന്റീനുകൾ പ്രവർത്തിച്ചുതുടങ്ങിയിരുന്നു. ഞങ്ങൾ രണ്ടാംനിലയിലെ കാന്റീനിൽനിന്നു ഭക്ഷണം കഴിച്ചു. കപ്പൽ വീണ്ടും യാത്രയായി. മലകൾപോലുള്ള തിരകളെ ദൂരെയെറിഞ്ഞ് ഭീമാകാരമായ ആ കപ്പൽ കുതിക്കുകയാണ്. കപ്പലിനു ചുറ്റും വെള്ളിച്ചങ്ങലകൾ അഴിഞ്ഞുവീഴുന്നു.

രാത്രിഭക്ഷണം ഏഴരയ്ക്കു മുമ്പു കഴിച്ചു. ഉച്ചയ്ക്കുള്ള വിഭവങ്ങൾതന്നെ. ഞങ്ങൾ ഏഴിന് പോയി ചിക്കൻബിരിയാണി കഴിച്ചു. നേരം ഇരുണ്ടു. കാഴ്ചകളൊക്കെ ഇരുളിൽ മുങ്ങി. കപ്പലിലെ നൂറായിരം വെളിച്ചങ്ങളും നിഴലുകളും കടലിൽ നൃത്തം ചെയ്തു. ഭീമാകാരങ്ങളായ ഡ്രാഗണുകളും കടൽഭൂതങ്ങളും വായ്പിളർന്നു നില്ക്കുന്നതുപോലെ. അതിനെയൊക്കെ വിഴുങ്ങിക്കൊണ്ട് കപ്പൽ മുന്നോട്ടു കുതിച്ചു.

കപ്പലിൽ മൂന്നു തരത്തിലുള്ള സീറ്റിങ് അറേഞ്ചുമെന്റാണുള്ളത്. ഫസ്റ്റ് ക്ലാസ്, സെക്കൻഡ് ക്ലാസ്, ബങ്ക്, അയ്യായിരം രൂപയിലധികം ടിക്കറ്റ് ചാർജുള്ള ഫസ്റ്റ് ക്ലാസ് സീറ്റുകൾ വിദേശടൂറിസ്റ്റുകളെ ഉദ്ദേശിച്ചുള്ളതാണ്. മൂവായിരത്തിലധികം രൂപ ടിക്കറ്റ് നിരക്കുള്ള സെക്കൻഡ് ക്ലാസ് ഉത്തരേന്ത്യക്കാരെയും കേന്ദ്ര ഒഫിഷ്യൽസിനെയും ലാക്കാക്കിയുള്ളതാണ്. ബങ്ക് എന്നു പറഞ്ഞാൽ ഡോർമിറ്ററിയാണ്. ആയിരം രൂപയിലധികം ടിക്കറ്റ് ചാർജ്. മലയാളികളെയും ലക്ഷദ്വീപുനിവാസികളെയും ഉൾപ്പെടെ തെക്കേ ഇന്ത്യക്കാരായ യാത്രികരെയും വിദ്യാർത്ഥികളെയുമൊക്കെ ഉദ്ദേശിച്ചാണ് ബങ്കുകൾ. ട്രെയിനിലെ സെക്കൻഡ് ക്ലാസ് ബർത്തിന്റെ സൗകര്യമാണതിനുള്ളത്. ടൂറിസ്റ്റുകളായ ഞങ്ങൾക്കും ബങ്കുകളിലായിരുന്നു കപ്പലിൽ ഇടം.

ഞാൻ ലക്ഷദ്വീപ് ചിന്തകളിൽ ആണ്ടുപോയി. ദ്വീപിൽ ജനവാസമാരംഭിക്കുന്നതിനു വളരെമുമ്പേ ഇന്ത്യാവൻകരയിലുള്ളവർ പല ആവശ്യങ്ങൾക്കായി ദ്വീപിൽ എത്തിയിരുന്നു. കടൽയാത്രയ്ക്കിടയിൽ കടൽക്ഷോഭമുണ്ടാകുമ്പോൾ രക്ഷാകേന്ദ്രം തേടിയും കടൽവിഭവങ്ങൾ ശേഖരിക്കാനുമൊക്കെ കേരളതീരത്തുള്ളവർ ദ്വീപിൽ വന്നിരുന്നു. ലക്ഷദ്വീപുകളെക്കുറിച്ചുള്ള ഏറ്റവും പഴയ പരാമർശം 'വയലൂർ ശാസനം' എന്ന പുരാതനരേഖയിലാണുള്ളത്. ആറ്, ഏഴ് നൂറ്റാണ്ടുകളിൽ പല്ലവരാജാവായ നരസിംഹവർമൻ രണ്ടാമന്റെ അധീനതയിലായിരുന്നു ലക്ഷദ്വീപ് എന്നാണു കാണുന്നത്. 15-ാം നൂറ്റാണ്ടിൽ പോർച്ചുഗീസുകാർ വന്നതോടെ ദ്വീപുനിവാസികളുടെ ജീവിതം ദുരിതമയമായി. 1545 ൽ അവരെ കോലത്തിരി ആക്രമിച്ചു തോല്പിച്ചു. 1799 ൽ ടിപ്പുവിനെ പരാജയപ്പെടുത്തി അധികാരങ്ങളൊക്കെ ഈസ്റ്റിന്ത്യാ കമ്പനി ഏറ്റെടുത്തു. ഇതോടെ ലക്ഷദ്വീപ് ബ്രിട്ടീഷിന്ത്യയുടെ ഭാഗമായിത്തീർന്നു.



രാവിലെ അഞ്ചരയോടെ വെള്ളിവെളിച്ചത്തിന്റെ കതിരുകൾ കപ്പലിന്റെ ഇടനാഴിയിലൂടെ വിരുന്നുവന്നു. ടീബ്രേക്കിനൊന്നും പോയില്ല. എങ്ങനെയും കരയിലിറങ്ങിയാൽ മതിയെന്നായിരുന്നു. യാത്രികരൊക്കെ ട്രോളി ബാഗും ഉരുട്ടിക്കൊണ്ട് കപ്പലിന്റെ സൈഡിൽ ബാരിക്കേഡിനരികെ സ്ഥാനംപിടിച്ചു. ദൂരെ ഐലൻഡിലെ ഉയരംകൂടിയ കെട്ടിടങ്ങളുടെ മുഖം കാണാം.

കപ്പൽ വാർഫിനോടടുക്കുന്നു. കപ്പലിലെ സന്നദ്ധസേന സജ്ജമായിക്കഴിഞ്ഞു. റോപ് വേയിൽ അവർ താഴേക്കിറങ്ങുകയാണ്. ലാഡറും ഫൈബർ ബ്രിഡ്ജുമൊക്കെ ത്വരിതഗതിയിൽ ക്രമീകരിക്കുകയാണ്. നാലു ലൈഫ്ബോട്ടുകൾ കപ്പലിന്റെ വശങ്ങളിൽ സൂക്ഷിച്ചിട്ടുണ്ട്. എല്ലാ ഡെക്കിലുമുള്ള യാത്രികർ താഴത്തെ ഡെക്കിലേക്കിറങ്ങിവരികയാണ്. എല്ലാവർക്കും ആദ്യമിറങ്ങാനുള്ള മനസ്സുണ്ട്. യാത്രികർ ഓരോരുത്തരായി ഐലന്റിലെ മണ്ണിലേക്കിറങ്ങി, ഞങ്ങളും. കപ്പൽയാത്രികർ തിരക്കുപിടിച്ചു കൂടൊഴിഞ്ഞുപോകുന്നത് കപ്പൽ ജോലിക്കാർ ബാൽക്കണിയിലെ ബാരിക്കേഡിൽ പിടിച്ചു സാകൂതം നോക്കിനിന്നു. യാത്രികരിൽ ചിലർ കൈവീശി ബൈ പറയുന്നുണ്ട്.

കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെയും ഷിപ്പ് ടെർമിനലിന്റെയും ഉദ്യോഗസ്ഥരും ജോലിക്കാരും അവരുടെ ഡ്യൂട്ടികളിൽ വ്യാപൃതരായിക്കഴിഞ്ഞു. ട്രോളി വലിച്ചുകൊണ്ട് ഞങ്ങളും നിരത്തിലേക്കിറങ്ങി. ഞങ്ങളുടെ വാഹനം കാത്തു കിടന്നിരുന്നു. ആർപ്പൂക്കരയിലേക്കും ചേർപ്പുങ്കലിലേക്കും പാലായിലേക്കും പൂഞ്ഞാറിലേക്കും കോട്ടയ്ക്കലിലേക്കും നിലമ്പൂർക്കും കണ്ണൂർക്കുമൊക്കെ പോകാൻ. നിലമ്പൂർക്കു കൊണ്ടുപോകാൻ സുരേന്ദ്രന്റെ കൈവശം ലക്ഷദ്വീപിൽനിന്നു കൊണ്ടുവന്ന തെങ്ങിൻതൈയുണ്ടായിരുന്നു. തിരുവനന്തപുരം നാലാഞ്ചിറയിലേക്കു കൊണ്ടുപോകാൻ ജിമ്മിയുടെ കൈവശം അഗത്തിയിൽനിന്നുള്ള രണ്ട് അലങ്കാരമത്സ്യങ്ങളും. ഒരാഴ്ച നീണ്ട ലക്ഷദ്വീപുയാത്ര ഇവിടെ അവസാനിക്കുന്നു. ■

# ഇന്ധനവില
## പിന്നാമ്പുറത്തെ കള്ളക്കളികൾ!

1-ാം പേജ് തുടർച്ച

ലണ്ടനിലെ മാർക്കറ്റിലെ ശുദ്ധീകരിച്ച പെട്രോളിന്റെ വിലയെ അടിസ്ഥാനപ്പെടുത്തി നമ്മുടെ വില നിർണയിക്കുന്ന സമ്പ്രദായം ഉപേക്ഷിക്കുക. നമ്മുടെ എണ്ണക്കമ്പനികൾ തമ്മിൽ മത്സരിക്കട്ടെ. ഓരോ കമ്പനിയുടെയും റിഫൈനറിയുടെ വലുപ്പം അവിടുത്തെ ടെക്നോളജിയുടെ കാര്യക്ഷമത, യന്ത്രസാമഗ്രികളുടെ പ്രവർത്തനക്ഷമത, മാനേജർമാരുടെ മിടുക്ക്, തൊഴിലാളികളുടെ കഴിവും ആത്മാർത്ഥതയും സുതാര്യത കൊണ്ടുവന്ന് അഴിമതി, ധൂർത്ത് മുതലായവ ഒഴിവാക്കൽ, ഇങ്ങനെയുള്ള നിരവധി വിഷയങ്ങളിൽ കമ്പനികൾ തമ്മിലുള്ള ആരോഗ്യകരമായ മത്സരം വലിയ മുന്നേറ്റമുണ്ടാകും. ഈ മത്സരത്തിന്റെ ഫലമായി അടിസ്ഥാനവില അഞ്ചു രൂപവീതമെങ്കിലും കുറയ്ക്കാൻ കഴിയും.

രാജ്യമെങ്ങുമുള്ള പെട്രോൾ പമ്പുകൾക്ക് ഡീലർമാർ അനുവദിച്ചിരിക്കുന്ന കമ്മീഷൻ, ലിറ്ററൊന്നിന് 3 രൂപ 88 പൈസയാണ്. ഇവർ തമ്മിൽ മത്സരിക്കാൻ അനുവദിക്കുക. ഇന്ന് നിശ്ചയിച്ചിരിക്കുന്ന കമ്മീഷനിൽ ഒരു രൂപയെങ്കിലും മത്സരംമൂലം കുറച്ചുകൊണ്ടുവരാൻ കഴിയും. അങ്ങനെ 5+1=6 രൂപ അടിസ്ഥാനവിലയിൽ കുറവുണ്ടായാൽ നികുതിയിനത്തിൽ 9 രൂപ കുറഞ്ഞുകിട്ടും. അതായത്, പെട്രോൾ/ഡീസൽ വില, ലിറ്റർ ഒന്നിന് 15 രൂപ വീതം കുറഞ്ഞുകിട്ടും. എല്ലാ കമ്പനികളുംകൂടി ഒരു കുത്തകപോലെ പ്രവർത്തിക്കുന്ന ഇന്നത്തെ സ്ഥിതി മാറ്റി, പരസ്പരം മത്സരം ഉറപ്പുവരുത്തുന്നതുകൊണ്ട് മാത്രമുണ്ടാകുന്ന വിലക്കുറവാണിത്.

നയംമാറ്റം ആവശ്യമായ മറ്റൊരു വിഷയത്തിലേക്ക് ഇനി കടക്കാം. ഇൻഡ്യയ്ക്കാവശ്യമായ ക്രൂഡോയിലിന്റെ 80 ശതമാനവും നാം ഇറക്കുമതി ചെയ്യേണ്ട സ്ഥിതിയാണെങ്കിലും നമുക്കു വളരെയധികം എണ്ണ ശുദ്ധീകരിച്ച് പെട്രോളും ഡീസലും ഏവിയേഷൻ സ്പിരിറ്റും (വിമാനങ്ങളുടെ ഇന്ധനം), ബിറ്റുമിനും, മെഴുകും മറ്റും ഉത്പാദിപ്പിക്കാൻ കഴിവുള്ള ലോകനിലവാരത്തിലുള്ള റിഫൈനറികളുണ്ട്. അപ്പോൾ പെട്രോളും മറ്റുത്പന്നങ്ങളും കയറ്റുമതി ചെയ്യാൻ നമുക്കു കഴിയുന്നു. നമ്മുടെ ശുദ്ധീകരിച്ച പെട്രോൾ ഉത്പന്നങ്ങളുടെ മൊത്തം ഉത്പാദനത്തിന്റെ മൂന്നിലൊന്ന് നമ്മൾ കയറ്റുമതി ചെയ്യുന്നു. ഇൻഡ്യ ഇന്ന് ലോകത്തിൽ ഏറ്റവും അധികം ക്രൂഡ് ഇറക്കുമതി ചെയ്യുന്ന രാജ്യങ്ങളിൽ രണ്ടാം സ്ഥാനത്താണ്. അതുപോലെതന്നെ, എറ്റവുമധികം പെട്രോൾ കയറ്റുമതി ചെയ്യുന്ന രാജ്യങ്ങളിൽ മൂന്നാം സ്ഥാനത്തും. ഈ കയറ്റുമതി നടക്കുന്നത് ശരാശരി 30 രൂപയ്ക്ക്. കയറ്റുമതിയായതുകൊണ്ട് അതിന്മേൽ സർക്കാരിനു നികുതിവരുമാനം ഒട്ടും ലഭിക്കുന്നില്ല. ഇന്ന് നമുക്ക് ഒരു വൻ വിദേശനാണ്യനിക്ഷേപമുണ്ട് (650 ബില്യൻ ഡോളർ). ഈ സാഹചര്യത്തിൽ നമ്മുടെ പെട്രോൾ കയറ്റുമതി നേർപകുതിയായി ചുരുക്കി അത് ആഭ്യന്തരമാർക്കറ്റിൽ വില്ക്കാൻ നിർദേശിക്കുക. അതിന്മേൽ ലഭിക്കുന്ന നികുതി വരുമാനംകൂടി കണക്കിലെടുക്കുമ്പോൾ നമ്മുടെ പെട്രോൾ വിപണിയിൽ ലിറ്ററൊന്നിന് 15 രൂപ വിലക്കുറവു നല്കാൻ കഴിയും. അപ്പോൾ നികുതിത്തുകയിൽ കുറവ് വരാതെ വെറും നയംമാറ്റംകൊണ്ടുമാത്രം 15+15 = 30 രൂപയുടെ വിലക്കുറവ് ഉണ്ടാക്കാൻ കഴിയും.

ഒരു വൻതുകയാണ് ഇന്ന് പെട്രോൾ/ഡീസൽ നികുതിയായി കേന്ദ്ര ഖജനാവിലെത്തുന്നത്. കൊവിഡിന്റെ അരിഷ്ടതകൾ കഴിഞ്ഞ് മെല്ലെ തലയുയർത്തുന്ന ബിസിനസ്സു മേഖലകൾക്ക് ഉയർന്ന പെട്രോൾ/ഡീസൽ വില വലിയ പ്രതിബന്ധമാണു സൃഷ്ടിച്ചിരിക്കുന്നത്. ആ സാഹചര്യത്തിൽ കേന്ദ്രം തീർച്ചയായും ന്യായമായ ഒരു നികുതിയിളവു നൽകേണ്ടതാവശ്യം.

ഈയിടെ നടന്ന ഉപതിരഞ്ഞെടുപ്പുകളിൽ ബി.ജെ.പി. സ്ഥാനാർത്ഥികൾക്കുണ്ടായ പരാജയം ഒരു ചുവരെഴുത്തായി കരുതി, ജാഗ്രതാപൂർവം നടപടിയെടുക്കുന്നില്ലെങ്കിൽ സർക്കാരിന്റെ കാൽച്ചുവട്ടിൽനിന്ന് അവരറിയാതെ മണ്ണൊലിച്ചുപോവുകതന്നെ ചെയ്യും. പ്രധാന പ്രതിപക്ഷമായ കോൺഗ്രസ് നേതൃത്വത്തിന്റെ ദയനീയമായ പ്രകടനംകണ്ട് മൂഢസ്വർഗത്തിൽ കഴിഞ്ഞാൽ ബി.ജെ.പിയെ വലിയ അപകടം ഗ്രസിക്കുകതന്നെ ചെയ്യും. മുമ്പ് ഭൂരിപക്ഷത്തോടെ വിജയിച്ച ബംഗാൾ മണ്ഡലങ്ങളിൽ തങ്ങളുടെ സ്ഥാനാർത്ഥികൾക്കു കെട്ടിവച്ച പണം നഷ്ടമാകുന്നതുകണ്ടപ്പോൾ നികുതിയിൽ അഞ്ചു രൂപ കുറയ്ക്കാൻ സർക്കാർ തയ്യാറായി. അതുകൊണ്ട് ഒന്നുമായില്ല.

ദീർഘവീക്ഷണമുള്ള സാമ്പത്തികവിദഗ്ധർ പറയുന്നത് കേന്ദ്രനികുതി 20 രൂപ കുറയ്ക്കാൻ കഴിഞ്ഞാൽ സമ്പദ്‌വ്യവസ്ഥ കുതിച്ചുയരും എന്നാണ്. ജനങ്ങളുടെ ബുദ്ധിമുട്ടും ഒരു വലിയ പരിധിവരെ കുറയ്ക്കാൻ കഴിയും. നയം മാറ്റം കൊണ്ടുവന്ന് നികുതി നഷ്ടമില്ലാതെ, ലിറ്ററിന് വില 30 രൂപവരെ കുറവു വരുത്താൻ കഴിയും. നികുതിയിൽ 20 രൂപ കുറവു വരുത്താൻ തീരുമാനിച്ചാൽ, 20 രൂപകൂടി വിലക്കുറവ് അനുഭവപ്പെടും. വർദ്ധിച്ച ആത്മവിശ്വാസത്തോടെ സമ്പദ്‌വ്യവസ്ഥ ഉയർന്ന് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് ജനങ്ങൾക്കാശ്വാസം പകരുകയും ചെയ്യും. ഉത്പാദന, സേവന സംരംഭങ്ങൾ വളരുന്നതോടൊപ്പം കുറവുവരുത്തിയ നികുതിത്തുക വീണ്ടെടുക്കാനും സർക്കാരിനു കഴിയും. ജനവികാരം മനസ്സിലാക്കി കേന്ദ്ര സർക്കാർ തീരുമാനങ്ങളെടുക്കാൻ തയ്യാറായിരുന്നെങ്കിൽ! ■

# മയ്യഴിപ്പുഴയുടെ തീരങ്ങളിൽനിന്ന്

**രാജ്യത്തെ ഏറ്റവും വലിയ സമ്മാനത്തുക(25 ലക്ഷം രൂപ)യുള്ള സാഹിത്യപുരസ്കാരമായ ജെസിബി അവാർഡിന് എം. മുകുന്ദൻ അർഹനായി. അദ്ദേഹത്തിന്റെ ഏതാനും കൃതികളിലേക്ക് ഒരു എത്തിനോട്ടം.**



ഡാലിയ വിജയകുമാർ


മലയാളനോവലിന്റെ പാരമ്പര്യസ്വഭാവത്തെ നിരാകരിച്ച ചില എഴുത്തുകാർ 1960 കളുടെ ഒടുവിൽ മലയാളസാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടു. അന്നേവരെ അപരിചിതമായിരുന്ന രചനാസമ്പ്രദായങ്ങളാണ് അവർ പരീക്ഷിച്ചത്. സമൂഹഗതിയിൽനിന്നു വേറിട്ടു നില്ക്കുന്നവരും സ്വന്തം അസ്തിത്വത്തെ അപകടത്തിലാക്കുന്ന സാമൂഹികപ്രവണതകളെ അവഗണിക്കുന്ന സ്വതന്ത്രപ്രകൃതികളും സാമാന്യേന അരാജകവാദികളും മൂല്യബോധത്തെ ഒഴിവാക്കിക്കൊണ്ട് തനതായ രചനാശില്പം സൃഷ്ടിച്ചവരുമായിരുന്നു അവർ. പ്രധാനമായും നോവൽ സാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ട അസ്തിത്വവാദികളായ നിഷേധികളുടെ ഒരുകൂട്ടം. അവർക്കിടയിൽ കാക്കനാടൻ, മുകുന്ദൻ, ഒ. വി. വിജയൻ, ആനന്ദ് തുടങ്ങിയവർ ശ്രദ്ധേയരായി. ആംഗലേയേതരസാഹിത്യവുമായി ഗാഢബന്ധം പുലർത്തിയ ഈ ഗണത്തിൽ ഏറ്റവും പ്രമുഖൻ എം. മുകുന്ദനായിരുന്നു. ഫ്രഞ്ച് അധീനപ്രദേശമായിരുന്ന മാഹിയിൽ ജനിച്ചുവളർന്നതും ഫ്രഞ്ച് എംബസിയിൽ ഉദ്യോഗസ്ഥനായിരുന്നുവെന്നതും ഫ്രഞ്ചുസാഹിത്യവുമായി മുകുന്ദന് കൂടുതൽ ബന്ധമുണ്ടാകാനിടയാക്കി.

മുകുന്ദന്റെ നായകകഥാപാത്രങ്ങളെല്ലാം പുറന്തള്ളപ്പെട്ടവരായിരുന്നു. ആദ്യ നോവലായ ദൽഹിയിലെ അരവിന്ദൻ മുതൽ ഈയിടെ എത്തിറങ്ങിയ നൃത്തം ചെയ്യുന്ന കുടകളിലെ ചോയി വരെയുള്ളവർ ഒറ്റപ്പെട്ടവരും ഒഴിവാക്കപ്പെട്ടവരുമായ കഥാപാത്രങ്ങളാണ്.

നഗരവത്കരണത്തിന്റെ ഒറ്റപ്പെടൽ അനുഭവിക്കുന്ന കഥാപാത്രമാണ് ദൽഹിയിലെ അരവിന്ദൻ. ഒരു ചിത്രകാരനായിരുന്ന അയാൾ ഉപജീവനത്തിന് ഒരു തൊഴിലന്വേഷിച്ചാണ് ഡൽഹിയിൽ എത്തുന്നത്. തന്റെ സഹജവാസനകളുമായി ചേർന്നുപോകാത്ത തൊഴിൽ അയാൾക്ക് ഉൾക്കൊള്ളാനാവുന്നില്ല. നഗരസംസ്കാരത്തിന്റെ ആർത്തിരമ്പലിൽ സ്വയം നഷ്ടപ്പെട്ടുപോകുന്ന നിസ്സഹായജന്മങ്ങളുടെ കഥയാണിത്.

ആവിലായിലെ സൂര്യോദയത്തിലെ പ്രഭാകനും പരിത്യജിക്കപ്പെട്ട ഒരു കഥാപാത്രമാണ് തലമുറകളെ വേട്ടയാടുന്ന പാപബോധത്തിൽനിന്ന് അയാൾക്കും മോചനം കിട്ടുന്നില്ല. അധഃപതിച്ചുപോയ ഒരു സമൂഹത്തിന്റെയും കുടുംബസാഹചര്യങ്ങളുടെയും സൃഷ്ടിയാണയാൾ. പാപത്തിന്റെയും പാപബോധത്തിന്റെയും ചുഴികളിൽക്കിടന്ന് സ്വയം ഉരുകിത്തീരുന്ന ഒരു കഥാപാത്രം.

അനന്തകൃഷ്ണന്റെയും ശ്രീദേവിയുടെയും മകനാണ് കേശവങ്ങളിലെ വിലാപങ്ങളിലെ അപ്പുക്കുട്ടൻ. ഒരു രാഷ്ട്രീയക്കാരനായ അനന്തകൃഷ്ണൻ തന്റെ മകൻ ഒരിക്കലും ഒരു രാഷ്ട്രീയക്കാരനാകരുതെന്നാഗ്രഹിക്കുന്നു. എന്നിട്ടും തൊട്ടിലിൽക്കിടക്കുന്ന പ്രായത്തിൽത്തന്നെ ഇഎംഎസ് ഭക്തനായി വളരുന്ന അപ്പുക്കുട്ടനെ ഈ നോവലിൽക്കാണാം. ഇടതുപക്ഷ ചായ്‌വുള്ള ഒരു നോവലായിത്തോന്നുമെങ്കിലും ഇടതുപക്ഷത്തെ താഴ്ത്തിക്കെട്ടാനാണ് മുകുന്ദൻ ശ്രമിക്കുന്നതെന്ന് കേശവന്റെ വിലാപങ്ങൾ, വായിക്കുമ്പോൾ നമുക്കു മനസ്സിലാകും.



മുകുന്ദന്റെ നോവൽ പ്രപഞ്ചത്തിൽ ചിരപ്രതിഷ്ഠ നേടിയ ഒരു രചനയാണ് മയ്യഴിപ്പുഴയുടെ തീരങ്ങളിൽ. കേരളത്തിലെ ഫ്രഞ്ചധീനപ്രദേശമായിരുന്ന മയ്യഴിയുടെ ഉൾത്തുടിപ്പുകൾ ഈ നോവലിൽ മുകുന്ദൻ വരച്ചുവച്ചിട്ടുണ്ട്. മയ്യഴിപ്പുഴയുടെ തീരങ്ങളിലെ കഥാപാത്രങ്ങളും അവതരണശൈലിയും കഥാപരിസരവും അത്രയേറെ വ്യത്യസ്തമാണ്.

മുകുന്ദന്റെ മാസ്റ്റർ പീസ് ആയ മയ്യഴിപ്പുഴയുടെ തീരങ്ങളിൽ ഒരു സ്വാതന്ത്ര്യസമരത്തിന്റെ കഥയാണ്. പഴയതലമുറയും പുതിയ തലമുറയും തമ്മിലുള്ള ആശയസംഘട്ടനങ്ങളുടെയും കഥ. അറുപതിലേറെ പതിപ്പുകൾ പുറത്തിറങ്ങിയ, മലയാളത്തിന്റെ ക്ലാസ്സിക് എന്നു പറയാവുന്ന ഒരു നോവലാണിത്. കഴിഞ്ഞ നാല്പത്തിയെട്ടു വർഷങ്ങളായി ഈ നോവൽ മലയാളിയുടെ ഹൃദയത്തിൽ ആഴത്തിൽ പതിഞ്ഞു കിടക്കുന്നു. ഇതിന്റെ അവതരണം അത്രമേൽ ഹൃദയാവർജകമാണ്. ഫ്രഞ്ച് ഉൾപ്പടെ പല ഭാഷകളിലേക്ക് ഇത് വിവർത്തനം ചെയ്തിട്ടുണ്ട്.


നോവലിന്റെ കേന്ദ്രകഥാപാത്രമായ ദാസൻ ഒരു ഇടതുപക്ഷ ചിന്താഗതിക്കാരനാണ്. ദാസന്റെ അച്ഛമ്മയായ കുറുമ്പിയമ്മയുടെ ചിന്തകളിലൂടെയാണ് കഥ പറഞ്ഞുപോകുന്നത്. കറുമ്പിയമ്മ പൊടി വലിക്കും. അവരുടെ പ്രിയപ്പെട്ട ഒരു സമ്പാദ്യമാണ് ആനക്കൊമ്പുകൊണ്ടുള്ള ആ പൊടിഡപ്പി. അതിൽ മൂക്കിൽ വലിക്കുന്നതിനുള്ള പൊടി മാത്രമല്ല നിറച്ചിരിക്കുന്നത്, ഒരു പിടി കഥകളും ഓർമകളുംകൂടിയാണ്. ആ കഥകൾ പറഞ്ഞുകൊടുത്താണ് ദാസനെ കുറുമ്പിയമ്മ വളർത്തുന്നത്. മയ്യഴിയെ ഭരിക്കുന്ന ഫ്രഞ്ചുകാർ മയ്യഴിക്കാരല്ല എന്നും ഇത് ഇന്ത്യയാണ്, മയ്യഴി ഇന്ത്യാക്കാരുടേതാണ് എന്നുമുള്ള ഉത്തമബോധ്യം അവനിൽ നിറഞ്ഞു നിൽക്കുന്നു. ഉയർന്ന മാർക്കോടെ വിദ്യാഭ്യാസം പൂർത്തിയാക്കുന്ന ദാസൻ, ഫ്രഞ്ചുകാർ വച്ചുനീട്ടുന്ന ജോലിയും ഉന്നതവിദ്യാഭ്യാസവുമൊക്കെ വേണ്ടെന്നു വെക്കുന്നു. പിന്നീട് ദാസനിലൂടെ സ്വാതന്ത്ര്യസമരത്തിലേക്കു കടന്നുവരുന്ന നിരവധി ചെറുപ്പക്കാർ.


പക്ഷേ, പഴയതലമുറ ഒരിക്കലും മറക്കാൻ കൂട്ടക്കാത്ത ലെസ്ലി സായ്‌വും മിസ്സിയും അവരുമായുള്ള സൗഹൃദങ്ങളും... സ്വന്തം കുടുംബാംഗങ്ങളെപ്പോലെ പരസ്പരം കരുതുന്നവർ. കാലമോ വേഷമോ ഭാഷയോ രാജ്യമോ ഒന്നും അവരുടെ ബന്ധത്തിനു വിലങ്ങുതടിയാവുന്നില്ല. 'ഞാൻ ചിന്തിച്ചില്ലെങ്കിലും എന്റെ മോനെക്കുറിച്ച് കുറുമ്പിയമ്മ ചിന്തിക്കുന്നുണ്ടല്ലോ' എന്ന് ആത്മഹർഷം കൊള്ളുന്ന മിസ്സിയമ്മയും സ്വപ്നത്തിൽപ്പോലും ലെസ്ലിസായ്‌വിന് പൊടി നുള്ളിക്കൊടുക്കുന്ന കറുമ്പിയമ്മയും കുഞ്ഞനന്തനും ദാസനും ഗുസ്താവ് സായ്‌വും വാസൂട്ടിയും പപ്പൂട്ടിയും ചന്ദ്രികയും ഗിരിജയുംമൊക്കെ കഥാപാത്രങ്ങളായല്ല, നമ്മുടെ മുന്നിൽ കടന്നുവരുന്നത്, ജീവിതത്തിന്റെ നേർക്കാഴ്ചകളായാണ്. നമുക്കു തോന്നും, ആ തലമുറ ആ വിദേശാധിപത്യം ആസ്വദിച്ചിരുന്നോ എന്ന്. മയ്യഴിയുടെ ചരിത്രവും കഥാപരിസരവും ഭൂമിശാസ്ത്രവുമൊക്കെ എം. മുകുന്ദൻ വരച്ചുവച്ചിട്ടുണ്ട്.

ആധുനിക സാങ്കേതികവിദ്യകൾ ഭാഷയിലും സംസ്കാരത്തിലുമുണ്ടാകുന്ന വിഹ്വലതകളെയും സങ്കീർണതകളെയും മലയാളസാഹിത്യത്തിൽ അനുഭവവേദ്യമാക്കിത്തീർത്ത നോവലിസ്റ്റാണ് മുകുന്ദൻ. വിവരസാങ്കേതികവിദ്യ വികസിക്കുകയും ലോകം ഒരു ഗ്രാമമായി ചുരുങ്ങുകയും വ്യക്തിമൂല്യങ്ങളുടെ അന്തഃസത്ത നഷ്ടമാവുകയും ചെയ്യുന്ന കാലത്തെയാണ് നൃത്തം എന്ന നോവലിൽ നാം വായിക്കുന്നത്. കംപ്യൂട്ടറിൽ തെളിയുന്ന സന്ദേശങ്ങൾ മാത്രം. ജീവിതമാവുകയും ഇമെയിൽ ഐഡി ജീവിതത്തിന്റെ ആധാരമാവുകയും ചെയ്യുന്ന കാലം. ഇതുവരെയുള്ള മുകുന്ദന്റെ രചനാരീതികളിൽനിന്നു വ്യത്യസ്തമാണ് നൃത്തം. മുകുന്ദൻ ഡൽഹിയിലെ ഫ്രഞ്ച് എംബസിയിൽ ഉദ്യോഗസ്ഥനായിരുന്ന കാലത്തെ സംഭവങ്ങളാണ് ദൽഹിഗാഥകൾ എന്ന കൃതിയുടെ ഇതിവൃത്തം. ഓപ്പറേഷൻ ബ്ലൂ സ്റ്റാറും ഇന്ദിരാഗാന്ധിവധവും സിക്ക് വിരുദ്ധകലാപവുമെല്ലാം ഇതിൽ വിവരിച്ചിരിക്കുന്നു. ഡൽഹി കത്തിയെരിയുന്നതും നിരപരാധികളായ ആയിരക്കണക്കിനു സിക്കുകാർ അരുംകൊല ചെയ്യപ്പെട്ടതും അനുബന്ധസംഭവങ്ങളും ഡൽഹിയിലെ മറ്റുപല ആനുകാലികസംഭവങ്ങളും ഡൽഹിഗാഥകളിൽ ഉദ്വേഗജനകമാംവിധം വിവരിച്ചിട്ടുണ്ട്.

കുട നന്നാക്കുന്ന ചോയി 2015 ൽ പുറത്തിറങ്ങിയ നോവലാണ്. നാട്ടിൻ പുറത്തെ കുടനന്നാക്കുകാരനായ ചോയി ഒരു ദിവസം കപ്പൽ കയറി വിദേശത്തേക്കു പോകുന്നു. അമ്പൂട്ടിയുടെ മകൻ മാധവന്റെ കൈയിൽ ഒരു കവർ ഭദ്രമായി ഏല്പിച്ചിട്ടാണ് അയാൾ പോകുന്നത്. തന്റെ മരണശേഷം മാത്രമേ അതു തുറക്കാവൂ എന്നും പറഞ്ഞേല്പിക്കുന്നുണ്ട്. അതു നാട്ടിൽ വാർത്തയാവുന്നു, നാട്ടുകാർക്കൊപ്പം വായനക്കാരെയും ആകാംക്ഷയുടെ മുൾമുനയിൽ നിർത്തുന്നുണ്ട് ഈ നോവൽ. കാവിവത്കരണത്തിനെതിരേയുള്ള മുകുന്ദന്റെ പ്രതിഷേധമായിരുന്നു ഈ നോവലെന്ന് ചിലർ വിലയിരുത്തുന്നുണ്ട്. ഇതിന്റെ തുടർച്ചയായി വന്ന നോവലാണ് നൃത്തം ചെയ്യുന്ന കുടകൾ. ആദ്യകാലത്ത് നിരീശ്വരവാദിയും പിന്നീട് വിശ്വാസിയുമാകുന്ന മാധവൻ, താൻ ചോയിയുടെ കത്ത് തിരുത്തിയാണ് വായിച്ചതെന്ന് കുറ്റസമ്മതം നടത്തുന്നതാണ് നോവലിന്റെ ഇതിവൃത്തം

ഇന്ത്യയിലെ ഏറ്റവും വലിയ സാഹിത്യപുരസ്കാരങ്ങളിലൊന്നായ ജെ.സി.ബി. അവാർഡ് മുകുന്ദനു ലഭിച്ചത് ദൽഹി ഗാഥകളുടെ ഇംഗ്ലീഷ് വിവർത്തനത്തിനാണ്. 2011 ൽ പ്രസിദ്ധീകരിച്ച ദൽഹിഗാഥകൾ പ്രൊഫ. ഇ.വി. ഫാത്തിമയും. കെ. നന്ദകുമാറും ചേർന്ന് 'ഡൽഹി എ സോളിലോക്കി' എന്ന പേരിൽ ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തു. മലയാള ഭാഷാഗ്രന്ഥങ്ങൾ ലോകശ്രദ്ധ നേടണമെങ്കിൽ അത് വിവർത്തനവിധേയമായേ തീരൂവെന്ന് ഒരിക്കൽക്കൂടി തെളിഞ്ഞിരിക്കുന്നു.






ഡൽഹിയിലെ ഫ്രഞ്ച് എംബസിയിൽ ഉദ്യോഗസ്ഥനായിരുന്ന എം. മുകുന്ദൻ ഒരു തവണ കേരള സാഹിത്യ അക്കാദമി അധ്യക്ഷനായിരുന്നിട്ടുണ്ട്. എഴുത്തച്ഛൻ പുരസ്കാരമുൾപ്പെടെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്.

■

# കർത്താവിൽ നിദ്ര പ്രാപിക്കുന്നവർ



ഫാ. തോമസ് പാട്ടത്തിൽചിറ CMF

**അ**റിയാതെ അണപൊട്ടിയൊഴുകിയ മിഴിയിണകളെ തന്റെ വലതുകരാംഗുലികളാൽ തീർത്ത വേലിക്കെട്ടുകൊണ്ട് തടഞ്ഞുനിർത്തുവാൻ വെറുതേ പണിപ്പെട്ടും, ഇടതുവശം ചേർന്ന് ഇതൊന്നുമറിയാതെ എല്ലാം നോക്കിനിന്ന തന്റെ മൂന്നു കുഞ്ഞുങ്ങളെ മറുകരത്താൽ ഒതുക്കിപ്പിടിച്ചും, സ്വപ്നാശകളെല്ലാം കരിഞ്ഞുവീണ ആ മൺകൂമ്പാരത്തിന്റെ മുന്നിൽ, കൊവിഡ് മഹാമാരി കൊണ്ടുപോയ തന്റെ പ്രിയനെക്കുറിച്ചുള്ള ഭാരപ്പെടുത്തുന്ന ഓർമകളുമായി ഏറെ നേരം അവൾ നിന്നു... വെന്തുരുകി പൊന്തിവന്ന ചിന്തകളോരോന്നും കണ്ണീരിൽ കതിർന്നലിഞ്ഞപ്പോഴും അവളുടെ മാനസപ്പക്ഷി ഗതകാലസ്മരണകളിലേക്ക് ഒരുവേള ചിറകടിച്ചുപറന്നുവന്നു...

പന്ത്രണ്ടു വർഷങ്ങൾക്കപ്പുറത്ത് ഒരു കൊച്ചുവീടിന്റെ ഇത്തിരിമുറ്റത്ത് തങ്ങൾക്കുവേണ്ടി ഉയർന്ന മംഗല്യപ്പന്തലും, ആർപ്പുവിളികളും, ആഘോഷങ്ങളും... കിനാവുകളിൽ കനകവസന്തം വിരിഞ്ഞ വർണദിനം... താൻ സുമംഗലിയായ സുദിനം... അതിൽപ്പിന്നെ ജീവിതക്കയത്തിനുമീതെ തളരാതെ എത്ര ദൂരങ്ങൾ തങ്ങളൊരുമിച്ചു താണ്ടിപ്പറന്നു... സുഖദുഃഖങ്ങൾ സമമായി പങ്കിട്ട എത്രയോ ദിനരാത്രങ്ങൾ... കൂട്ടിനൊരാൾ എപ്പോഴും കൂടെയുണ്ടല്ലോ എന്ന തോന്നലായിരുന്നു സകല പ്രയാസങ്ങളും തരണം ചെയ്യാൻ തങ്ങളെ ഇരുവരെയും പ്രാപ്തമാക്കിയിരുന്നത്... എന്നാൽ, താനും ഈ മൂന്നു കുഞ്ഞുങ്ങളും മാത്രം ദുഃഖസ്മൃതികളായി ഇവിടെ അവശേഷിക്കുന്നു... ആശ്വാസവാക്കുകളുമായി ഇന്നലെവരെ വീട്ടിൽ ആളുകൾ ഏറെയുണ്ടായിരുന്നു... 'ഇല്ല, കുറവുകളൊന്നുമുണ്ടാവില്ല, ഈ ഞങ്ങളൊക്കെയില്ലേ കൂട്ടിന്' എന്നു പറയാനും, കൂടെക്കരയാനും, കണ്ണുനീരൊപ്പാനും, മൃതദേഹത്തിനുചുറ്റും തിരികൾ തെളിക്കാനും, അത്തറു പൂശാനും, ഒടുവിൽ കുഴിമൂടി റീത്തുവയ്ക്കാനുമൊക്കെ പരിചിതരും അല്ലാത്തവരുമായി ഒത്തിരിപ്പേരുണ്ടായിരുന്നു...

പാതിയുരുകിയണഞ്ഞ ഈ തിരികൾ വീണ്ടും കൊളുത്തിവയ്ക്കുവാൻ ഈ പിഞ്ചുമൂവരും താനുമല്ലാതെ വേറാരുമില്ല... പക്ഷങ്ങൾ രണ്ടുമുണ്ടെങ്കിലല്ലേ പക്ഷിക്ക് ഭക്ഷണം തേടിപ്പറക്കാനൊക്കൂ... ചിറകൊടിഞ്ഞ പക്ഷിക്ക് തുല്യയായ താൻ ഇന്നീ ജീവിതമരക്കൊമ്പിൽ ഏകയായി... തന്റെ ചകിരിക്കൂട്ടിൽ പറക്കമുറ്റാത്ത മൂന്നു കിളിമക്കളും... ഇനിയുള്ള യാത്രയിൽ ഒരു ചിറകുകൊണ്ടു മാത്രം താനെന്തു ചെയ്യാനാണ്..? തന്റെ ജീവിതചക്രവാളത്തിൽ ഇനിമുതൽ വിഷാദസൂര്യൻ മാത്രമേ ഉദിച്ചുനില്ക്കുകയുള്ളൂ... അഴലുകളുടെ അസ്തമിക്കാത്ത എത്രയോ നാളുകളാണ് തന്റെ മുമ്പിൽ... മേലേ ആകാശമാറിൽ കാർമേഘപാളികൾ തിങ്ങിക്കൂടുന്നു... അങ്ങേ കോണിൽ ഇടിയും മിന്നൽപ്പിണരുകളും... അതിലേറെ ഭീതി ആ അമ്മക്കിളിയുടെ ഇരുണ്ട മനസ്സിലും... നേരം പോയത് അവളറിഞ്ഞില്ല. പെട്ടെന്ന് മുട്ടുകുത്തി ആ മൺകൂമ്പാരത്തിന്റെ ഓരത്ത് തന്റെ പ്രാണനാഥന്റെ കവിളിലോ, പാദങ്ങളിലോ എന്നറിയാതെ അവൾ ചുംബിച്ചു... ഒഴുകിയിറങ്ങിയ മിഴിനീരിൽ ആ മൺതരികൾ പിന്നെയും നനഞ്ഞു... ആ നിമിഷങ്ങളിൽ എത്രയോ കാര്യങ്ങൾ അവർ അന്യോന്യം കൈമാറിയിട്ടുണ്ടാവാം... എന്തു മാത്രം മനഃശാന്തിയും ആത്മധൈര്യവും ഒരു വൈദ്യുതിധാരപോലെ ആ കൂമ്പാരത്തിനുള്ളിൽനിന്ന് അവളിലേക്കു പ്രവഹിച്ചിട്ടുണ്ടാവാം...



കൊഴിഞ്ഞ കിനാവുകൾ പോലെ ചിതറിവീണുകിടന്ന വാടിയ പൂക്കളെടുത്തുമാറ്റി പുത്തൻപ്രതീക്ഷകളുടെ പുഷ്പദളങ്ങൾ ഓരോന്നായി എടുത്തുവച്ച്, പകുതി കത്തിപ്പൊലിഞ്ഞ മെഴുതിരി നാമ്പുകളിൽ പുതുനാളങ്ങൾ തെളിച്ച്, തന്റെ കുഞ്ഞുങ്ങളുടെ കൈപിടിച്ച് ആ കല്പടവുകൾ മെല്ലെയിറങ്ങി... മനസ്സിലെ മരപ്പൊത്തിനുള്ളിൽ കിളിയുറങ്ങാത്ത ഒരു ചുള്ളിക്കൂടുമായ്...

നമ്മുടെ പ്രിയപ്പെട്ടവർ മൺമറഞ്ഞുപോയെങ്കിലും, മധുരസ്മരണകളുടെ മൺകൂരയ്ക്കുള്ളിൽ അവരോരോരുത്തരും മരണമറിയാതെ മിഴിതുറന്നിരിപ്പുണ്ട്! മണ്ണിൽനിന്നു മനസ്സിലേക്കാണ് അവരെല്ലാവരും പറിച്ചുനാട്ടപ്പെട്ടിട്ടുള്ളത്. പിതൃലാളനം പാതി തന്നു പിരിഞ്ഞുപോയവർ, മാതൃസ്നേഹവും മാറിലെ ചൂടും മതിവരുവോളം നല്കാതെ വിടവാങ്ങിയവർ, വളർച്ചയുടെ വഴികളിൽ തണലും തണുജലവും തന്ന കൂടപ്പിറപ്പുകൾ, സൗഹൃദക്കൂട്ടിൽനിന്നു സമ്മതംപോലും ചോദിക്കാതെ ചിറകടിച്ചു പറന്നകന്ന ചങ്ങാതിപ്പറവകൾ, കരംകോർത്തു നടന്ന കളിക്കൂട്ടുകാർ, മാങ്കനിപോലെ മോഹിച്ചു പോറ്റിയ മക്കൾ, കൂടെത്തുഴഞ്ഞിരുന്ന ജീവിതപങ്കാളി, അക്ഷരാക്കങ്ങളുടെ തേൻതുള്ളികളിൽ അറിവിന്റെ പൊന്ന് അരച്ചുചാലിച്ചുതന്ന അധ്യാപകർ... അങ്ങനെ, കുറെക്കാലം കൂടിയെങ്കിലും കൺവെട്ടത്തുണ്ടായിരിക്കണമെന്ന് ആശിച്ച അവരുടെയൊക്കെ നിര അന്തമില്ലാതെ നീണ്ടുപോകുന്നുണ്ട്. മരണത്തിന്റെ മരവിപ്പിക്കുന്ന വിരൽത്തുമ്പുപിടിച്ച് അവരൊക്കെ അകന്നുപോയി.

**അനശ്വരതയിലുള്ള ഉയിർപ്പു സാധ്യമാകണമെങ്കിൽ നശ്വരതയിൽ വിതയ്ക്കപ്പെട്ട് അഴുകിത്തീരേണ്ടത് അനിവാര്യമാണ് (1 കൊറി. 15:42). ഭൗമികമായത് കരിഞ്ഞുണങ്ങുമ്പോഴാണ് സ്വർഗീയമായത് നാമ്പെടുക്കുന്നത്. മാനുഷികമായത് അസ്തമിക്കുമ്പോഴാണ് ദൈവികമായത് ഉദയം ചെയ്യുന്നത്. ശാരീരികമായതു മരിക്കുമ്പോഴാണ് ആത്മീയമായതു പിറവിയെടുക്കുന്നത്.**


പ്രാർത്ഥനകളും പരിഹാരബലികളുമായി അവരെ അടക്കിയ ഇടങ്ങളിലേക്കു പ്രവേശിക്കുമ്പോൾ ഓർക്കാം: ശ്മശാനം മൂകമല്ല; മറിച്ച്, ശബ്ദമുഖരിതമാണ്. 'ശ്മശാനമൂകത'യെന്ന ഭാഷാപ്രയോഗത്തിനുതന്നെ തെല്ലും പ്രസക്തിയില്ല. കാരണം, ഉറ്റവരുടെ ഉറക്കസ്ഥലമാണെങ്കിലും അവിടുത്തെ അന്തരീക്ഷം തീർത്തും സ്വരനിബിഡമാണ്. വേർപാടിന്റെ വേദനക്കാറ്റും കദനങ്ങളുടെ കടൽത്തിരകളും അവിടെ അടങ്ങാതെ ആർത്തിരമ്പുന്നുണ്ട് മുഴുമിപ്പിക്കാതെപോയ മുത്തശ്ശിക്കഥകളും, മുത്തച്ഛൻ ബാക്കിവച്ച പഴഞ്ചൊൽപാഠങ്ങളും, പറഞ്ഞുതീർക്കാൻ കഴിയാതെപോയ പിതാവിന്റെ സ്നേഹശാസനങ്ങളും, പാടിയവസാനിപ്പിക്കാൻ ആവാതെപോയ പെറ്റമ്മയുടെ താരാട്ടുപാട്ടും വീണ്ടും കേൾക്കാൻ കൊതിക്കുന്ന പിഞ്ചുകളുടെ കൊഞ്ചലുകളും സഹോദരങ്ങളുടെയും സുഹൃത്തുക്കളുടെയും സദുപദേശങ്ങളും പ്രേമഭാജനങ്ങളുടെ മധുരഭാഷണങ്ങളും, താലിചാർത്തിയവർക്കേകിയ തലയണമന്ത്രങ്ങളും ഗുരുമൊഴികളുമൊക്കെ സ്വരതരംഗങ്ങളായി അവിടെ അലയടിക്കുന്നുണ്ട്. അവരുടെയൊക്കെ ശ്വാസനിശ്വാസങ്ങളും, നെടുവീർപ്പുകളും, ചിരിയുടെ ചിലങ്കനാദവും, വിതുമ്പലുകളുടെ വിഷാദരാഗങ്ങളും ആ നാലുകെട്ടിനുള്ളിൽ നിറഞ്ഞുനില്പ്പുണ്ട്. കണ്ണുകൾ പൂട്ടി കാതൊന്നു കൂർപ്പിച്ചാൽ കർണപുടങ്ങളിൽ അവയൊക്കെ കണിശമായും കേൾക്കാം.

അവിടെ നില്ക്കുമ്പോൾ ക്രിസ്ത്യാനികളായ നമ്മുടെയൊക്കെ കവിൾത്തടത്തിലെ കണ്ണീരിന്റെ നനവ് താനേ നീങ്ങണം. മരണത്തെ മറികടന്ന് ഉത്ഥിതനായ കർത്താവിൽ വിശ്വസിക്കുന്നവരെ സംബന്ധിച്ചിടത്തോളം ശാരീരികമായ മരണം ശാശ്വതമായ അന്ത്യമല്ല, പുതുജീവിതത്തിന്റെ ആരംഭമാണ്, മോക്ഷനാട്ടിലേക്കുള്ള ചുവടുവയ്പ്പാണ്. കർത്താവിനെ മുഖാഭിമുഖം കണ്ടുകൊണ്ട് (1 കൊറി. 13:12), അഗ്നിമയന്മാരും അശരീരികളുമായ ആകാശവാസികളെപ്പോലെ അവിടുത്തോടുകൂടെ ആയിരിക്കുന്നതിനുള്ള (2 തെസ. 4:17) അസുലഭഭാഗ്യമാണ് ആത്മാക്കൾക്കു സംലഭ്യമാകുന്നത്. ശരീരവും ശ്വാസവും സമ്മാനിച്ച സ്രഷ്ടാവിനെ നേർക്കുനേർ ദർശിക്കുക എന്നതുതന്നെയല്ലേ സൃഷ്ടികളുടെ ജീവിതസായുജ്യവും? അത്തരമൊരു മഹത്ത്വത്തിലേക്കാണ് ദയാനിധിയായ ദൈവം മരിച്ചവരെ കരംപിടിച്ചുയർത്തുന്നത് (യോഹ. 5:21). അക്കാരണത്താൽത്തന്നെ കർത്താവിൽ നിദ്രപ്രാപിക്കുന്നവർ അനുഗൃഹീതരാണ് (വെളി. 14:13) പുനരുത്ഥാനവും ജീവനുമായ (യോഹ. 11:25) അവനോടുകൂടെ മരണം പ്രാപിക്കുന്നവർ അവനോടുകൂടെ ജീവിക്കുകയും ചെയ്യുന്നു (2 തിമോ. 2:11). ആകയാൽ, മൺമറഞ്ഞവരെപ്രതി മനം നുറുങ്ങേണ്ട കാര്യമില്ല. അനശ്വരതയിലുള്ള ഉയിർപ്പു സാധ്യമാകണമെങ്കിൽ നശ്വരതയിൽ വിതയ്ക്കപ്പെട്ട് അഴുകിത്തീരേണ്ടത് അനിവാര്യമാണ് (1 കൊറി. 15:42). ഭൗമികമായത് കരിഞ്ഞുണങ്ങുമ്പോഴാണ് സ്വർഗീയമായത് നാമ്പെടുക്കുന്നത്. മാനുഷികമായത് അസ്തമിക്കുമ്പോഴാണ് ദൈവികമായത് ഉദയം ചെയ്യുന്നത്. ശാരീരികമായതു മരിക്കുമ്പോഴാണ് ആത്മീയമായതു പിറവിയെടുക്കുന്നത്.

പരേതരുടെ ആത്മാക്കളെ ആദരവോടെ അനുസ്മരിക്കുമ്പോൾ നമ്മുടെ ഹൃദയത്തിൽ സംഗ്രഹിക്കുവാൻ ഒരുപിടി ബോധ്യങ്ങൾകൂടി ബാക്കിവയ്ക്കാം. ഒരിക്കൽ നാമും മരിച്ചു മണ്ണടിയേണ്ടവരാണ്. നമ്മിലെ ജീവന്റെ രത്നച്ചെപ്പിനെ അപഹരിച്ചെടുക്കാൻ അനുയോജ്യമായ അവസരം നോക്കി അരികിലോ അകലെയോ മരണം ഒരു മോഷ്ടാവിനെപ്പോലെ ഒളിച്ചിരിപ്പുണ്ട്. മരണമണിയിൽ മുഴങ്ങിക്കേൾക്കുന്നത് മരിച്ചവർക്കുവേണ്ടിയുള്ള വിലാപഗീതമല്ല; മറിച്ച്, മരണത്തോടടുക്കുന്ന നമുക്കുവേണ്ടിയുള്ള താക്കീതുതന്നെയാണ്. മൃതിയെത്തും മുമ്പേ ചിന്തകളും ചെയ്തികളും ചന്തമുള്ളവയാക്കി ആയുസിന്റെ ശിഷ്ടനാളുകളെ നിർമലവും നന്മപൂരിതവുമാക്കി മാറ്റണമെന്നുള്ള മുന്നറിയിപ്പ് അതിലുടനീളം മാറ്റൊലിക്കൊള്ളുന്നു.

■

സിനിമ



ആൻസി സാജൻ

# കണക്കുകൂട്ടലുകളുമായെത്തിയ കുറുപ്പ്

**കേ**രള പോലീസിന്റെ കുറ്റാന്വേഷണ ചരിത്രത്തിൽ ലോങ് പെൻഡിങ്ങായി നീക്കിവയ്ക്കപ്പെട്ടതാണ് സുകുമാരക്കുറുപ്പ് പ്രതിസ്ഥാനത്തുള്ള ചാക്കോ വധക്കേസ്. കുറുപ്പ് മരിച്ചോ ജീവിക്കുന്നുണ്ടോ എന്ന് ഇനിയും തീർച്ചപ്പെടുത്താനാവാത്ത നാണക്കേടിന്റെ ഏട് വീണ്ടും ചർച്ചകളിൽ നിറയ്ക്കുന്ന ചലച്ചിത്രമാണ് ദുൽഖർ സൽമാൻ സുകുമാരക്കുറുപ്പായെത്തുന്ന 'കുറുപ്പ്'.

സുകുമാരക്കുറുപ്പ് എന്ന പിടികിട്ടാപ്പുള്ളിയുടെ കുപ്രസിദ്ധ ചരിത്രമറിയുന്ന കേരളക്കര ദുൽഖറിന്റെ കുറുപ്പും ചർച്ചയാക്കുന്നത് സ്വാഭാവികം. സിനിമയുടെ അണിയറപ്രവർത്തകരും ഉറ്റുനോക്കുന്നത് ഈ ചർച്ചകളും കഥകളും എത്രത്തോളം വളർന്നുപോകുന്നുവെന്നായിരിക്കും. 37 വർഷമായി മലയാളിമനസ്സിനെ ഭാരപ്പെടുത്തുന്ന നിഗൂഢതയാണ്, കുത്സിതനും കുതന്ത്രനും വിപരീതബുദ്ധിയുടെ കുറുകുറുക്കനുമാണ് (പുപ്പുലി എന്നു പറയുംപോലെ) സുകുമാരക്കുറുപ്പ് എന്ന കുറ്റവാളി. ഇൻഷുറൻസ് തുക നേടി സുഖിമാനായി ജീവിക്കാൻ അയാളൊരുക്കിയ കെണിയിൽപ്പെട്ട് ജീവൻ വെടിഞ്ഞ ഫിലിം റെപ്രസന്റേറ്റീവ് ചാക്കോ എന്ന പാവപ്പെട്ട മനുഷ്യനെ ഏവരും മറന്നെന്നിരിക്കും (കെണി എന്നു പേരുള്ള മമ്മൂട്ടിച്ചിത്രമായിരുന്നു ചാക്കോയുടെ കൈയിലെ ഫിലിം പെട്ടിയിൽ എന്നു പറയപ്പെടുന്നു). എന്നാൽ, മായാവിക്കഥപോലെ നമ്മെ വട്ടം കറക്കി വിലസുന്ന ഓർമയാണ് കുറുപ്പിന്റേത്. അക്കാരണത്താൽത്തന്നെ, യഥാർത്ഥ കുറ്റകൃത്യത്തിന്റെ അന്വേഷണാത്മക ത്രില്ലർ എന്ന് ഈ ദുൽഖർ സിനിമയെ വിശേഷിപ്പിക്കാം.

'കുഞ്ഞിക്ക' എന്ന് ആരാധകർ വിളിക്കുന്ന ദുൽഖറിന്റെ ആദ്യചിത്രമായ 'സെക്കന്റ് ഷോ'യുടെ സംവിധായകൻ ശ്രീനാഥ് രാജേന്ദ്രനാണ് കുറുപ്പിനെയും അണിയിച്ചൊരുക്കിയത്. ഊഹാപോഹങ്ങളും ഉപകഥകളും നിറഞ്ഞ സുകുമാരക്കുറുപ്പുചരിതം, ക്രൈം നടന്ന അന്നുമുതൽ നാട്ടിൽ പ്രചാരത്തിലുണ്ട്. സിനിമ റിലീസ് ആയപ്പോഴും കുറുപ്പെന്ന അവതാരത്തിന്റെ മിസ്റ്റിക് സ്റ്റോറീസ് തുടരുന്നു. ഇതൊക്കെ ഉള്ളിലിട്ടു കൊറിച്ചുകൊണ്ട് പടം കാണാനെത്തുന്നവരെ ഇരുത്തി ബോധ്യപ്പെടുത്തേണ്ട ബാധ്യതയും സംവിധായകന്റെ ചുമലിലുണ്ട്. ആ കഥകൾക്കും പോലീസ് ഭാഷ്യങ്ങൾക്കും ഉള്ളിൽനിന്നുകൊണ്ടുതന്നെയാണ് സിനിമ വളരുന്നത്. പ്രേക്ഷകരെ ബോധ്യപ്പെടുത്തുന്നതിൽ സംവിധായകൻ വിജയിച്ചു എന്നുപറയാം.

കുറുപ്പുകേസിനു പുറകേ ഏറെക്കാലം അന്വേഷണവുമായി നടന്ന കൃഷ്ണദാസ് എന്ന പോലീസ് ഓഫീസറുടെ റിട്ടയർമെന്റ് പാർട്ടിയിലാണ് സിനിമയുടെ തുടക്കം. ഓർമകളിലൂടെ, ഡയറിക്കുറിപ്പുകളിലൂടെ പത്രവാർത്തകളിലൂടെ, പിന്നെ പലരുടെയും ചിന്തകളിലൂടെയാണ് കുറുപ്പിനെ വരച്ചുകാട്ടുന്നത്. ഇതെല്ലാം ചേരുമ്പോൾ ഇയാൾ ആരായിരുന്നു എന്ന ചോദ്യത്തിനുത്തരമായി. യഥാർത്ഥ സംഭവവുമായി കഥയെ ഒത്തുചേർത്തുകൊണ്ടുപോവുകയാണ് സംവിധായകൻ. കുറുപ്പ് തികഞ്ഞ ഒരു ക്രിമിനലായതെങ്ങനെയെന്നും പ്രേക്ഷകനു പിടികിട്ടുന്നുണ്ട്. പോലീസിന്റെ അന്വേഷണം പോകുന്ന വഴിയിലൂടെ സിനിമാസ്വാദകനും സഞ്ചരിക്കുന്നു. കുറുപ്പിന്റെ സഹജമായ ക്രിമിനൽ മനസ്സും സാഹസികതയും പകരാൻ ദുൽഖർ പരിശ്രമിച്ചത് ചിത്രത്തിനു നേട്ടമാണ്. പോലീസ് ഓഫീസർ കൃഷ്ണദാസായി വരുന്ന ഇന്ദ്രജിത്തും ഷൈൻ ടോം ചാക്കോയുടെ പിള്ളയും ശ്രദ്ധേയമായി. ശോഭിത ധുലി പാല (മൂത്തോനിലെ നായിക) കുറുപ്പിന്റെ ഭാര്യയായെത്തുന്നു. വിജയരാഘവൻ, സണ്ണി വെയ്ൻ, സുരഭി




ലക്ഷ്മി, ബാലചന്ദ്രൻ തുടങ്ങിയ താരനിര ചിത്രത്തിൽ അണിനിരക്കുന്നു.

സുകുമാരക്കുറുപ്പുസംഭവത്തിനു ശേഷം ഏറെ വൈകാതെയിറങ്ങിയ കുറുപ്പുസിനിമയാണ് സാജ് പിക്ചേഴ്സിന്റെ NH.47 (1984). ടി.ജി. രവിയാണതിൽ കുറുപ്പായി വരുന്നത്. സുകുമാരനായിരുന്നു അന്ന് ചാക്കോ ആയത്. ആ സിനിമയുടെ തുടക്കത്തിൽ 'ഇതൊരു സാങ്കല്പിക കഥ'യാണെന്ന് എഴുതിക്കാട്ടുന്നുണ്ട്. പാപ്പനംകോട് ലക്ഷ്മണന്റെ തിരക്കഥയിലൂടെയാണ് NH 47 നീണ്ടുപോകുന്നത്. തിരശ്ശീലയിൽ, നിങ്ങളുടെ ഇഷ്ടതാരങ്ങൾ എന്നെഴുതിക്കാട്ടുന്ന ഈ ചിത്രത്തിന്റെ സംവിധാനം, ലിസപോലുള്ള ഭയാനക പ്രേതസിനിമകൾവഴി പ്രശസ്തനായ ബേബി ആയിരുന്നു. അന്ന് അത്രയൊന്നും ഹിറ്റാകാതിരുന്ന ആ ചിത്രമിപ്പോൾ ആസ്വാദകർ യൂട്യൂബിൽ കാണുന്നുണ്ട് എന്നതും കൗതുകംതന്നെ. അടൂർ ഗോപാലകൃഷ്ണന്റെ 'പിന്നെയും' സുകുമാരക്കുറുപ്പിന്റെ കഥയാണ്. ഫിലിം ഫെസ്റ്റിവലുകളിൽ എത്തിനോട്ടം നടത്തിയെങ്കിലും ജനം കാണാത്ത സിനിമയായിരുന്നു അത്.

പുതിയ 'കുറുപ്പി'ന്റെ നിർമാതാവായിരുന്നിട്ടും OTT വഴിയുള്ള സാമ്പത്തിക സുരക്ഷ നോക്കാതെ തിയേറ്ററിൽ പടമെത്തിച്ച ദുൽഖറിന് അഭിനന്ദനം പറയുന്നുണ്ട് സിനിമാലോകം. തിയേറ്ററിൽ കുറച്ചു ദിവസം പടമോടിയാൽ മുകൾത്തട്ടു മുതൽ കടലക്കച്ചവടക്കാരനും ബ്ലാക്കിൽ ടിക്കറ്റ് വിൽക്കുന്നവനുംവരെ വരുമാനമുണ്ടാവുമെന്നു വലിയ നിലയിൽ ആശ്വസിക്കുന്ന സമയമാണിത്. ഒത്തിരിപ്പേരുടെ അധ്വാനവും ശ്രമവുമുണ്ട് സ്ക്രീനിൽ തെളിയുന്ന ഓരോ സിനിമയ്ക്കു പിന്നിലും. ഗ്യാരണ്ടിയുള്ള അഭിനേതാക്കളും മറ്റു സന്നാഹങ്ങളുമായെത്തുന്ന സിനിമകൾ തിയേറ്റർവഴി ഇപ്പോൾ ജനം കാണുമ്പോൾ അതും ഒരു ഗുണമാണ്.

ഏതായാലും, ഈ അനിശ്ചിതകാലഘട്ടത്തിലെത്തുന്ന സിനിമകളിൽ ചരിത്രപ്രാധാന്യമുള്ള ബ്രഹ്മാണ്ഡചിത്രങ്ങളും വലിയ അളവിൽ കാശിറക്കി സമൂലക്കൂട്ടുകളോടെയെത്തിയ സുകുമാരക്കുറുപ്പ് 'ചരിത്രാഖ്യായിക'യുമൊക്കെ സിനിമാവ്യവസായത്തെ സംരക്ഷിച്ചു നിർത്തുമെങ്കിൽ അതും ഒരു നന്മയാണ്.

37 വർഷമായി കേരളത്തിലെ പോലീസിനെ വട്ടം കറക്കുന്ന ഒരു കുറ്റവാളി, മരിച്ചാലും ജീവിച്ചിരുന്നാലും ജനങ്ങൾക്കിടയിൽ വീണ്ടും ഉത്ഥാനം ചെയ്തിരിക്കുകയാണിപ്പോൾ. കഥകളും ഉപകഥകളുമായി കുറുപ്പുചരിതം നാട്ടാരുടെ ഗൗരവപ്പെട്ട ചർച്ചകളിലും കൊച്ചുവർത്താനങ്ങളിലും നിറയുന്നു. മാധ്യമങ്ങൾക്കും എഴുതാനും പറയാനും ഏറെക്കിട്ടി. എവിടെയൊക്കെയോ കുറുപ്പുണ്ടായിരുന്നു അല്ലെങ്കിൽ എന്നോ മരിച്ചു, അങ്ങനെ ഭാവനകളെത്ര. സിനിമ കാണാൻ എന്തായാലും കുറുപ്പെത്തും അല്ലെങ്കിൽ അയാൾ വന്നു സിനിമ കണ്ടുകഴിഞ്ഞു. അങ്ങനെ കഥകളെത്രയാണു തകർത്തോടുന്നത്!

നാടു മുഴുവൻ ചർച്ചയിൽ മുഴുകാനും മാത്രം പ്രമാദമായൊരു വിഷയം കണ്ടെത്തി സിനിമയാക്കി തിയേറ്ററിലെത്തിച്ച എല്ലാ പിന്നണിബുദ്ധികളും വിജയിച്ചു നിൽക്കുന്നു 'കുറുപ്പി'ന്റെ കാര്യത്തിൽ. നാളുകൾക്കുശേഷം തിയേറ്ററുകളിലുയരുന്ന ആരവങ്ങൾ സിനിമയെ മൊത്തം രക്ഷിച്ചു നിർത്തട്ടെ. ■

## കുറുങ്കവിതകൾ

ജോസ് പോളയ്ക്കൽ

കുറ്റങ്ങൾ കണ്ടാൽ തി[illegible]ാൻ മടിക്കേണ്ടൊ–
[illegible]കിൽ കൃത്യവി[illegible]പമാം;
മുറ്റും വിരോധമോടന്യരിലി[illegible]ത്ത
കുറ്റം ചുമത്തുകിൽ സത്യവിരോധവും.

****

ചുറ്റും നടക്കുന്ന കാര്യങ്ങൾ കേൾക്കവെ
തെറ്റെന്നതിന്മേൽ വിധിപറഞ്ഞീടൊലാ;
തെറ്റാം ചിലപ്പോൾ, പൊരുൾ വേറെയായിടാം,
തെറ്റാവരം നമുക്കില്ലയെന്നോർക്കണം.

****

ചുറ്റിപ്പിണഞ്ഞുകിടക്കും കയർ വിഷം
ചീറ്റുമുരഗമെന്നാദ്യം ഭ്രമിച്ചിടാം;
തെറ്റിദ്ധരിച്ചതാണെന്നറിഞ്ഞാലതി–
ന്നറ്റം പിടിക്കാൻ ഭയക്കുമോ പിന്നെ നാം.

****

മുറ്റത്തെ വൃക്ഷം തരും തണലും മുറ
തെറ്റാതെ കായ്കളും, നന്നാണതൊക്കെയും;
മുറ്റിവളർന്നു പുരമുകളെത്തിയാൽ–
പ്പറ്റില്ല വെട്ടാതപായമുണ്ടായിടാം.

****

ഉറ്റചങ്ങാതി ചമഞ്ഞു നടപ്പവ–
നൊറ്റുകില്ലെന്നങ്ങു തീർത്തും നിനയ്ക്കൊലാ;
കാറ്റനുകൂലമെന്നാകിൽ വിശ്വസ്തനും
മാറ്റം വരാം കളം മാറിച്ചവിട്ടിടാം.

****

ഉറ്റോരുമുണ്ടുടയോരുമുണ്ടെങ്കിലു–
മൊറ്റപ്പെടുന്നോരനേകരുണ്ടൂഴിയിൽ;
മറ്റൊന്നുമല്ലവൻ നിർമായ സ്നേഹമാ–
ണേറ്റം കൊതിപ്പ,താർജിക്കാതെ പോവതും.

RNI No : 16998/68
Vol. 54 No. 34 Date of Publication 18 November 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)


Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

- പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.
- സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.
- പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും



**Royal Industries**
Near St Antony's Abbot Church,
Elamthottam, Pala, Pin 686651
907 264 7007
907 264 7008




## ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2008 Certified Company

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

KTS PRODUCTS

www.tastitcoconutoil.com
E-mail: kunneloilmils@yahoo.com
Customer Care No: 04822262835

916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



## മൂഴയിൽ ജൂവലറി

മെയിൻ റോഡ്, പാലാ,
Phone: 212498 , 211028

സഹോദരസ്ഥാപനം:

## മൂഴയിൽ ബാങ്കേഴ്സ്

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ.
ഫോൺ: 212269

100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ

## കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ

KOTTATHIL AYURVEDIC CENTRE



ചപ്പാത്ത് അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org